● വാർഷിക വരിസംഖ്യ: ₹60

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2026 ● സെപ്റ്റംബർ - ഒക്ടോബർ ● പുസ്തകം: 09 ● ലക്കം: 05 ● RNI Regn No: KERMAL/2017/73545




## കൃഷിയാണ് ഭാവി!

കാർഷിക മേഖലയുടെ പ്രതിസന്ധിക്ക് പരിഹാരം നമ്മുടെ കയ്യിൽത്തന്നെ"

വിലയിടിവും വിപണിയില്ലായ്മയും വന്യമൃഗശല്യവും പ്രകൃതിദുരന്തങ്ങളും തൊഴിലാളിക്ഷാമവും... മലബാറിലെ കുടിയേറ്റ കർഷക സമൂഹം നേരിടുന്ന പ്രതിസന്ധികൾ ചെറുതല്ല. പുതുതലമുറ കൃഷിയിൽ നിന്ന് അകലുമ്പോൾ, നമ്മുടെ ഭക്ഷ്യസുരക്ഷ തന്നെ ചോദ്യചിഹ്നമാകുമോ?

കൃഷിയെ അതിജീവനത്തിൽനിന്ന് ലാഭകരമായ സംരംഭമാക്കി മാറ്റാൻ എന്തു ചെയ്യണം? വിദഗ്ധരുടെ കാഴ്ചപ്പാടുകളും പരിഹാരനിർദ്ദേശങ്ങളും

## ചെറിയ തുടക്കം, വലിയ സ്വപ്നങ്ങൾ














## എഡിറ്റോറിയൽ

● പുസ്തകം: 9 ● ലക്കം: 5

# കാർഷിക പുനരുജ്ജീവനത്തിലേക്ക്

മലബാർ കുടിയേറ്റ കാലഘട്ടം മുതൽ ഇന്നോളം കാർഷിക മേഖലയിൽ കുടിയേറ്റ ജനത നേരിട്ട വെല്ലുവിളികളും കാർഷികവൃത്തി ലാഭകരമാക്കാൻ എന്തു ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ചുള്ള വിദഗ്ധരുടെ വിചിന്തനങ്ങളും നിർദ്ദേശങ്ങളുമാണ് ഈ ലക്കം മലബാർ വിഷനിൽ ചർച്ച ചെയ്യുന്നത്. വരുംതലമുറയുടെ ഗതി നിർണ്ണയിക്കാനും നിയന്ത്രിക്കാനും ഉത്തരവാദിത്തപ്പെട്ട ജെൻസി തലമുറയാകട്ടെ കാർഷികവൃത്തിയിൽ നിന്നും കാർഷിക വ്യവസായ സംരഭങ്ങളിൽ നിന്നും പിൻമാറുകയാണ്. ഇതിനുള്ള കാരണങ്ങൾ വ്യത്യസ്തങ്ങളാണ്. പ്രധാനമായും ഭക്ഷ്യവിളകളുടെയും നാണ്യവിളകളുടെയും വിലയിടിവും വിപണി ഇല്ലായ്മയുമാണ്. അതോടൊപ്പം വന്യമൃഗശല്യം, പ്രകൃതി ദുരന്തങ്ങൾ, കർഷക സമൂഹത്തോടുള്ള സർക്കാരുകളുടെ ഉദാസീനത തുടങ്ങിയവയും കാരണമാണ്. കാർഷിക മേഖലയെ അപേക്ഷിച്ച് കൂടുതൽ സുരക്ഷിതത്വം മറ്റു മേഖലകളിലാണ്. അതിനാൽ പുതുതലമുറ ധനസമ്പാദനത്തിനായി വിദേശരാജ്യങ്ങളിലേക്ക് ചേക്കേറുകയാണ്. ഒരർത്ഥത്തിൽ അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിന്റെ കാർഷികരംഗം ഒഴികെ എല്ലാ മേഖലകളിലും മേൽക്കോയ്മ സ്ഥാപിച്ചു തുടങ്ങി. കാർഷിക മേഖലകളിൽ പ്രാവീണ്യമുള്ള തൊഴിലാളികളുടെ അപര്യാപ്തത ഈ മേഖലയെ വലിയ പ്രതിസന്ധിയിലാക്കി.

മലയാളികൾ വിദേശരാജ്യങ്ങളിൽപ്പോയി അധ്വാനിച്ചുണ്ടാക്കുന്ന സമ്പത്തിന്റെ സിംഹഭാഗവും അയൽസംസ്ഥാനങ്ങളിലേക്ക് ഒഴുകുകയാണ്. മലയാളികൾ കാർഷികവൃത്തിയിൽ നിന്നകന്നതിന്റെ ഫലമായി ഭക്ഷ്യവസ്തുക്കൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലാണ് കേരളീയ സമൂഹം. അവിടങ്ങളിൽ നിന്നു വരുന്ന വിഷലിപ്തമായ ഭക്ഷ്യവസ്തുക്കൾ നമ്മുടെ സമൂഹത്തിൽ മാരകമായ രോഗങ്ങൾ വരുത്തിവയ്ക്കുന്നു.

തന്നിമിത്തം കേരളത്തിലെ ഏറ്റവും ലാഭകരമായ വ്യവസായങ്ങളിലൊന്നായി മാറി ആരോഗ്യമേഖല. മറ്റൊരു സംസ്ഥാനത്തുമില്ലാത്തതുപോലെ ആശുപത്രികളുടെ എണ്ണം കേരളത്തിൽ വർധിച്ചുവരുകയാണ്. അശാസ്ത്രീയവും നിയമവിരുദ്ധവുമായ നിർമ്മാണ പ്രവൃത്തികൾ കേരളത്തിൽ എല്ലാ വർഷവും രൂക്ഷമായ വെള്ളപ്പൊക്കത്തിനും മണ്ണിടിച്ചിലിനുമൊക്കെ കാരണമാകുന്നു. ഭരണനേതൃത്വം ക്വാറി മാഫിയകൾക്ക് വഴങ്ങിക്കൊടുത്തതിന്റെ ഫലമായി പുഴയിലെ മണൽവാരൽ സ്തംഭിച്ചു. തൽഫലമായി എക്കലടിഞ്ഞ് പുഴയുടെ ആഴം കുറയുകയും മഴവെള്ളം ഒഴുകിപ്പോകാൻ ഇടമില്ലാതെ പുഴകൾ കരകവിഞ്ഞൊഴുകി വലിയ നാശം വിതയ്ക്കുകയും ചെയ്യുന്നു. ഏക്കറുകണക്കിന് കൃഷിയിടങ്ങൾ നശിക്കുന്നു.

ഇവയൊക്കെ ശാസ്ത്രീയമായി കൈകാര്യം ചെയ്യാൻ കഴിഞ്ഞാൽ മാത്രമേ കാർഷികവൃത്തിയെ സ്വീകരിക്കാൻ പുതുതലമുറ തയ്യാറാക്കൂ.

# ആരോഗ്യമുള്ള മണ്ണും മനുഷ്യരും

## ഇടയശബ്ദം



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

സമൂഹത്തിൽ അവശതയനുഭവിക്കുന്ന ജനവിഭാഗത്തോട് പക്ഷം ചേരാനും അവരുടെ അവകാശ സംരക്ഷണത്തിനായി നിലകൊള്ളാനും സഭ ശ്രദ്ധിച്ചിരുന്നു. സഭയുടെ സാമൂഹിക പ്രബോധനങ്ങളിൽ കാർഷിക വൃത്തിയേയും കാർഷിക വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുവാനുള്ള പ്രബോധനങ്ങളാണ് സഭ നൽകുന്നത്.

സഭയുടെ കാർഷിക സിദ്ധാന്തങ്ങളുടെയും കർഷക ആഭിമുഖ്യത്തിന്റെയും അടിസ്ഥാനം വിശുദ്ധ ഗ്രന്ഥമാണ്. മനുഷ്യോത്പ്പത്തിയുടെ തുടക്കം കുറിക്കുന്നത്, എല്ലാത്തരം ഹരിത സസ്യങ്ങളും ധാന്യച്ചെടികളും വിത്തുള്ള ഫലങ്ങൾ കായ്ക്കുന്ന വൃക്ഷങ്ങളുംകൊണ്ട് ഫലസമ്പുഷ്ടമായ ഏദൻ തോട്ടത്തിലാണ് (ഉൽപ. 1:11). മനുഷ്യന്റെ അടിസ്ഥാന ആവശ്യമായ ആഹാരത്തിന് വേണ്ടിയാണ് ദൈവം ഇപ്രകാരം ഒരു സൃഷ്ടിനടത്തിയത് (ഉൽപ.1–29). സൃഷ്ടിയുടെ ഒടുവിൽ ദൈവം മനുഷ്യനെ സൃഷ്ടിക്കുകയും ഫലഭൂയിഷ്ടമായ ഭൂമിയിൽ കൃഷി ചെയ്യാനും അതിനെ സംരക്ഷിക്കാനുമുള്ള അധികാരം അവന് നൽകുകയും ചെയ്തു (ഉൽപ.2–15).

ലോകമെമ്പാടുമുള്ള മനുഷ്യരുടെ നിലനിൽപിന് അത്യന്താപേക്ഷിതമാണ് വിഷരഹിതമായ ഭക്ഷ്യവസ്തുക്കൾ. അവയുടെ അപര്യാപ്തതയാണ് നാമിന്ന് അനുഭവിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി. കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവും വന്യമൃഗശല്യവും തൊഴിലാളികളുടെ അപര്യാപ്തതയുമെല്ലാം കാർഷിക സംസ്കാരത്തിൽ നിന്നകലാൻ മനുഷ്യനെ നിർബന്ധിതനാക്കുന്നു.

കാർഷിക മേഖലയിൽ സ്വയം പര്യാപ്തത നേടാത്തതിനാൽ പ്രളയകാലത്തും കോവിഡ് കാലത്തും വിലക്കയറ്റ നാളുകളിലും ഭക്ഷ്യവസ്തുക്കൾക്കായി കേരള ജനത അനുഭവിച്ച ക്ലേശം ചെറുതല്ല.

കേരളീയ കാർഷിക സംസ്കൃതിയെ സംരക്ഷിക്കാനും ഭക്ഷ്യോത്പാദന മേഖലയിൽ സ്വയം പര്യാപ്തത നേടാനും തോട്ടഭൂമികളിൽ നടക്കുന്ന വൻകിട കൈയ്യേറ്റങ്ങൾ അവസാനിപ്പിക്കാനും ഉതകുന്ന ശക്തമായ നിയമ നിർമ്മാണം നടത്താൻ സർക്കാരുകൾക്ക് കഴിയണം. കൃഷിയേയും ഫാം ടൂറിസം പോലുള്ള അനുബന്ധ കാർഷിക വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കാൻ ബജറ്റിൽ നിശ്ചിത തുക മാറ്റിവയ്ക്കുകയും അത് കൃത്യമായി വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. കൂടാതെ കാർഷിക സംസ്കാരത്തെ പ്രണയിക്കാൻ പുതുതലമുറയ്ക്ക് പ്രചോദനമാകും വിധം ചെറിയ ക്ലാസുകളിൽ തുടങ്ങി 'കാർഷിക സംസ്കൃതി' പാഠ്യവിഷയമാക്കുകയും വേണം.

അതോടൊപ്പം കാർഷിക മേഖലയിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കാനും കർഷകൻ ഉൽപാദിപ്പിക്കുന്ന വിളകൾക്ക് അർഹിക്കുന്ന വില നൽകി ഏറ്റെടുത്ത് ആവശ്യാനുസരണം മറ്റ് മേഖലകളിൽ വിതരണം ചെയ്യാനും ഗവൺമെന്റുകൾ തയ്യാറാകണം. കൂടാതെ കാർഷിക വിളകൾക്ക് ഇൻഷൂറൻസ് ഏർപ്പെടുത്താനും കർഷക ജനതയ്ക്ക് അർഹമായ പെൻഷൻ പദ്ധതികൾ ഏർപ്പെടുത്താനും ഗവൺമെന്റ് സന്നദ്ധമാകണം.

സാങ്കേതികവിദ്യയുടെ മുന്നേറ്റം കാർഷികമേഖലയിൽ വലിയ ചലനങ്ങൾക്ക് വഴിതെളിച്ചു. ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ച് കാർഷിക സംരംഭങ്ങളെ ലാഭകരമാക്കാനും ആരോഗ്യകരമായ ഒരു ഭക്ഷ്യസംസ്ക്കാരം വളർത്തിയെടുത്ത് വരുംതലമുറയെ മാരക രോഗങ്ങളിൽ നിന്ന് സംരക്ഷിക്കാനും കേരളത്തിന്റെ കാർഷിക സാംസ്ക്കാരിക തനിമ നിലനിർത്താനും നമുക്ക് കഴിയണം.

# അവസരങ്ങൾ പല രൂപത്തിലും ഭാവത്തിലും

## അകം പുറം



**കെ. എഫ്. ജോർജ്**

എസ്എസ്എൽസി ബാച്ചുകാർ 50 വർഷത്തിനു ശേഷം ഒരുമിച്ച വേദി. സ്കൂൾവിട്ട ശേഷം പലരും ആദ്യമായാണ് തമ്മിൽ കാണുന്നത്. കുശലാന്വേഷണങ്ങൾക്കിടയിൽ ഓരോരുത്തർക്കും വന്ന മാറ്റങ്ങളാണ് എല്ലാവരുടെയും ശ്രദ്ധയിൽപ്പെട്ടത്. എല്ലാവരും പ്രതീക്ഷയർപ്പിച്ചിരുന്ന അന്നത്തെ 'പഠിപ്പിസ്റ്റുകളും' കൂടുതൽ മാർക്ക് നേടിയവരും ജീവിതത്തിലും ഔദ്യോഗികരംഗത്തിലും അത്രയ്ക്കങ്ങ് മുന്നേറിയില്ല. എന്നാൽ ശരാശരിക്കാരായി കണക്കാക്കിയവരിൽ പലരും ഉയർന്ന നിലയിലെത്തി. ചിലർ മദ്യത്തിനും അലസതയ്ക്കും ധൂർത്തിനും കീഴടങ്ങി ആരോഗ്യവും ജീവിതവും ഉഴപ്പിക്കളഞ്ഞു.

ഒരേ ക്ലാസ് മുറിയിൽ യാതൊരു അല്ലലും അലട്ടലുമില്ലാതെ കൗമാരം ആസ്വദിച്ചവർ ജീവിതസായാഹ്നത്തിലേക്ക് നീങ്ങുമ്പോൾ വിജയപരാജയങ്ങളുടെ പലതട്ടുകളിലേക്ക് വേർതിരിക്കപ്പെട്ടു. 50 വർഷത്തെ കാലപ്രവാഹത്തിൽ ആയുസ്സിനോടും അവസരങ്ങളോടും ഓരോരുത്തരും സ്വീകരിച്ച സമീപനങ്ങളാണ് എല്ലാവരെയും പല കള്ളികളിലാക്കിയത്.

സത്യത്തിൽ തെരഞ്ഞെടുപ്പുകളാണ് നമ്മൾ ആരാണെന്ന് വെളിപ്പെടുത്തുന്നത്, അല്ലാതെ കഴിവുകളല്ലെന്ന് ഹാരിപോട്ടർ മാന്ത്രികകഥകളിലൂടെ പ്രശസ്തയായ എഴുത്തുകാരി ജെ. കെ. റൗളിങ് പറയുന്നു. ദാരിദ്ര്യത്തെയും ക്ലേശങ്ങളെയും അതിജീവിച്ചാണ് അവർ ലോകമൊട്ടാകെ വായനക്കാരുള്ള എഴുത്തുകാരിയും സാമൂഹിക സേവന പ്രവർത്തകയുമായി വളർന്നത്.

തെരെഞ്ഞെടുക്കാൻ പല അവസരങ്ങളും മുന്നിൽ വരുന്നുണ്ടാകും. അനുഭവിച്ചുകൊണ്ടിരിക്കുന്ന സൗകര്യങ്ങളുടെ ശീതളഛായയിൽ കഴിയുമ്പോൾ ഭാവിയിൽ ഇത് കൈവിട്ടുപോയേക്കാമെന്ന ചെറിയ ആശങ്കപോലും ഉണരില്ല. ഭാവിയിൽ വലിയ പതനത്തിലേക്ക് ഈ മനോഭാവം നയിച്ചേക്കാം.

ഭൂമി കൂടുതലുള്ള ആദ്യ കുടിയേറ്റക്കാരിൽ ചിലർ സാമ്പത്തിക ശേഷി ഉണ്ടായിട്ടും മക്കളെ ഉപരിപഠനത്തിന് വിടുകയോ മറ്റുതൊഴിൽ മേഖലകളിലേക്കു തിരിച്ചുവിടുകയോ ചെയ്തില്ല. കൃഷി എന്നും ഇതുപോലെ വരുമാനം തരുമെന്നു കരുതി. കാർഷികരംഗം അപ്രതീക്ഷിത വെല്ലുവിളികളിലേക്കു വീണപ്പോൾ അവർ തകർച്ചയിലേക്കു നീങ്ങി. ഭൂസ്വത്ത് കുറഞ്ഞവർ മക്കളെ മറ്റു വഴികളിലേക്ക് തിരിച്ചുവിടാൻ ശ്രമിച്ചു. അവരുടെ വീഴ്ച അത്ര ഗുരുതരമായില്ല.




അവസരങ്ങൾ ബഹളമുണ്ടാക്കിയും തമ്പേറു മുഴക്കിയുമല്ല വരിക. അത് അധിക ജോലി എന്ന രൂപത്തിലായിരിക്കും ആദ്യം പ്രത്യക്ഷപ്പെടുക. അവിടേക്കു കടക്കാനുള്ള വാതിലും ചെറുതായിരിക്കാം. അതൊരു വൈദഗ്ധ്യം പഠിപ്പിക്കാൻ ശ്രമിക്കുന്നുവെങ്കിൽ, ഒരു തീരുമാനമെടുക്കാൻ നിർബന്ധിക്കുന്നുവെങ്കിൽ അത് സാധ്യതയാണ്. സ്വീകരിക്കാം.

പ്രതിസന്ധികളാണ് ഉറങ്ങിക്കിടക്കുന്ന കഴിവുകളെ ഉണർത്തുക. പഠിച്ച കൃഷിരീതി തകർച്ച നേരിട്ടപ്പോൾ പുതുവഴികളിലൂടെ മറികടക്കാൻ ശ്രമിക്കുകയും വിജയിക്കുകയും ചെയ്ത ധാരാളം യുവാക്കളുണ്ട്. ആദ്യം ചെറിയ കവാടത്തിലൂടെ ഞെരുങ്ങിയും ക്ലേശങ്ങൾ സഹിച്ചുമാണ് അവർ സ്വപ്നങ്ങൾ സാക്ഷാത്ക്കരിച്ചത്.

നമ്മുടെ ഒരുക്കങ്ങൾ അവസരങ്ങളെ അഭിമുഖീകരിക്കുന്നതിനെ ഭാഗ്യം എന്ന് വിശേഷിപ്പിക്കാമെന്ന് തത്വചിന്തകനായ സെനക്ക പറയുന്നു. അവസരങ്ങളെ തിരിച്ചറിയാനുള്ള വിവേകവും കഴിവും നേടേണ്ടിയിരിക്കുന്നു.

അവസരങ്ങൾ ഉപയോഗിക്കാതെ, വന്നുപെട്ട ദുരവസ്ഥയെക്കുറിച്ച് വിലപിക്കുകയും അതിന്റെ ഉത്തരവാദിത്വം മറ്റുള്ളവരിൽ ആരോപിക്കുകയും ചെയ്യുന്നവരുണ്ട്. ആദ്യം മുതൽ മാറ്റത്തിന് തയ്യാറാകാതെ മസിലുപിടിച്ചിരുന്നതിന്റെ ഫലമാണിതെന്ന തിരിച്ചറിവ് അവർക്കുണ്ടാകുന്നില്ല.

ആകാശത്തിന്റെ ഭാവഭേദങ്ങൾ തിരിച്ചറിയാൻ കഴിയുന്ന നിങ്ങൾക്ക് കാലത്തിന്റെ അടയാളങ്ങളും വ്യാഖ്യാനങ്ങളും തിരിച്ചറിയാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് യേശു ചോദിക്കുന്നു. ആത്മീയ അടയാളങ്ങളെപ്പോലെ ഭൗതിക മാറ്റങ്ങളെയും അറിയാൻ ഉൾക്കണ്ണ് തുറന്നിരിക്കണം.

# കൃഷി വഴിമാറി

**വിളകളിൽ ലാഭമെടുക്കുന്നത് ഇടനിലക്കാരും കച്ചവടക്കാരുമാണ്. സാങ്കേതിക വിദ്യയുടെ ഇക്കാലത്ത് സ്വന്തം ഉൽപന്നം വിപണനം ചെയ്യാൻ ഒരു ബുദ്ധിമുട്ടുമില്ല**

കവർ സ്റ്റോറി

കെ. എഫ്. ജോർജ്



ഇരുപത്തിയഞ്ച് കൊല്ലം മുമ്പ് കൂടുതൽ ഭൂമിയുള്ളവരായിരുന്നു നാട്ടിലെ പ്രമാണിമാർ. ഇന്ന് അവരാണ് കൂടുതൽ പ്രാരാബ്ദക്കാർ. തൊഴിലാളി ക്ഷാമവും വർദ്ധിച്ച കൂലിച്ചെലവും വിള നശിപ്പിക്കുന്ന വന്യമൃഗങ്ങളും കാരണം കൃഷി വരുമാനം കുത്തനെ കുറഞ്ഞു. മറുവഴി തേടി ഈ മണ്ണിന്റെ ഭാവി അവകാശികളായ യുവതലമുറകൾ അന്യനാടുകളിലേക്ക് പലായനം ചെയ്യുന്നു. ഇതെല്ലാം കൊണ്ട് മനസ്സുമടുത്തവർ ഭൂമി വിൽക്കാൻ നോക്കുമ്പോൾ വാങ്ങാൻ ആളില്ലാത്ത അവസ്ഥ.

മലബാർ കുടിയേറ്റത്തിന് നൂറുവയസ്സെന്ന് പറയുമെങ്കിലും കൂടുതലും തോട്ടം ഉടമകളാണ് പ്ലാന്റേഷൻ ലക്ഷ്യം വച്ച് ആദ്യമെത്തിയത്. മലയോരത്തെ ഇന്നുകാണുന്ന വളർച്ചയിലെത്തിച്ച ഇടത്തരക്കാരും സാധാരണക്കാരുമായ കർഷകർ ഈ മണ്ണിൽ എത്തിത്തുടങ്ങിയിട്ട് ഏതാണ്ട് 80 വർഷമായിട്ടുണ്ടാകും. അവർ വിയർപ്പുചിന്തിയുണ്ടാക്കിയ ഐശ്വര്യമാണ് നാലുതലമുറ പിന്നിടുമ്പോൾ അനാഥമായി കാടുകയറിക്കിടക്കുന്നത്.

## കൃഷിക്ക് എന്താണ് സംഭവിച്ചത്?

കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിലും ഇപ്പോഴും എല്ലാ മേഖലകളിലും അതിദ്രുത മാറ്റങ്ങളാണ് വന്നു കൊണ്ടിരിക്കുന്നത്. ചെറിയ കടകൾക്കു പകരം സൂപ്പർമാർക്കറ്റുകളും മാളുകളും നിറഞ്ഞു. ഗതാഗത സൗകര്യം കൂടി. ആധുനിക ജീവിത സൗകര്യങ്ങൾ ഗ്രാമങ്ങളിൽ പോലുമെത്തി. കംപ്യൂട്ടറുകളും നിർമ്മിത ബുദ്ധിയും ഭരിക്കുന്ന കാലത്ത് മാറ്റങ്ങൾക്ക് ഇനിയും വേഗത കൂടും.
കാർഷിക മേഖല അടിമുടി മാറി. പ്ലാന്റേഷൻ രംഗം നഷ്ടത്തിലായി. ഒരു കാലത്ത് പ്രമാണികളായിരുന്ന വൻകിട തോട്ടം ഉടമകൾ പിടിച്ചു നിൽക്കാൻ കഷ്ടപ്പെടുകയാണ്. ഭക്ഷണത്തിനുള്ളത് കൃഷി ചെയ്തു കഴിഞ്ഞാൽ വാണിജ്യ വിളകൾ തന്നെയാണ് ചെറുകിട നാമമാത്ര കർഷകരെയും പിടിച്ചു നിർത്തിയിരുന്നത്. വന്യമൃഗശല്യം തടയാനോ വിളകൾക്ക് ന്യായമായ വില ഉറപ്പാക്കാനോ സർക്കാർ സംവിധാനം പര്യാപ്തമായ നടപടികൾ സ്വീകരിക്കുന്നില്ല.

ചെറിയ വിലയ്ക്ക് ഭൂമി കിട്ടിയെങ്കിലും മലയോര കർഷകരെ ഈ രംഗത്ത് വിജയിപ്പിച്ചതിനു പിന്നിൽ അധ്വാന മനസ്സുള്ള, നല്ല അംഗസംഖ്യയുള്ള കുടുംബങ്ങളായിരുന്നു. എട്ടും പത്തും മക്കളുള്ള കുടുംബത്തിൽ കുട്ടികൾ അടക്കം എല്ലാവർക്കും എന്തെങ്കിലും പണികൾ ഉണ്ടാകും. എല്ലാവരും കൂലി കൊടുക്കേണ്ടാത്ത തൊഴിലാളികൾ. കഠിനമായ, ക്ലേശകരമായ പണികൾക്കു മാത്രമാണ് പുറമേ നിന്നുള്ള തൊഴിലാളികൾ. ഇത് കൃഷിച്ചിലവ് നന്നായി കുറച്ചു. കാർഷിക വരുമാനം കൂട്ടി. മക്കൾ കുറഞ്ഞതോടെ ഈ ആനുകൂല്യം ഇല്ലാതായി. മാത്രമല്ല, ജീവിതച്ചെലവുകൾ ദിനം പ്രതി കൂടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

മാറ്റങ്ങൾ കാർഷിക ഘടനയെ കീഴ്മേൽ മറിച്ചെങ്കിലും കർഷകർ തുടരുന്നത് പരമ്പരാഗതമായി ചെയ്തുകൊണ്ടിരുന്ന ശൈലി തന്നെയാണ്. മാറ്റങ്ങളെ നേരിടാൻ അവർക്ക് സഹായമോ പരിശീലനമോ കിട്ടുന്നില്ല. പക്ഷേ ഈ രംഗത്തെ പൂർണമായി കൈ ഒഴിയാനും പറ്റുന്നില്ല. കാരണം കൃഷി അവരുടെ ഏക ഉപജീവന വഴിയാണ്.

അതിനാൽ പുതിയ സാധ്യതകൾ എന്തെങ്കിലും തെളിഞ്ഞുവരുന്നുണ്ടോ എന്ന് നോക്കാം. ഇതിന് ആദ്യമായി വേണ്ടത് വാണിജ്യമനസ്സ് വളർത്തിയെടുക്കുകയാണ്. വിയർപ്പു ചിന്തി കഷ്ടപ്പെട്ട് ഉണ്ടാക്കിയ വിളകളിൽ ലാഭമെടുക്കുന്നത് ഇടനിലക്കാരും കച്ചവടക്കാരുമാണ്. സാങ്കേതികവിദ്യകൾ വളരെ വികസിച്ച ഇക്കാലത്ത് സ്വന്തം ഉൽപ്പന്നം വിപണനം ചെയ്യാൻ ഒരു ബുദ്ധിമുട്ടുമില്ല.

▸ പേജ് നാലിൽ തുടരുന്നു



# കൃഷി വാണിജ്യ വഴികളിൽ

*കൃഷി, വിപണനം, ഗ്രൂപ്പ് ഫാമിങ്, കാർഷിക ടൂറിസം തുടങ്ങിയ സാധ്യതകളെ പ്രയോജനപ്പെടുത്തി മലയോരത്തെ വീണ്ടും സമൃദ്ധിയുടെ കേന്ദ്രമാക്കാം. നഗരത്തിന് വേണ്ട ഭക്ഷണം മലയോരത്തിന് നൽകാം*

▸ പേജ് മൂന്നിൽ നിന്ന് തുടർച്ച

## ഭക്ഷണ ഉൽപ്പന്നവും വിൽപ്പനയും




മായമില്ലാത്ത, ഗുണമേന്മയുള്ള ഭക്ഷണമാണ് എല്ലാവർക്കും വേണ്ടത്. നഗരത്തിനു ഭക്ഷണം നൽകുന്നവരായി മലയോരത്തിനു മാറാം. പച്ചക്കറികളും മത്സ്യവും മാംസവുമെല്ലാം നഗരവാസികൾക്ക് വേണം. ഇത് ഉൽപ്പാദിപ്പിക്കാനും വിതരണം ചെയ്യാനും കർഷക കൂട്ടായ്മകൾ രൂപമെടുക്കണം. അന്നന്ന് നല്ല ഫ്രഷായി ഉൽപ്പന്നങ്ങൾ നഗരത്തിൽ ഉപഭോക്താവിന് എത്തിക്കാൻ കഴിയും.

കാൽ നൂറ്റാണ്ട് മുമ്പ് ഫാ. ആന്റണി കൊഴുവനാൽ തിരുവമ്പാടി കാർഷിക മുന്നേറ്റത്തിന് നേതൃത്വം നൽകി. ഉൽപ്പന്നങ്ങൾ നഗരത്തിൽ വിറ്റിരുന്നു. തുടർന്ന് കൂടരഞ്ഞി ഇടവക വികാരിയായിരുന്ന ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ 'ഉണർവ്' എന്ന കർഷക കൂട്ടായ്മയിലൂടെ കാർഷിക ഉൽപ്പന്നങ്ങൾ നഗരത്തിലെ ഇടവകകളിൽ വിപണനം നടത്തി. 'കർമസേന' എന്ന പേരിൽ കർഷകരുടെ തൊഴിലാളി കൂട്ടായ്മയ്ക്കും അദ്ദേഹം രൂപം നൽകി.

ഇത്തരം മുന്നേറ്റങ്ങളെ സംഘടിതമായി വളർത്താൻ കഴിഞ്ഞിരുന്നെങ്കിൽ കർഷകർ വലിയ തകർച്ച നേരിടുന്ന ഇക്കാലത്ത് വലിയ പ്രസ്ഥാനമായി വളരുമായിരുന്നു.

## അനുകൂലഘടകങ്ങൾ




എല്ലാവർക്കും നല്ല ഭക്ഷണം വേണം. എന്നാൽ അതു കിട്ടാൻ ബുദ്ധിമുട്ട്. ഇതാണ് കർഷകർക്ക് വിപണി തുറന്നു കൊടുക്കുന്നത്. നഗരത്തിൽ ഹൗസിങ് കോളനികളും ഫ്ളാറ്റുകളും നിറയുന്നു. വാട്സാപ്പും ഗൂഗിൾ പേയുമുള്ള ഇക്കാലത്ത് ഓർഡർ അനുസരിച്ച് സാധനങ്ങൾ എത്തിക്കാനും പണം വാങ്ങാനും എളുപ്പമാണ്. നഗരത്തിൽ നൂറും ഇരുനൂറും വീടുകൾ അടങ്ങുന്ന റസിഡന്റ്സ് അസോസിയേഷനുകളുണ്ട്. അവരുടെ ഭാരവാഹികളുമായി ബന്ധപ്പെട്ട് വിപണനം നടത്താവുന്നതേയുള്ളൂ. നഗരത്തിലെ ഇടവകകളിൽ വിപണന ശൃംഖല ഒരുക്കാം.

## വിപണന വഴികൾ

ചക്ക വേവിക്കാൻ പാകത്തിൽ വൃത്തിയാക്കി എത്തിക്കാൻ പറ്റുമോ എന്ന് ഒരു റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹി ചോദിച്ചത് ഓർക്കുന്നു. ഫ്ളാറ്റിലും ഹൗസിങ് കോളനിയിലും താമസിക്കുന്നവർക്ക് ചക്കവെട്ടിപ്പെറുക്കാൻ ഇടമില്ല. മടലും ചകിണിയുമെല്ലാം കളയാൻ സംവിധാനവുമില്ല. ഇവിടെയാണ് ഒരു മാർക്കറ്റിങ് സാധ്യത.

രാവിലെ ചക്കയിട്ട് ചുളവൃത്തിയാക്കി നഗരത്തിൽ എത്തിച്ചാൽ നല്ല വിലയ്ക്ക് വിൽക്കാം. ആവശ്യക്കാരിൽ നിന്ന് നേരത്തെ ഓർഡർ എടുത്ത്. ഓൺലൈൻ വഴി പണം വാങ്ങി റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ വഴി ഉൽപ്പന്നം എത്തിക്കാം. കിഴങ്ങുവർഗ്ഗങ്ങളോ പഴവർഗ്ഗങ്ങളോ പച്ചക്കറികളോ എന്തും ഇങ്ങനെ സ്ഥിരമായി ഫ്രഷായി കൊടുക്കാൻ സാധിച്ചാൽ ഒരു ബ്രാൻഡ് ഇമേജ് ഉണ്ടാക്കിയെടുക്കാം. ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾക്ക് പ്രീമിയം വില നൽകാൻ ഉപഭോക്താവ് മടി കാണിക്കില്ല. ഇങ്ങനെ ഏത് ഉൽപ്പന്നവും ഓർഡർ പ്രകാരം വിറ്റഴിക്കാം.

### സീനിയർ സിറ്റിസൺ അസിസ്റ്റഡ് ലിവിങ്

മക്കൾ നാടുവിട്ടതോടെ രോഗികളും അവശരുമായ പ്രായംചെന്നവരാണ് പല വീടുകളിലുമുള്ളത്. അവർ ഒന്നിച്ചു താമസിക്കുന്ന രീതി കേരളത്തിൽ പലയിടത്തും വന്നു കഴിഞ്ഞു. ഒരു കുടുംബത്തിന് ഒന്നോ അല്ലെങ്കിൽ രണ്ടോ മുറി മതിയാവും. ഭക്ഷണവും വൈദ്യസഹായവും ശുശ്രൂഷയും കിട്ടും. പരിചരണം വേണ്ട പ്രായത്തിൽ നാലഞ്ചേക്കർ ഭൂമിയിൽ ഒറ്റപ്പെട്ടു കഴിയുന്നതിലും കൂടുതൽ വൈകാരിക താങ്ങും ആശ്വാസവും കിട്ടുന്നത് ഇങ്ങനെയുള്ള കൂട്ടായ പാർപ്പിടത്തിലാണ്.

ഇങ്ങനെ താമസിക്കുന്നവരുടെ ഭൂമിയുടെ പരിചരണവും വിളവെടുപ്പുമെല്ലാം കൂട്ടായി ചെയ്യുവാൻ ഇങ്ങനെയുള്ള കേന്ദ്രത്തിൽ ആരെയെങ്കിലും നിയമിക്കാം. തൊഴിലാളികളെ സംഘടിപ്പിക്കുന്നതും കാര്യങ്ങൾ ചെയ്യുന്നതും അവരിലൂടെയാകാം. ഇവിടെയും ഗ്രൂപ്പ് ഫാമിങ് രീതി അവലംബിക്കാവുന്നതാണ്. താമസം മാറ്റുമ്പോൾ ഒഴിഞ്ഞു കിടക്കുന്ന വീടുകൾ ഹോം സ്റ്റേയാക്കി മാറ്റി വരുമാനമുണ്ടാക്കാം.

പ്രായമായ മാതാപിതാക്കൾ സുരക്ഷിതരായി ഒരു കേന്ദ്രത്തിൽ കഴിയുന്നുണ്ടല്ലോ എന്ന വിചാരം വിദേശത്ത് കുടിയേറിയ മക്കൾക്ക് ആശ്വാസകരമായിരിക്കും.

## മൂല്യവർധിത ഉൽപ്പന്നങ്ങൾ

കാർഷിക മേഖലയിൽ മൂല്യവർധിത ഉൽപ്പന്നങ്ങളുടെ അനന്ത സാധ്യതയാണ് ഒളിഞ്ഞു കിടക്കുന്നത്. ജീവിത സൗകര്യങ്ങളും പണവും കൂടുന്തോറും മൂല്യ വർധിത ഉൽപ്പന്നങ്ങൾക്കുള്ള ആവശ്യക്കാരും കൂടും. വൈവിധ്യമുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന എന്തുമാത്രം ചക്കയാണ് താഴെവീണ് കാട്ടുപന്നിക്ക് ഭക്ഷണമായി പാഴാകുന്നത്. ആഭ്യന്തരമാർക്കറ്റ് മാത്രമല്ല വിദേശ വിപണിയും ലക്ഷ്യം വച്ച് മൂല്യവർധിത ഉൽപ്പന്നങ്ങളുണ്ടാക്കാൻ സാധിക്കണം.

## തുണ്ടുഭൂമിയും ഗ്രൂപ്പ് ഫാമിങ്ങും

ഒന്നും രണ്ടും ഏക്കർ ഭൂമിയിൽ കൃഷി ചെയ്ത് അതുകൊണ്ടു കഴിഞ്ഞു കൂടുന്ന കാർഷിക രീതി കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്. വാണിജ്യവിളകൾ വരുന്നത് വരെ വിശപ്പടക്കാനുള്ള കൃഷി സമ്പ്രദായമായിരുന്നിത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും പുറം നാടുകളിലും ഏക്കർ കണക്കിന് വൻ തോതിലുള്ള കൃഷിസമ്പ്രദായമാണുള്ളത്. കൃഷിച്ചെലവ് കൂടിക്കൊണ്ടിരിക്കുമ്പോൾ തുണ്ടുഭൂമി കൃഷി ലാഭകരമല്ലാതാകും.

ഇവിടെയാണ് ഗ്രൂപ്പ് ഫാമിങ്ങിന്റെ പ്രസക്തി. കേന്ദ്ര സർക്കാർ ഇതിന് ഏറെ സഹായങ്ങളും സബ്സിഡിയും നൽകുന്നു. കുറച്ചു കർഷകർ ഒന്നിച്ച് അവരുടെ ഭൂമി പൂൾ ചെയ്ത് ഗ്രൂപ്പ് ഫാമിങ് നടപ്പാക്കാം. ആ ഭൂമിക്ക് പറ്റിയ കൃഷിയോ പോത്തുവളർത്തലോ, പശുവളർത്തലോ നടത്താം. കാട്ടുമൃഗശല്യം തടയാൻ വേലികൾ സ്ഥാപിക്കാനും സർക്കാർ സഹായം കിട്ടും.

ഇതു നടപ്പാക്കണമെങ്കിൽ അയൽക്കാർ തമ്മിലും ബന്ധുക്കൾ തമ്മിലും സഹകരിക്കാൻ മനസുണ്ടാകണം. യോജിക്കാവുന്നവർ തമ്മിൽ ചേർന്ന് ഇത്തരം പദ്ധതികളെക്കുറിച്ച് ആലോചിക്കാം. ഗതികേടിന്റെ വർത്തമാനകാലത്ത് കൃഷികൊണ്ട് രക്ഷപ്പെടാൻ മറ്റുവഴികൾ വിരളമായിരിക്കും.

ഗ്രൂപ്പ് ഫാമിങ്ങിൽ കൂടുതൽ ഉൽപ്പാദനമുണ്ടാകുന്നതിനാൽ രാജ്യത്തിനകത്തും പുറത്തും നല്ലവിലയ്ക്ക് ഉൽപ്പന്നങ്ങളോ അതിൽ നിന്നുമുള്ള മൂല്യ വർധിത വസ്തുക്കളോ നല്ല വിലയ്ക്ക് വിൽക്കാൻ കഴിയും.

## ഉല്ലാസ വിപണി

മലകയറാനും പുഴയിൽ ഇറങ്ങാനും ദിവസവും ജനക്കൂട്ടം മലയോരങ്ങളിൽ ഒഴികിയെത്തുന്നു. ഹോം സ്റ്റേകൾക്കും ഫാം സ്റ്റേകൾക്കും പുറമേ ചെറിയ തോതിലുള്ള കൃഷി സന്ദർശനം പോലും മാർക്കറ്റ് ചെയ്യാവുന്നതാണ്. സ്കൂൾ കുട്ടികൾക്ക് കൃഷി പരിചയപ്പെടുത്താനും കളിക്കാനും ഭക്ഷണം നൽകാനുമുള്ള ഇടങ്ങൾ ഒരുക്കുന്നതു പോലും പണസമ്പാദനത്തിനുള്ള മാർഗ്ഗമാണ്. നഗരത്തിരക്കിൽ വീർപ്പുമുട്ടി വരുന്നവർക്ക് ഇവിടുത്തെ കൃഷിയും നദികളും ഭക്ഷണവുമെല്ലാം പ്രിയംകരമാണ്. യൂറോപ്പിൽ പ്രചാരത്തിലുള്ള കൃഷിയിട സന്ദർശന രീതി ഇവിടെയും പ്രൊഫഷണലായി നടപ്പാക്കണമെന്നേയുള്ളൂ.

## മിടുക്കരായ കാർഷിക സംരംഭകർ

കാർഷിക മേഖല ഏറെ പ്രതിസന്ധികളിലൂടെ കടന്നു പോകുമ്പോഴും മറുവഴികളിലൂടെ വിജയം നേടി മുന്നോട്ടു പോകുന്ന ഏറെ യുവസംരംഭകർ മലയോരത്തുണ്ട്. അവർ 'സ്മാർട്ട്' കർഷകരാണ്. അവരെ അംഗീകരിക്കുകയും ബഹുമാനിക്കുകയും അവരുടെ പരിചയസമ്പത്ത് പ്രയോജനപ്പെടുത്തുകയും അവരുടെ അറിവ് മറ്റുള്ളവർക്ക് പകരാൻ സംവിധാനമൊരുക്കുകയും വേണം. പുതിയ കാലവും സാധ്യതകളും എല്ലാ കർഷകരിലുമെത്തട്ടെ.

## ക്ഷീണിക്കുന്ന കമ്യൂണിറ്റി

മനസുമടുത്ത കർഷകർ കിട്ടുന്ന വിലയ്ക്ക് ഭൂമി വിറ്റ് രക്ഷപ്പെടാൻ നോക്കുന്നു. നാലു തലമുറയ്ക്കു മുമ്പ് കാരണവന്മാർ കാടുതെളിച്ച് കഷ്ടപ്പെട്ട് ഉണ്ടാക്കിയ ഭൂമി ചുളുവിലയ്ക്ക് മറ്റു ചിലർ അടിച്ചെടുക്കും. അവർ അവരുടെ ലോകം സൃഷ്ടിക്കുന്നതോടെ ഈ സമൂഹം അസ്തിത്വം നഷ്ടപ്പെട്ട് അനാഥരാകും.

എന്തിനും ഒരു തിരിച്ചു വരവുണ്ട്. ഭക്ഷണം എന്നും വേണ്ടതാണല്ലോ? അതിനു ക്ഷാമം വരുമ്പോൾ കൃഷി മറ്റൊരു രീതിയിൽ കുതിച്ചു കയറും. അതിനു പശ്ചാത്തലമായി വേണ്ടതാണ് ഭൂമി. കഷ്ടപ്പെട്ടു നേടിയ മണ്ണ് കൈവിട്ടാൽ തിരിച്ചു വരവിനുള്ള സാധ്യതയാണ് നഷ്ടപ്പെടുന്നത്.

വിദേശ രാജ്യങ്ങളിൽ പലതിലും കുടിയേറ്റക്കാർക്കെതിരെ മുറുമുറുപ്പുണ്ട്. അക്രമസംഭവങ്ങളുണ്ടാകുന്നു. നിയമാനുസൃത പൗരത്വം നേടിയവർക്കെതിരെ അവിടെയുള്ള പൗരന്മാർ ഇഷ്ടക്കേടുകാണിക്കുന്നതിന്റെ വാർത്തകൾ ഇടയ്ക്കിടെ വരുന്നു. അവിടെ എന്തെങ്കിലും ഏനക്കേടു വന്നാൽ ഇവിടെ കഴിഞ്ഞുകൂടാൻ മണ്ണുണ്ടല്ലോ എന്നത് ആശ്വാസമായിരിക്കും.

---

# വേലികെട്ടി വിളകളെ രക്ഷിക്കാം

*വേലികെട്ടി കൃഷി ചെയ്താൽ നല്ല വരുമാനമുണ്ടാക്കാമെന്ന് കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് മെമ്പർ ആക്കേൽ റോയി*


ആക്കേൽ റോയി

പൂവാറൻതോട്ടിലെ കാടോത്തിക്കുന്നിൽ ഏഴേക്കർ സ്ഥലമുണ്ടായിരുന്നു. അയ്യായിരം കമുകിൻ തൈ നട്ടു. കൂടെ തെങ്ങും വച്ചു. കൃഷി വളർച്ചയെത്തിയപ്പോൾ കാട്ടാനക്കൂട്ടം വന്ന് എല്ലാം നശിപ്പിച്ചു. കാലി പറമ്പാക്കി തിരിച്ചു തന്നു.

നിരാശനായ ഞാൻ ഗൾഫിൽ പോയി. എട്ടു വർഷം കഴിഞ്ഞ് തിരിച്ചു വന്ന് കാടോത്തിക്കുന്നിലെ സ്ഥലം വിറ്റു. ഇതിനിടയിൽ കുളിരാമുട്ടി സ്രാമ്പി ഭാഗത്ത് രണ്ട് ഏക്കർ 32 സെന്റ് സ്ഥലം വാങ്ങിയിരുന്നു. റബറും കാപ്പിയുമായിരുന്നു ഇവിടെ ഉണ്ടായിരുന്ന കൃഷി. കാട്ടുപന്നിയുടെയും മുള്ളൻ പന്നിയുടെയും ശല്യമുള്ള സ്ഥലമാണ്. റബർ ടാപ്പ് ചെയ്യാവുന്ന രീതിയിൽ നിലനിർത്തി ശിഖരങ്ങൾ വെട്ടി. 600 കുരുമുളക് തൈ വച്ചു പിടിപ്പിച്ചു. കമുകും ജാതിയും നട്ടു. പന്നി കടക്കാതിരിക്കാൻ രണ്ടു ലക്ഷം രൂപ മുടക്കി ഇരുമ്പു വേലി കെട്ടി. ഒരു കൊല്ലത്തെ കുരുമുളക് വിറ്റപ്പോൾ തന്നെ വേലിയുടെ മുടക്കുമുതൽ തിരിച്ചു കിട്ടി.

പിന്നീട് കരിങ്കുറ്റിയിൽ വാങ്ങിയ 14 സെന്റും മറ്റൊരു എട്ടു സെന്റും വേലി കെട്ടി ഭദ്രമാക്കി. ആദ്യ വർഷം കപ്പ നട്ടു. 25 ക്വിന്റൽ വിളവുണ്ടായി. കപ്പവാട്ട് നാട്ടുകാർ ഉത്സവമാക്കി. മാധ്യമങ്ങളിലെല്ലാം കപ്പവാട്ട് വാർത്തയായി. രണ്ടു പറമ്പിലും വേലികെട്ടാൻ മുടക്കിയ പണം രണ്ടു വർഷംകൊണ്ടുതന്നെ തിരിച്ചുകിട്ടി. പച്ചക്കറികളും ചേമ്പും ചേനയും വാഴയുമെല്ലാം ഇവിടെ കാട്ടുമൃഗശല്യം പേടിക്കാതെ കൃഷി ചെയ്യുന്നു.

കൃഷി

# ലാഭകരമാക്കാൻ വഴികളേറെ

**കൃഷി വെറും ഉപജീവനമല്ല, മികച്ച വരുമാനത്തിന്റെ വഴിയാകണം. മൂല്യവർധിത ഉൽപ്പന്നങ്ങൾ, ഇടവിള കൃഷി, അഗ്രോ ടൂറിസം, ഇന്റഗ്രേറ്റഡ് ഫാമിങ്, സാങ്കേതികവിദ്യ ഇവയെല്ലാം കൂട്ടിയിണക്കി കേരളത്തിലെ കർഷകർക്കായി പുതിയ സാധ്യതകളുടെ വാതിൽ തുറക്കാം.**



**പി. സി. സിറിയക് ഐഎഎസ്**
(മുൻ തമിഴ്നാട് അഡീ. ചീഫ് സെക്രട്ടറി)

പച്ചപ്പിന്റെ നാടാണ് കേരളം. ഫലഭൂയിഷ്ഠമായ മണ്ണും സമൃദ്ധമായ ജലസമ്പത്തും ആവശ്യമായ സൂര്യപ്രകാശവും അധ്വാനശീലരായ കർഷകരുമടക്കം കൃഷിക്ക് ആവശ്യമായ ഒട്ടേറെ അനുകൂല ഘടകങ്ങൾ പ്രകൃതി കേരളത്തിന് കനിഞ്ഞുനൽകിയിട്ടുണ്ട്. വൈവിധ്യമാർന്ന സസ്യങ്ങളും വൃക്ഷങ്ങളും സമൃദ്ധമായി വളരുന്ന കേരളത്തിന്റെ കാർഷിക പാരമ്പര്യത്തിന് പിന്നിലും ഈ പ്രകൃതിസമ്പത്തു തന്നെയാണ്. എന്നാൽ കൃഷി ലാഭകരമാണോ?

കൃഷിക്ക് ഇത്രയേറെ അനുകൂല സാഹചര്യങ്ങളുണ്ടായിട്ടും കർഷകന് കൃഷിയിൽ നിന്ന് മതിയായ വരുമാനം ലഭിക്കുന്നുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്. ഇവിടെ കേരളത്തിന്റെ കാർഷിക മേഖല നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്.

പ്രധാന പ്രശ്നങ്ങളിലൊന്ന് കൃഷിയിലേക്ക് ചെറുപ്പക്കാർ എത്തുന്നത് കുറയുന്നു എന്നതാണ്. കൃഷി ഉപേക്ഷിച്ച് മറ്റ് തൊഴിൽ മേഖലകളിലേക്ക് മാറുന്ന യുവതലമുറ കാർഷിക മേഖലയുടെ ഭാവിയെക്കുറിച്ച് ആശങ്ക ഉയർത്തുന്നു.

അതോടൊപ്പം കൃഷിയിടങ്ങളുടെ ചെറിയ വിസ്തീർണ്ണവും വലിയ വെല്ലുവിളിയാണ്. ചെറിയ കൃഷിയിടങ്ങളിൽ ആധുനിക യന്ത്രങ്ങളും സാങ്കേതികവിദ്യകളും ഫലപ്രദമായി ഉപയോഗിക്കുന്നത് പലപ്പോഴും പ്രായോഗികമല്ല. ഉപയോഗിച്ചാലും അതിന്റെ ചെലവ് കർഷകന് വലിയ ഭാരമായി മാറുന്നു.

ഉയർന്ന കൂലിനിരക്ക് കൃഷിയുടെ ഉൽപ്പാദനച്ചെലവ് വർധിപ്പിക്കുന്നു. ഉൽപ്പാദനച്ചെലവ് കൂടുമ്പോൾ ഉൽപ്പന്നത്തിന് ലഭിക്കുന്ന വില അതിനനുസരിച്ച് ഉയരണമെന്നില്ല. ഇതോടെ കർഷകന്റെ ലാഭം വീണ്ടും കുറയുന്നു.

കർഷകർ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിലെ ഏറ്റക്കുറച്ചിൽ. ഒരു പ്രത്യേക വിള വലിയ അളവിൽ ഒരേസമയം വിപണിയിലെത്തുമ്പോൾ വില കുത്തനെ ഇടിയാം. എന്നാൽ ഉൽപ്പന്നത്തിന്റെ ലഭ്യത കുറഞ്ഞാൽ വില ഉയരുകയും ചെയ്യും.

ഈ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമാർഗം മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും പ്രോത്സാഹിപ്പിക്കുകയെന്നതാണ്.

അസംസ്കൃത കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് വിപണിയിലെത്തിക്കുന്നതിന് പകരം അവ സംസ്കരിച്ച് വിവിധ മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി മാറ്റാൻ കഴിഞ്ഞാൽ കർഷകന് കൂടുതൽ വരുമാനം നേടാനാകും. അതിനാവശ്യമായ സംസ്കരണ കേന്ദ്രങ്ങളും സംഭരണ സംവിധാനങ്ങളും വിപണന സൗകര്യങ്ങളും ഗ്രാമതലത്തിൽ തന്നെ വികസിപ്പിക്കേണ്ടതുണ്ട്.

### വഴികളേറെ

കർഷകന് സാമാന്യം മെച്ചപ്പെട്ട വില ലഭ്യമാക്കുന്ന ഉൽപ്പന്നങ്ങൾ കൃഷി ചെയ്യുന്നതിന് കൂടുതൽ പ്രാധാന്യം നൽകണം. ഉദാഹരണത്തിന്, കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾ കാരണം കർഷകർക്ക് ലഭിക്കുന്ന റബർ വില ഇഷ്ടംപോലെ നിയന്ത്രിച്ച് കുറഞ്ഞ അളവിൽ നിലനിർത്താൻ ടയർ വ്യവസായികൾക്ക് അവസരം ലഭിക്കുന്നു. യഥേഷ്ടം റബർ ഇറക്കുമതി ചെയ്യാനും അവരെ അനുവദിക്കുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ, ആവർത്തന കൃഷി ചെയ്യേണ്ട സമയമാകുമ്പോൾ റബറിന് പകരം മറ്റുവിളകൾ പരീക്ഷിക്കാം.

ഉദാഹരണമായി എണ്ണപ്പന കൃഷി ചെയ്യുകയും അതിൽ ഇടവിളയായി കൊക്കോ കൃഷി ചെയ്യുകയും, ഈ രണ്ട് വിളകൾക്കുമിടയിൽ കുരുമുളക് പന്തലുകൾ ഒരുക്കുകയും ചെയ്യാം.

അതുപോലെ നാളികേരത്തോടൊപ്പം ഇടവിളയായി കൊക്കോയും കുരുമുളകും കൃഷി ചെയ്യാം.




### അഗ്രോ ടൂറിസം, ഇന്റഗ്രേറ്റഡ് ഫാമിങ്

നമ്മുടെ റബർ, കാപ്പി, തേയില, ഏലം തോട്ടങ്ങളെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളാക്കി മാറ്റാം. അവിടെ വിനോദസഞ്ചാരികൾക്ക് താമസിക്കാനുള്ള കോട്ടേജുകൾ നിർമ്മിക്കാനും കഴിയും.

ഇതിനൊപ്പം കൃഷിയും മൃഗസംരക്ഷണവും സംയോജിപ്പിക്കാം. കന്നുകാലി, കോഴി ഫാം, ആട്, പോത്ത് എന്നിവയെ വളർത്തുന്നതിനൊപ്പം മീൻ വളർത്തൽ കുളങ്ങളും ഒരുക്കാം.

ഒരു മേഖലയിലെ പുറന്തള്ളുന്ന മാലിന്യ വസ്തുക്കൾ മറ്റൊന്നിന്റെ തീറ്റയായും വളമായും ഉപയോഗിക്കാം. ഇതിലൂടെ ചെലവ് കുറയ്ക്കാനും ക്യാഷ് ഫ്ളോ മെച്ചപ്പെടുത്താനും കഴിയും.

### സാങ്കേതികവിദ്യയുടെ സാധ്യതകൾ

അനുയോജ്യമായ ആപ്പുകൾ വികസിപ്പിച്ചെടുത്ത് പഞ്ചായത്തുതല ഉൽപ്പാദക സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളുടെ വീട്ടിലെത്തിക്കാനും കഴിയും. ഉൽപ്പാദകനും ഉപഭോക്താവിനും ഒരുപോലെ ലാഭകരമായിരിക്കും ഈ സംവിധാനം.

'ഐകമത്യം മഹാബലം' എന്ന പഴയ തത്വം ഫലപ്രദമായി ഉപയോഗിച്ചാൽ ഇന്ന് കർഷകർ നേരിടുന്ന മിക്ക പ്രശ്നങ്ങൾക്കും പരിഹാരം കാണാം. കൂടുതൽ ചർച്ചകൾ നടത്തി ഈ സ്വപ്നങ്ങളെല്ലാം യാഥാർഥ്യമാക്കി തീർക്കാൻ നമ്മുടെ കർഷകർ മുന്നോട്ടുവരട്ടെ. നേട്ടങ്ങൾ കൈവരിക്കട്ടെ.

## തുടങ്ങണം ഉൽപ്പാദക സംഘങ്ങൾ

ഓരോ വിളയ്ക്കും പ്രത്യേക പഞ്ചായത്തുതല ഉൽപ്പാദക സംഘങ്ങൾ സ്ഥാപിക്കണം. ഉദാഹരണമായി, തിരുവമ്പാടി പഞ്ചായത്തിലെ കുരുമുളക് കർഷകരെ സംഘടിപ്പിച്ച് തിരുവമ്പാടി കുരുമുളക് ഉൽപ്പാദക സംഘം രജിസ്റ്റർ ചെയ്യാം. ഒരു ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്താൽ മതി. അതുപോലെ അവിടുത്തെ കൊക്കോ കർഷകരെല്ലാം ഉൾപ്പെടുന്ന തിരുവമ്പാടി കൊക്കോ ഉൽപ്പാദക സംഘം, തിരുവമ്പാടി കപ്പ ഉൽപ്പാദക സംഘം, തിരുവമ്പാടി ഇഞ്ചി, മഞ്ഞൾ ഉൽപ്പാദക സംഘം, തിരുവമ്പാടി വാഴപ്പഴം ഉൽപ്പാദക സംഘം, തിരുവമ്പാടി പൈനാപ്പിൾ ഉൽപ്പാദക സംഘം, തിരുവമ്പാടി റംബുട്ടാൻ/മാങ്കോസ്റ്റീൻ ഉൽപ്പാദക സംഘം എന്നിങ്ങനെ ഓരോ വിളയും കൃഷി ചെയ്യുന്നവർക്കായി പ്രത്യേക സംഘങ്ങൾ രൂപീകരിക്കാം. ഓരോ വിളയുടെയും കർഷകർക്ക് അവരുടെ പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സർക്കാരിനെയും കൃഷിവകുപ്പ് ഉദ്യോഗസ്ഥരെയും സമീപിക്കാനും ചർച്ചകൾ നടത്താനും പ്രശ്നങ്ങൾ പരിഹരിച്ചുകിട്ടാനും ഇതുവഴി എളുപ്പമാകും. അങ്ങനെ ഈ ഉൽപ്പാദക സംഘങ്ങൾ സജീവമായി പ്രവർത്തിക്കുകയും ചെയ്യും.

### പഞ്ചായത്ത് തലത്തിൽ നിന്ന് ജില്ലാതലത്തിലേക്ക്

അടുത്ത ഘട്ടമായി, ഓരോ ജില്ലയിലുമുള്ള പഞ്ചായത്ത് തല കുരുമുളക് ഉൽപ്പാദക സംഘങ്ങളുടെ ഒരു 'അപെക്സ്' സംഘമായി ഒരു ജില്ലാതല കുരുമുളക് പ്രൊഡ്യൂസർ കമ്പനി സ്ഥാപിക്കാം.ജില്ലയിലെ പഞ്ചായത്ത് തലത്തിലുള്ള കുരുമുളക് ഉൽപ്പാദക സംഘങ്ങൾ ഓരോന്നും, അവിടെയുള്ള ഓരോ കുരുമുളക് കർഷക അംഗവും ഈ പ്രൊഡ്യൂസർ കമ്പനിയുടെ നിശ്ചിത അളവ് ഓഹരികൾ എടുക്കണം. ഒരുപക്ഷേ ഓരോ അംഗവും 1000 രൂപയുടെ ഓഹരിയും ഓരോ പഞ്ചായത്ത് തല അംഗവും ഒരു ലക്ഷം രൂപയുടെ ഓഹരിയും എടുക്കാൻ വ്യവസ്ഥ ചെയ്യാം. ഇത്തരം വിശദാംശങ്ങളെല്ലാം ഓരോ വിളയുടെയും കാര്യത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കാം. ജില്ലാതല പ്രൊഡ്യൂസർ കമ്പനിയും ഓരോ വിളയ്ക്കും പ്രത്യേകമായി സംഘടിപ്പിക്കണം. അവയുടെ മൂലധനമായി നബാർഡ്, സംസ്ഥാന സർക്കാർ എന്നിവയുടെ 'മാച്ചിങ് ഗ്രാന്റുകളും' (സഹായധനം, സബ്സിഡി) ലഭ്യമാക്കാം.

### കൂട്ടായ്മയുടെ അടുത്ത ഘട്ടം

എട്ടോ പത്തോ ജില്ലാതല കുരുമുളക് കർഷക പ്രൊഡ്യൂസർ കമ്പനികൾ ഒത്തുചേർന്ന് സംസ്ഥാനതല കുരുമുളക് പ്രൊഡ്യൂസർ സ്ഥാപനങ്ങളുടെ ഒരു ഫെഡറേഷനും സ്ഥാപിക്കാം.ഇതുപോലെ തന്നെ ഓരോ വിളയ്ക്കും പ്രത്യേക ഫെഡറേഷനുകൾ വരെയുള്ള സംഘടനാ സംവിധാനം കക്ഷിരാഷ്ട്രീയ പരിഗണനയില്ലാതെ തയ്യാറാക്കണം. അംഗങ്ങളായ കർഷകർക്ക് ആവശ്യമായ വളം, കീടനാശിനികൾ മുതലായവയുടെ മൊത്തം ഡിമാൻഡ് കണക്കാക്കി ടെൻഡറുകൾ ക്ഷണിച്ച് വളം വാങ്ങാൻ തയ്യാറായാൽ, വലിയ രാസവള നിർമ്മാണ കമ്പനികളിൽ നിന്ന് 25 ശതമാനമെങ്കിലും കുറഞ്ഞവിലയ്ക്ക് വളം ഓരോ പഞ്ചായത്തിലും ലഭ്യമാക്കുന്ന സംവിധാനം ഉണ്ടാകും. ഇന്ന് കേരളത്തിലെ കർഷകർ നേരിടുന്ന ഒരു വലിയ പ്രശ്നമായ വിലക്കയറ്റത്തിൽനിന്നും ഇതുവഴി ആശ്വാസം ലഭിക്കുകയും ചെയ്യും. സംസ്ഥാനതല കുരുമുളക് അല്ലെങ്കിൽ റംബുട്ടാൻ മുതലായവ ഉൽപ്പാദകരുടെ പ്രൊഡ്യൂസർ കമ്പനികളോ സംസ്ഥാന ഫെഡറേഷനോ മുൻകൈ എടുത്ത് ഉൽപ്പാദന ഉപാധികളെല്ലാം കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കാനും അവരുടെ അംഗങ്ങളായ കർഷകരുടെ ഉൽപ്പന്നം ശേഖരിച്ച് മെച്ചപ്പെട്ട വിലയ്ക്ക് വിൽപ്പന നടത്താനും കഴിയും. കൂടാതെ, ജില്ലയിലെ പൈനാപ്പിൾ പ്രൊഡ്യൂസർ കമ്പനിയും കൊക്കോ പ്രൊഡ്യൂസർ കമ്പനിയും ഒരു പൈനാപ്പിൾ പ്രോസസിങ് ഫാക്ടറിയും ചോക്ലേറ്റ് നിർമ്മാണ ഫാക്ടറിയും സ്ഥാപിക്കണം. ഇത്തരം പദ്ധതികൾക്ക് നബാർഡ്, സർക്കാർ സബ്സിഡികളും ലഭ്യമാകും. ഓരോ വിളകളുടെയും ഉൽപ്പാദക സംഘങ്ങൾ സ്ഥാപിക്കുന്ന പ്രൊഡ്യൂസർ കമ്പനികൾക്ക് ട്രാക്ടറുകൾ, ടിപ്പറുകൾ, വിവിധതരം യന്ത്രങ്ങൾ മുതലായവ വാങ്ങി പഞ്ചായത്ത് തല ഉൽപ്പാദക സംഘങ്ങൾക്ക് ന്യായമായ വാടകയ്ക്ക് നൽകാനും കഴിയും. അങ്ങനെ ഇന്ന് കർഷകർ നേരിടുന്ന കൃഷിച്ചെലവ് കുറച്ചുകൊണ്ടുവരാനും സാധിക്കും.



### മൂല്യവർധന നൽകാം

കാർഷിക ഉൽപ്പന്നം വെറും ഉൽപ്പന്നമായി വിൽക്കുന്നതിന് പകരം, സംസ്കരണ പ്രക്രിയയിലൂടെ മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നതാണ് മറ്റൊരു പ്രധാന മാർഗം.

*ഉദാഹരണങ്ങൾ:*

**1. നാളികേരം:** നാളികേരം അങ്ങനെ തന്നെ വിൽക്കുന്നതിന് പകരം കൊപ്രയാക്കി, വെളിച്ചെണ്ണ ഉൽപ്പാദിപ്പിച്ച് വിൽക്കുക.

**2. പച്ചത്തേങ്ങ:** പച്ചത്തേങ്ങ ഉപയോഗിച്ച് വിർജിൻ കോക്കനട്ട് ഓയിൽ ഉൽപ്പാദിപ്പിക്കുക.

**3. സുഗന്ധവ്യഞ്ജനങ്ങളും മറ്റ് ഉൽപ്പന്നങ്ങളും:** നീര, പാക്ക് ചെയ്ത കരിക്കിൻ വെള്ളം, കുരുമുളക്, ജാതിക്ക, ഏലം, മഞ്ഞൾ എന്നിവ അങ്ങനെ തന്നെ വിൽക്കുന്നതിന് പകരം സംസ്കരിച്ച് ചില ഓലിയോ റെസിനുകളും എസെൻഷ്യൽ ഓയിലും ഉൽപ്പാദിപ്പിക്കുക.

റബറിന്റെ കാര്യത്തിൽ ടയർ വ്യവസായം സ്ഥാപിക്കാൻ വൻ മൂലധന നിക്ഷേപം ആവശ്യമായി തീരും. അതുകൊണ്ട് സൈക്കിൾ ടയർ, ടൂവീലർ ടയർ, ടാർ പോളിൻ, മഴക്കോട്ട്, കയറുകൾ മുതലായ മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാം.

# മൂല്യവർധനയ്ക്ക് സർക്കാർ സഹായം

**മൂല്യവർധിത ഉൽപന്നങ്ങൾ അടക്കമുള്ള ഭക്ഷ്യവ്യവസായസംരംഭങ്ങൾ തുടങ്ങുന്നവർക്കു സഹായകരമായ പല പദ്ധതികളുണ്ട്. ഓൺലൈനായി അപേക്ഷിച്ച് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന ഈ പദ്ധതികളുടെ ആനുകൂല്യങ്ങൾ നേടിയെടുക്കാം**

ജെ. കെ. വി

മൂല്യവർധിത ഉൽപന്നങ്ങൾ ഉണ്ടാക്കി വിപണിയിലെത്തിച്ച് ലാഭമുണ്ടാക്കാനുള്ള സാധ്യതകൾ പുതുപ്രതീക്ഷകളാണ് ഇന്നത്തെ കർഷകർക്കു മുന്നിൽ തുറന്നിടുന്നത്. മികച്ച ആശയവും പുതിയൊരു ഉൽപന്നം സൃഷ്ടിച്ചെടുക്കാനുള്ള ഐഡിയയും ആ ഉൽപന്നം നിർമിക്കാനുള്ള വിളകൾ യഥേഷ്ടം ലഭിക്കാനുള്ള സംവിധാനവും ഒരുക്കാനായാൽ വിജയം ഉറപ്പാണ്.

## സംസ്ഥാന പദ്ധതികൾ

### 1. സംരംഭക സഹായ പദ്ധതി

ഉത്പാദനമേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് മൂന്നു തലങ്ങളിൽ സാമ്പത്തികസഹായം ലഭ്യമാക്കുന്ന പദ്ധതിയാണിത്. സ്റ്റാർട്ടപ്പ് സപ്പോർട്ടായി, സ്ഥിര മൂലധന വായ്പയെടുത്ത് തുടങ്ങുന്ന സംരംഭങ്ങൾക്ക്, വായ്പയുടെ 50 ശതമാനം, മൂന്ന് ലക്ഷം രൂപയിൽ കുറയാത്ത തുക മുൻകൂർ സഹായമായി നൽകുന്നു. കൂടാതെ നിക്ഷേപസഹായമായി പൊതുവിഭാഗത്തിന് 30 ലക്ഷം രൂപയിൽ കൂടാത്തവിധത്തിൽ 15 ശതമാനവും, യുവസംരംഭകർ (18–45), വനിതകൾ, പട്ടികജാതി-പട്ടികവർഗത്തിപ്പെട്ടവർ, പ്രവാസി മലയാളികൾ എന്നിവരുൾപ്പെടുന്ന മുൻഗണനാവിഭാഗത്തിന് പരമാവധി 40 ലക്ഷം രൂപ വരെ 25 ശതമാനവും സഹായമായി ലഭിക്കും.

### 2. മാർജിൻ മണി

10 ലക്ഷം രൂപവരെ മുതൽമുടക്കുള്ള, ഉത്പാദനമേഖലയിൽ മൂല്യവർധിത സേവനങ്ങൾ നൽകുന്ന നാനോ യൂണിറ്റുകൾക്ക് സഹായം ലഭിക്കും. സ്വന്തം മുതൽമുടക്ക് 30 ശതമാനവും ബാങ്കുവായ്പ 40 ശതമാനവും എന്ന മാനദണ്ഡപ്രകാരം 30 ശതമാനമാണ് പൊതുവിഭാഗത്തിന് സബ്സിഡിയായി ലഭിക്കുക. യുവസംരംഭകർ (പ്രായപരിധി 40 വയസ്സ്), വനിതകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി-വർഗത്തിപ്പെട്ടവർ, വിമുക്ത ഭടൻമാർ എന്നിവരെ മുൻഗണനാവിഭാഗമായാണ് പരിഗണിച്ചിരിക്കുന്നത്. സ്വന്തം മുതൽമുടക്ക് 20 ശതമാനവും ബാങ്കുവായ്പ 40 ശതമാനവും എന്ന മാനദണ്ഡപ്രകാരം 40 ശതമാനമാണ് ഈ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് സബ്സിഡിയായി ലഭിക്കുക.

### 3. ഒരു കുടുംബം ഒരു സംരംഭം

ബാങ്ക്‌വായ്പ എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശസഹായം നൽകുന്ന പദ്ധതിയാണിത്. ഇതുപ്രകാരം പുതിയ ഉത്പാദന, സേവന, വ്യാപാര സംരംഭങ്ങൾക്ക് 10 ലക്ഷംവരെയുള്ള സംരംഭകത്വ വായ്പത്തുകയ്ക്ക് അഞ്ചുവർഷത്തേക്ക് ആറ് ശതമാനംവരെ പലിശയിളവ് കിട്ടുന്നതാണ്. 2022 ഏപ്രിൽ ഒന്നിനോ അതിനുശേഷമോ ഉത്പാദനം ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ഈ പദ്ധതിക്ക് അർഹതയുണ്ട്.

### 4എം.എസ്.എം.ഇ. ഇൻഷുറൻസ്

ഇതുപ്രകാരം 2023 ഏപ്രിൽ ഒന്നിനുശേഷം ഇൻഷുർ ചെയ്ത ഉത്പാദന, സേവന, വ്യാപാര-സംരംഭങ്ങൾക്ക് വാർഷിക പ്രീമിയത്തിന്റെ 50 ശതമാനം തുക, 5000 രൂപയിൽ പരിമിതപ്പെടുത്തി സബ്സിഡിയായി നൽകും. ഇതുവരെ ഇൻഷുർ ചെയ്യാത്ത സംരംഭങ്ങൾക്ക് msme-insurance.industry.kerala.gov.in എന്ന പോർട്ടലിലൂടെ ഇൻഷുർ ചെയ്യാനുള്ള സൗകര്യവുമുണ്ട്.

**പി.എം.എഫ്.എം.ഇ.:** പ്രധാൻമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ.) ഭക്ഷ്യസംസ്കരണ മേഖലയിലെ ചെറുകിട സംരംഭകർക്ക് സാമ്പത്തികസഹായം നൽകാൻ നടപ്പാക്കുന്ന പദ്ധതിയാണിത്. ഇന്ത്യയൊട്ടാകെ രണ്ടു ലക്ഷത്തോളം സംരംഭകർ ഇതിന്റെ ഉപഭോക്താക്കളാണ്. പുതിയ സംരംഭങ്ങൾക്കും നിലവിലുള്ളത് വിപുലീകരിക്കാനും സഹായം ലഭിക്കും. സൂക്ഷ്മ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക്, ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ പരിധിയിൽ സ്ഥിരമൂലധന നിക്ഷേപത്തിന്റെ 35 ശതമാനം ക്രെഡിറ്റ്-ലിങ്ക്ഡ് കാപിറ്റൽ സബ്സിഡി ലഭിക്കും. എഫ്.പി.ഒ.കൾ, സ്വാശ്രയ സംഘങ്ങൾ, സഹകരണസ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക്, അടിസ്ഥാനസൗകര്യങ്ങൾ സജ്ജമാക്കുന്നതിനായി പദ്ധതിവിഹിതത്തിന്റെ 35 ശതമാനം, പരമാവധി മൂന്നു കോടി രൂപയാണ് സഹായമായി കിട്ടുക.

**പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി:** പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (പി.എം.ഇ.ജി.പി.) തൊഴിലും ഉത്പാദനവും പരിപോഷിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. പദ്ധതിപ്രകാരം ഉത്പാദനമേഖലയിലെ സംരംഭങ്ങൾക്ക് 50 ലക്ഷംവരെയുള്ള പദ്ധതി ചെലവിനു മേൽ സബ്സിഡി നൽകുന്നു. 10 ലക്ഷം രൂപയിൽ കൂടുതൽ പദ്ധതിച്ചെലവുള്ള സംരംഭങ്ങൾക്ക് സംരംഭകൻ എട്ടാംക്ലാസ് പാസായിരിക്കണമെന്ന നിബന്ധനയുണ്ട്.

സ്വന്തം മുതൽമുടക്ക് 10 ശതമാനവും ബാങ്കുവായ്പ 90 ശതമാനവും എന്ന മാനദണ്ഡപ്രകാരം പൊതുവിഭാഗത്തിൽപ്പെട്ടവർക്ക്, നഗരപ്രദേശങ്ങളിലെ സംരംഭങ്ങൾക്ക് 15 ശതമാനവും ഗ്രാമങ്ങളിലുള്ളവയ്ക്ക് 25 ശതമാനവും സബ്സിഡിയായി ലഭിക്കും.

# സുഗന്ധവിളയിൽ പുതിയ അറിവുകൾ

**നൂതന സാങ്കേതികവിദ്യകൾ സ്വീകരിക്കുകയും, പുതിയ ഗവേഷണ അറിവുകൾ സ്വാംശീകരിച്ച് അവയെ സ്വന്തം കൃഷിയിടത്തിൽ പ്രായോഗികമായി നടപ്പിലാക്കുകയും ചെയ്യുമ്പോഴാണ് സുഗന്ധവിള കൃഷി സാമ്പത്തിക ഭദ്രതയുള്ളതായി മാറുന്നത്.**




ഡോ. ലിജോ തോമസ്
(പ്രിൻസിപ്പൽ സയന്റിസ്റ്റ്)

ഡോ. വി. കെ. സജേഷ്
(സീനിയർ സയന്റിസ്റ്റ്)

(ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം, കോഴിക്കോട്)

കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഏലം മുതലായവയാണ് നമ്മുടെ പ്രധാന സുഗന്ധവിളകൾ. നമ്മുടെ കൃഷിയിടങ്ങളിൽ ഏറിയ പങ്കും പരമ്പരാഗത ഇനങ്ങളാണ് കൃഷി ചെയ്യപ്പെടുന്നത്. ഇത്തരം ഇനങ്ങളുടെ ജനിതക ശേഷിതന്നെ പൊതുവെ കുറവായിരിക്കും. ഇവയെക്കാൾ ഉയർന്ന ഉൽപാദന ക്ഷമതയും, രോഗപ്രതിരോധശേഷിയും, ഗുണനിലവാരവുമുള്ള ഇനങ്ങൾ നമ്മുടെ ഗവേഷണ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഒരൽപം പരിശ്രമിച്ചാൽ മികച്ച ഗുണനിലവാരമുള്ള ഈ ഇനങ്ങളെ നമ്മുടെ കൃഷിയിടത്തിൽ എത്തിക്കാവുന്നതേയുള്ളൂ. കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നീ വിളകളിൽ ഒരിക്കൽ മാത്രം പുറത്തു നിന്ന് നടീൽ വസ്തുക്കൾ കൊണ്ടു വന്നാൽ മതിയാകും. നല്ലൊരു കർഷകന് അത് പിന്നീട് ആവശ്യാനുസരണം വർധിപ്പിച്ചെടുക്കാൻ പ്രയാസമൊന്നും ഇല്ല.

ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിൽ നിന്നും പുറത്തിറക്കിയ കുരുമുളക് ഇനങ്ങളായ ചന്ദ്ര, തേവം, മലബാർ എക്സൽ, മഞ്ഞൾ ഇനങ്ങളായ പ്രതിഭ, പ്രഗതി, സൂര്യ, ഇഞ്ചി ഇനങ്ങളായ വരദ, വജ്ര, മഹിമ തുടങ്ങിയവയെല്ലാം തന്നെ കൃഷിയിടങ്ങളിൽ മാറ്റു തെളിയിച്ച ഇനങ്ങളാണ്. കർഷകന്റെ അധ്വാനം മികച്ച ജനിതക ശേഷിയുള്ള ഇനങ്ങളോടൊപ്പം ചേരുമ്പോൾ മികച്ച വിളവും ഉറപ്പായും ലഭിക്കും.

മണ്ണറിഞ്ഞുള്ള വളപ്രയോഗത്തിന്റെ കാര്യമാണ് ശ്രദ്ധിക്കേണ്ട മറ്റൊരു മേഖല. വർഷങ്ങളായി കൃഷി ചെയ്യുന്ന ഭൂമിയിൽ ചെടിക്ക് ആവശ്യമായ പല മൂലകങ്ങളുടെയും കുറവ് കണ്ടേക്കാം. എന്നാൽ മണ്ണിന്റെ പ്രത്യേകത അനുസരിച്ച് ചിലപ്പോഴൊക്കെ ചില മൂലകങ്ങൾ അധികമായും കണ്ടേക്കാം. ഇത്തരം സാഹചര്യത്തിൽ മണ്ണ് പരിശോധന നടത്തി, ശുപാർശ അനുസരിച്ച് വളപ്രയോഗം ക്രമപ്പെടുത്തുന്നത് വളത്തിനായുള്ള ചെലവ് കുറയ്ക്കാനും, വിളയുടെ മികച്ച വളർച്ചയ്ക്കും ആരോഗ്യ സംരക്ഷണത്തിനും സഹായിക്കും. ശാസ്ത്രീയമായ മണ്ണ് പരിശോധന മൂന്ന് വർഷത്തിൽ ഒരിക്കലെങ്കിലും നടത്തേണ്ടതാണ്. ഇതിനു തുച്ഛമായ ചെലവ് മാത്രമേ വരികയുള്ളൂ എങ്കിലും, ഇതിലൂടെ കൈവരുന്ന പ്രയോജനങ്ങൾ നിരവധിയാണ്.

ഓരോ വിളയ്ക്കും ഏറ്റവും അനുയോജ്യമായ നടീൽ സമയം ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൽ നിന്നുള്ള മാറ്റങ്ങൾ വിളവിനെ സാരമായി ബാധിക്കും. ഉദാഹരണത്തിന്, മെയ് മാസത്തിൽ കാലവർഷത്തിനു മുൻപുള്ള പുതുമഴ ലഭിക്കുന്ന സമയത്തു തന്നെ മഴയെ മാത്രം ആശ്രയിച്ചു കൃഷി ചെയ്യുന്നവർ ഇഞ്ചിയും മഞ്ഞളും നടേണ്ടതാണ്. ഇതിനുശേഷമുള്ള ഓരോ ആഴ്ചത്തെ താമസവും വിളവിനെ സാരമായി ബാധിക്കും എന്ന് മാത്രമല്ല, അവയിൽ കീട രോഗങ്ങളുടെ ആക്രമണം കൂടുതലായി കാണപ്പെടുകയും ചെയ്യും. ജലസേചനം നൽകേണ്ട ഏറ്റവും ഉചിതമായ സമയം, വിളവെടുപ്പിനുള്ള സമയം, വളപ്രയോഗത്തിലെ കാര്യക്ഷമമായ രീതികൾ എന്നിവയെല്ലാം തന്നെ അധിക ചെലവ് വരുത്താതെ വിളവ് വർധിപ്പിക്കാനുള്ള മാർഗങ്ങൾ ആണ്. ഉൽപന്നങ്ങൾ തരം തിരിച്ച് വിൽക്കുന്നത്തിലൂടെ മാത്രം വില്പനയിൽ നിന്നുള്ള വരുമാനം ഗണ്യമായി ഉയർത്താൻ കഴിയും. യന്ത്രവത്കൃതമോ, അല്ലാത്തതോ ആയ ലളിതമായ തരം തിരിക്കൽ മാർഗങ്ങൾ അവലംബിച്ചാൽ, ഉൽപന്നത്തിന്റെ മൂല്യം ഒട്ടുംതന്നെ നഷ്ടപ്പെടില്ല. സ്ഥിരമായി മികച്ച ഗുണനിലവാരത്തിലുള്ള, തരം തിരിച്ച ഉൽപന്നങ്ങൾ വിൽക്കുന്ന കർഷകരെ തേടി കച്ചവടക്കാരും, ഉപഭോക്താക്കളും എത്താറുണ്ട്. കൂട്ടായ വിപണന ശ്രമങ്ങൾ കർഷകരുടെ വിലപേശൽ ശക്തി വർധിപ്പിക്കുന്നതിനാൽ, കർഷക കൂട്ടായ്മകൾക്കും ഇത്തരം കാര്യങ്ങളിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്താൻ സാധിക്കും.

ഒരാൾ വാങ്ങുന്ന സുഗന്ധവ്യഞ്ജനങ്ങൾ എവിടെ, ആര് ഉൽപാദിപ്പിച്ചു എന്ന് അറിയണം എന്നുള്ളതാണ് സുഗന്ധവിള വിപണനത്തിലെ ഒരു നൂതന ട്രെൻഡ്. ഭക്ഷ്യസുരക്ഷ, ഭക്ഷണം ഉൽപാദിപ്പിക്കുന്ന കർഷകനുമായി വെറുമൊരു ഇടപാടിനപ്പുറത്തേക്കൊരു ബന്ധം, തുടങ്ങിയ ലക്ഷ്യങ്ങളാണ് ഇതിനു പിന്നിൽ. ഇത്തരം ട്രെൻഡുകൾക്ക് ഒപ്പം സഞ്ചരിക്കാനുള്ള വഴക്കവും കർഷകരും, കർഷക കൂട്ടായ്മകളും സ്വായത്തമാക്കണം.

മൂല്യവർധനവിലൂടെ കുറഞ്ഞത് 20–30 ശതമാനം അധികലാഭം കൃഷിയിൽ നിന്നും ലഭിക്കും. ജാതിക്കൃഷിയിൽ പാഴായിപ്പോകുന്ന ജാതിത്തൊണ്ടിൽ നിന്നു മാത്രം പത്തോളം ഉൽപന്നങ്ങൾ നിർമ്മിക്കാൻ സാധിക്കും. ജാതി തൊണ്ടു പൊടി, ജാം, സ്ക്വാഷ്, അച്ചാർ, കാൻഡി, വൈൻ മുതലായ മൂല്യവർധിത ഉൽപന്നങ്ങൾ ജാതിക്കൃഷിയെ പുതിയൊരു തലത്തിലേക്ക് എത്തിക്കും. ഇഞ്ചി, മഞ്ഞൾ, കുരുമുളക്, തുടങ്ങിയ എല്ലാ സുഗന്ധവിളകളിലും ധാരാളം മൂല്യവർധന സാധ്യതകൾ ഉണ്ട്.

# കൃഷിയിടം ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ

**എന്താണ് നമ്മുടെ കൃഷിയിടത്തിന്റെ പ്രത്യേകത, അതുതന്നെയാണ് നമ്മുടെ ടൂറിസം ഉൽപ്പന്നം. ഒരു രൂപ പോലും അധികം ചെലവഴിക്കാതെ നമ്മുടെ കൈവശമുള്ള വിഭവങ്ങളെ അവതരിപ്പിക്കുകയാണ് ഇതിന്റെ ഏറ്റവും വലിയ സാധ്യത**



**വില്ല്യംസ് മാത്യു**

(വേനപ്പാറയിലെ വെസ്റ്റേൺ ഗട്സ് ട്രോപ്പിക്കൽ ഫാം സ്ഥാപകൻ)

ഫാം ടൂറിസം എന്നത് വലിയ റിസോർട്ടുകളോ വൻ നിക്ഷേപങ്ങളോ നടത്തി തുടങ്ങേണ്ട ഒരു സംരംഭമല്ല. നമ്മുടെ കൃഷിയിടത്തെ മറ്റൊരാൾക്ക് അനുഭവവേദ്യമാക്കുക എന്നതാണ് ഫാം ടൂറിസത്തിന്റെ കാതൽ. നമ്മൾ ഇപ്പോൾ എന്താണോ ചെയ്യുന്നത്, അതു തന്നെ കുറച്ചുകൂടി മനോഹരമായി ഒരു സന്ദർശകന് അനുഭവിക്കാൻ അവസരം ഒരുക്കുകയാണ് വേണ്ടത്. നമ്മുടെ കൃഷി, ഭക്ഷണം, സംസ്കാരം, ജീവിതരീതി, കാർഷിക പ്രവർത്തനങ്ങൾ, മൂല്യവർധിത ഉൽപ്പന്നങ്ങൾ ഇവയെല്ലാം ഒരു ടൂറിസം അനുഭവമാക്കി മാറ്റാം.

അതിന് ആദ്യം സ്വന്തം കൃഷിയിടത്തിന്റെ പ്രത്യേകത കണ്ടെത്തണം. കേരളത്തിലെ ഓരോ പ്രദേശത്തിനും അതിന്റേതായ ഭൂപ്രകൃതിയും കൃഷിരീതിയും ജീവിതശൈലിയുമുണ്ട്. നല്ല തെങ്ങിൻ തോട്ടമാണെങ്കിൽ കരിക്ക് നൽകുന്നതു മുതൽ വെർജിൻ കോക്കനട്ട് ഓയിൽ പോലുള്ള ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതുവരെ അനുഭവമാക്കാം. കൊക്കോ കൃഷിയാണെങ്കിൽ 'Bean to Chocolate' അനുഭവം നൽകാം. പശു, ആട്, കോഴി, പക്ഷികൾ, പഴവർഗങ്ങൾ, പച്ചക്കറികൾ എന്താണ് നമ്മുടെ കൃഷിയിടത്തിന്റെ പ്രത്യേകത, അതുതന്നെയാണ് നമ്മുടെ ടൂറിസം ഉൽപ്പന്നം. ഒരു രൂപ പോലും അധികം ചെലവഴിക്കാതെ നമ്മുടെ കൈവശമുള്ള വിഭവങ്ങളെ അവതരിപ്പിക്കുകയാണ് ഇതിന്റെ ഏറ്റവും വലിയ സാധ്യത.

മറ്റൊരാളുടെ ഫാം കണ്ട് അതുപോലെ പകർത്തുകയല്ല വേണ്ടത്. വിജയകരമായ അഞ്ചോ പത്തോ ഫാമുകൾ സന്ദർശിച്ച് അവരുടെ രീതികൾ മനസ്സിലാക്കുക. പിന്നീട് സ്വന്തം ഭൂമിശാസ്ത്രത്തിനും കൃഷിരീതിക്കും അനുയോജ്യമായ മാതൃക വികസിപ്പിക്കുക. കൃഷിയിടം, വീട്ടിലെ ഉപയോഗിക്കാത്ത മുറി, നാട്ടിലെ ഭക്ഷണം, പഴങ്ങൾ, കാർഷിക പ്രവർത്തനങ്ങൾഇവയെല്ലാം ചേർന്നാൽ ഒരു മികച്ച ഫാം ഡേ-പ്രോഗ്രാമോ ഫാംസ്റ്റേയോ രൂപപ്പെടുത്താം. വലിയ ലോൺ എടുത്ത് തുടങ്ങേണ്ട ഒന്നല്ല ഇത്. ആദ്യം ചെറിയ രീതിയിൽ ആരംഭിച്ച് അനുഭവത്തിലൂടെ വളർത്തുകയാണ് ഏറ്റവും നല്ലത്.

ഇതിനായി സർക്കാരിന്റെ പിന്തുണയും പ്രയോജനപ്പെടുത്തണം. കേരള ടൂറിസം വകുപ്പിന്റെയും ഉത്തരവാദിത്ത ടൂറിസം മിഷന്റെയും പരിശീലനങ്ങളും സർട്ടിഫിക്കേഷനുകളും ഫാം ടൂറിസം സംരംഭകർക്ക് വലിയ സഹായമാണ്. അഗ്രി ടൂറിസം നെറ്റ്‌വർക്ക് പോലുള്ള സംവിധാനങ്ങളിൽ ഇടം നേടുന്നതിലൂടെ കൂടുതൽ സഞ്ചാരികളിലേക്ക് എത്താനും കഴിയും.

ഫാം ടൂറിസം മാത്രമാണോ, അതോ താമസസൗകര്യംകൂടി ഉൾപ്പെടുന്ന ഹോംസ്റ്റേ/ഫാംസ്റ്റേയാണോ എന്നതനുസരിച്ച് ആവശ്യമായ രജിസ്ട്രേഷനും തദ്ദേശസ്ഥാപനങ്ങളുടെയും ടൂറിസം വകുപ്പിന്റെയും അനുമതികളും നേടണം. കൃഷിയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സർക്കാർ പദ്ധതികളും ലഭ്യമായ ധനസഹായങ്ങളും നേടാവുന്നതാണ്. സർക്കാർ ആനുകൂല്യത്തിനായി കാത്തിരിക്കുകയല്ല, ലഭ്യമായ സംവിധാനങ്ങൾ ഉപയോഗിച്ച് സ്വന്തം വിഭവത്തെ ഒരു വരുമാനമാക്കി മാറ്റുകയാണ് പ്രധാനം.

ഫാം ടൂറിസത്തിന്റെ മറ്റൊരു വലിയ പ്രത്യേകത, അത് ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിലുണ്ടാക്കുന്ന സ്വാധീനമാണ്. ഒരു സംഘം സന്ദർശകർ എത്തിയാൽ അവർക്കാവശ്യമായ പാൽ, മുട്ട, പഴങ്ങൾ, പച്ചക്കറികൾ, മത്സ്യം, മാംസം, ബേക്കറി ഉൽപ്പന്നങ്ങൾ തുടങ്ങിയവ സമീപ പ്രദേശങ്ങളിൽ നിന്നുതന്നെ വാങ്ങാം. അതോടെ വരുമാനം ഒരു കർഷകനിൽ മാത്രം ഒതുങ്ങുന്നില്ല. ചെറിയ പലചരക്കു കടക്കാരൻ മുതൽ കർഷകനും ബേക്കറി ഉടമയും മത്സ്യ-മാംസ വ്യാപാരിയും വരെ ഈ ശൃംഖലയുടെ ഭാഗമാകും. അതുകൊണ്ടുതന്നെ ഫാം ടൂറിസം ഒരു വ്യക്തിയുടെ സംരംഭം മാത്രമല്ല; ഒരു ഗ്രാമത്തെ മുഴുവൻ ഉയർത്തുന്ന സാമ്പത്തിക മാതൃകയാണ്.

മാർക്കറ്റിങ്ങിനും വലിയ ചെലവില്ല. ഇവിടെ വന്നുപോകുന്ന സന്ദർശകന്റെ അനുഭവസാക്ഷ്യമാണ് ഏറ്റവും വലിയ പരസ്യം. ഒരു സന്ദർശകൻ സന്തോഷത്തോടെ മടങ്ങിയാൽ അയാളുടെ കുടുംബത്തോടും സുഹൃത്തുക്കളോടും സോഷ്യൽ മീഡിയയിലൂടെ ആ അനുഭവം പങ്കുവയ്ക്കും.

ഇന്ന് മൊബൈൽ ഫോൺ ഉപയോഗിച്ച് ഒരു നല്ല റീൽ തയ്യാറാക്കിയാൽ പോലും ലോകത്തിന്റെ പല ഭാഗങ്ങളിലേക്കും നമ്മുടെ കൃഷിയിടത്തിന്റെ കഥ എത്തിക്കാം. അതോടൊപ്പം സർക്കാർ ടൂറിസം നെറ്റ്‌വർക്കുകളും കർഷകക്കൂട്ടായ്മകളും സോഷ്യൽ മീഡിയയും വാട്സ്ആപ്പ് ഗ്രൂപ്പുകളും ഉപയോഗപ്പെടുത്താം.

നമ്മുടെ കൃഷിയിടത്തിൽത്തന്നെയുണ്ട് നമ്മുടെ ടൂറിസം ഉൽപ്പന്നം. അത് കണ്ടെത്തുക, അതിന്റെ തനിമ നഷ്ടപ്പെടാതെ മറ്റുള്ളവർക്ക് അനുഭവിക്കാൻ അവസരം നൽകുക, ആ അനുഭവത്തിലൂടെ കർഷകനും നാട്ടുകാരും ഒരുപോലെ വരുമാനം നേടുക ഇതാണ് ഫാം ടൂറിസത്തിന്റെ യഥാർത്ഥ ലക്ഷ്യം.

വലിയ നിക്ഷേപങ്ങളില്ലാതെ നമ്മുടെ കൃഷിയിടത്തെ ഒരു അനുഭവകേന്ദ്രമാക്കി മാറ്റുമ്പോൾ, വളരുന്നത് ഒരു ഫാം മാത്രമല്ല; ഒരു നാടു കൂടിയാണ്.

# കാർഷിക സംരംഭകത്വം: അവസരങ്ങൾ ഏറെ

**ആധുനിക സാങ്കേതികവിദ്യയും നൂതന കൃഷിരീതികളും പ്രയോജനപ്പെടുത്തി കൃഷിയെ ലാഭകരമായ സംരംഭമാക്കാം**



**ഡോ. എം. പ്രീതി**

(കോഴിക്കോട് എൻഐടിയിലെ ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ സിഇഒ)

പരമ്പരാഗത രീതിയിൽ നിന്ന് വ്യത്യസ്തമായി, ആധുനിക സാങ്കേതികവിദ്യ കൃഷിരീതിയിലും ഉൽപന്ന സംസ്കരണത്തിലും പ്രയോഗിക്കുന്നത് കൃഷിയെ ഒരു സംരംഭമായി മാറ്റാൻ സഹായിക്കും. കൃഷി സംബന്ധമായ സംരംഭകത്വം വിവിധ തരം ഉണ്ട്. ഒന്നാമത്തേത് ആധുനിക രീതിയിലുള്ള കൃഷി രീതികൾ ഉപയോഗിച്ച് ഉൽപാദനം കൂട്ടുകയും വിളകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ്. പോളി ഹൗസ്, പ്രിസിഷൻ ഫാമിങ് തുടങ്ങിയ രീതികൾ ഉപയോഗിച്ച് നിയന്ത്രിതമായ ഊഷ്മാവിലും നനവിലും കൃഷി ചെയ്യുമ്പോൾ അത് ഗുണമേന്മയും വിളവും കൂട്ടുന്നു. നമ്മുടെ നാട്ടിലെ കാലാവസ്ഥയിൽ സാധാരണയായി വളരാൻ പ്രയാസമുള്ള വിളകൾ പോലും ഒരു പരിധി വരെ വളർത്താൻ ഇത്തരം കൃഷി രീതികൾ പ്രയോജനപ്പെടുത്താം. ഇത്തരം കൃഷിയിൽ ഓർഗാനിക് രീതികൾ പിന്തുടരുകയാണെങ്കിൽ ആവശ്യക്കാരും വിലയും കൂടും. പഴവർഗ്ഗങ്ങളും പച്ചക്കറികളുമാണ് സാധാരണയായി ഇത്തരത്തിൽ കൃഷിചെയ്യുന്നത്.

പുതുതായി വികസിപ്പിച്ചെടുക്കുന്നതും കൂടുതൽ വിളവ് നൽകുന്നവയുമായ വിത്തിനങ്ങളും കൃഷിരീതികളും വികസിപ്പിച്ചെടുക്കുന്ന വിവിധ കാർഷിക ഗവേഷണ സ്ഥാപനങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ട്. കോഴിക്കോട്ടുള്ള IISR (www.spices.res.in) എന്ന സ്ഥാപനം സുഗന്ധ വിളകളിൽ ഗവേഷണം നടത്തുകയും പുതിയ ഇനങ്ങളും സംഭരണ, സംസ്കരണ രീതികളും ആവിഷ്കരിച്ചു കർഷകർക്കും സംരംഭകർക്കും ലഭ്യമാക്കുകയും ചെയ്യുന്നു. കാസർകോട്ടുള്ള CPCRI (www.cpcri.gov.in) എന്ന സ്ഥാപനം നാളികേരത്തിന്റെയും കൊക്കോയുടെയും അടയ്ക്കയുടെയും വിവിധ മൂല്യ വർധിത ഉത്പന്നങ്ങൾ വികസിപ്പിക്കുകയും ഇത്തരം ടെക്നോളജി ആവശ്യക്കാർക്ക് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. CIFT (cift.res.in), KUFOS (kufos.ac.in) എന്നീ സ്ഥാപനങ്ങൾ സമുദ്രോത്പന്നങ്ങളുടെ സംസ്കരണവും അവയിൽ നിന്നുള്ള മൂല്യ വർധിത ഉൽപന്നങ്ങളും സംബന്ധിച്ച സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നു. ഇവയിൽ ഏതെങ്കിലും ഉൽപന്നങ്ങൾ നിർമിക്കാനും വിപണനം ചെയ്യാനും ഉദ്ദേശിക്കുന്ന സംരംഭകർക്ക് ഈ സ്ഥാപങ്ങളിൽ നിന്ന് ടെക്നോളജി വാങ്ങാവുന്നതാണ്.

കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ അഗ്രി ബിസിനസ് ഇൻക്യൂബേറ്റർ (www.rabi.kau.in) വിവിധ കാർഷിക ഭക്ഷ്യ ഉത്പന്നങ്ങളുടെ നിർമാണത്തിലും



ഗ്രാഫ്റ്റിങ് യന്ത്രം

വിപണനത്തിലും ഉള്ള പരിശീലന പരിപാടികൾ സംരംഭകർക്കായി നടത്താറുണ്ട്. പല വിധത്തിലുള്ള ഭക്ഷ്യോൽപ്പന്നങ്ങളുടെ നിർമാണത്തിന്റെ സാങ്കേതിക വിദ്യയും ഇവിടെ നിന്നും ലഭിക്കുന്നതാണ്. കൂടാതെ ഒരു സംരംഭം തുടങ്ങുന്നതിനാവശ്യമായ ധനസഹായത്തിനുള്ള സ്കീമുകളും അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ഇൻക്യൂബേറ്ററിൽ ലഭ്യമാണ്.

സംരംഭകർക്ക് എണ്ണമറ്റ സാധ്യതയുള്ള മറ്റൊരു മേഖല കാർഷികോപകരണങ്ങളുടെ നിർമാണം ആണ്. പുതിയ സാങ്കേതിക വിദ്യകൾ അവലംബിച്ചുള്ള കാർഷികോപകരണങ്ങൾ കൃഷിയെ വളരെയധികം എളുപ്പമുള്ളതാക്കുന്നു. കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമായും സമയവും അധ്വാനവും ലഭിക്കാനും ഇത്തരം പുതിയ ഉപകരണങ്ങൾ/സാങ്കേതിക വിദ്യകൾ വികസിപ്പിച്ചു വരുന്നു. എൻ ഐ ടി യിലെ ബിസിനസ് ഇൻക്യൂബേറ്ററിന്റെ (www.tbi.nitc.ac.in) സഹായത്തോടെ വികസിപ്പിച്ച ചില ഉപകരണങ്ങളാണ് ഓട്ടോമേറ്റഡ് ഗ്രാഫ്റ്റിങ് മെഷീൻ, റബർ തെങ്ങ് എന്നിവയുടെ തൈകൾ നടാനുള്ള കുഴികൾ വളരെ എളുപ്പത്തിൽ കുഴിക്കാനുള്ള മെഷീൻ എന്നിവ. ഇത്തരത്തിൽ ഉപകരണങ്ങൾ ഉണ്ടാക്കാനുള്ള ആശയങ്ങൾ ഉള്ളവർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ വിവിധ ഇൻക്യൂബേറ്ററുകളിൽ നിന്നും ലഭ്യമാണ്.



കുഴിയെടുക്കാനുള്ള യന്ത്രം

# ചെറിയ തുടക്കം, വ

## നാടൻ രുചിയിൽ നിന്ന് സംരംഭത്തിലേക്ക്



അനിമോൾ ജോയ്
കിഴക്കേടത്ത്,
കണ്ണോത്ത്



**മത്തി അച്ചാർ, ഉണക്കമീൻ അച്ചാർ, ചമ്മന്തിപ്പൊടി, ചക്കത്തിര, മാങ്ങാത്തിര, കാന്താരിപ്പൊടി, റാഗിപ്പൊടി, റാഗി മാൾട്ട്, എബിസി മാൾട്ട് എന്നിവ തയ്യാറാക്കി വിപണിയിൽ എത്തിക്കുന്നു**

അഞ്ച് വർഷം ഇസ്രായേലിൽ നഴ്സായി ജോലി ചെയ്ത ശേഷം 2019-ൽ നാട്ടിൽ തിരിച്ചെത്തിയപ്പോഴാണ് നാടൻ രുചികളെ പുതുതലമുറയിലേക്കെത്തിക്കണമെന്ന ആഗ്രഹത്തിൽ 'Leafy Kerala' യൂട്യൂബ് ചാനൽ തുടങ്ങിയത്. വീട്ടിൽ തയ്യാറാക്കിയിരുന്ന പരമ്പരാഗത വിഭവങ്ങളുടെ വീഡിയോകൾക്ക് മികച്ച പ്രതികരണം ലഭിച്ചതോടെ അവ വിൽപ്പനയ്ക്കെത്തിക്കാനുള്ള ആശയം ഉണ്ടായി.

ചക്ക, മത്തി, ഉണക്കമീൻ, കാന്താരി തുടങ്ങി നാട്ടിൽ ലഭിക്കുന്ന ചേരുവകൾ ഉപയോഗിച്ച് വിവിധ മൂല്യവർധിത ഉൽപന്നങ്ങൾ തയ്യാറാക്കിത്തുടങ്ങി. ആവശ്യക്കാർ വർധിച്ചതോടെ ഇത് വരുമാനമാർഗമായി മാറിയെങ്കിലും അസംസ്കൃത വസ്തുക്കളുടെ വിലവർധന, ഉൽപാദനച്ചെലവ്, തൊഴിലാളികളുടെ അഭാവം തുടങ്ങിയ വെല്ലുവിളികളുണ്ട്. ഗുണമേന്മയിൽ വിട്ടുവീഴ്ച ചെയ്യാതെയാണ് മുന്നോട്ട് പോകുന്നത്.

കൂടുതൽ ഉൽപന്നങ്ങൾ വിപണിയിലെത്തിക്കുകയും ഉൽപാദനം വർധിപ്പിക്കുകയും ചെയ്യുകയാണ് ഇനി ലക്ഷ്യം. നാട്ടിൻപുറത്തെ പരമ്പരാഗത രുചികൾ സംരക്ഷിച്ച് കേരളത്തിന് പുറത്തുള്ള മലയാളികളിലേക്കും എത്തിക്കാനും, ഒപ്പം കൂടുതൽ പേർക്ക് തൊഴിൽ നൽകുന്ന സംരംഭമാക്കി വളർത്താനുമാണ് ആഗ്രഹം.

ഫോൺ: **7012879478**





## കൊക്കോയ്ക്ക് സ്വന്തം ബ്രാൻഡ്

**കർഷകരിൽനിന്ന് സംഭരിക്കുന്ന കൊക്കോ മൂല്യവർധിതമാക്കി 'ഹിൽസ്ബീൻ ചോക്ലേറ്റ്' എന്ന ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നു. കർഷകന്റെ വിളയിൽ നിന്ന് സ്വന്തം ബ്രാൻഡിലേക്ക്' എന്ന ആശയത്തിന് പുതിയ മാതൃക**

പ്രദേശത്തെ കർഷകരുടെ ഉൽപന്നങ്ങൾക്ക് മികച്ച വില ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നബാർഡിന്റെ ധനസഹായത്തോടെ ആരംഭിച്ച ഹിൽ ഗ്രോൺ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി 2016 സെപ്റ്റംബർ 30-ന് രജിസ്റ്റർ ചെയ്തു. ഇന്ന് 670 ഓഹരി ഉടമകളും 10 ഡയറക്ടർമാരും ഒരു സിഇഒയും അടങ്ങുന്ന സ്ഥാപനമായി വളർന്ന കമ്പനി തേങ്ങ, കൊക്കോ, ഗ്രാമ്പു, അടയ്ക്ക, ജാതിക്ക, കുരുമുളക് തുടങ്ങിയ കാർഷിക ഉൽപന്നങ്ങൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിച്ച് മികച്ച വിലയിൽ വിപണിയിലെത്തിക്കുന്നു.





കമ്പനിയുടെ ഏറ്റവും ശ്രദ്ധേയമായ ചുവടുവയ്പ്പാണ് കൊക്കോയിൽ നിന്ന് സ്വന്തം ചോക്ലേറ്റ് നിർമ്മിക്കുന്ന യൂണിറ്റ്. 2022 നവംബർ 21-ന് പ്രവർത്തനം ആരംഭിച്ച യൂണിറ്റിൽ കർഷകരിൽനിന്ന് സംഭരിക്കുന്ന കൊക്കോ മൂല്യവർധിതമാക്കി 'ഹിൽസ്ബീൻ ചോക്ലേറ്റ്' എന്ന ബ്രാൻഡിലാണ് വിപണിയിലെത്തിക്കുന്നത്. കർഷകന്റെ കൊക്കോയ്ക്ക് കൂടുതൽ മൂല്യം ഉറപ്പാക്കുന്നതിനൊപ്പം, പ്രാദേശിക കാർഷിക ഉൽപന്നത്തിന് സ്വന്തം ബ്രാൻഡും വിപണിയും സൃഷ്ടിക്കുകയാണ് ഈ സംരംഭം.

2026 ഓഗസ്റ്റിൽ സംസ്ഥാനത്തെ മികച്ച ഫാർമർ പ്രൊഡ്യൂസർ കമ്പനികളിലൊന്നായി തിരഞ്ഞെടുക്കപ്പെട്ട ഹിൽ ഗ്രോൺ ഇപ്പോൾ ഉൽപാദനശേഷി ഇരട്ടിയാക്കാനുള്ള നടപടികളിലാണ്. കാവിലുംപാറ പഞ്ചായത്തിലെ ചാത്തൻകോട്ടുനടയിൽ പ്രവർത്തിക്കുന്ന പ്ലാന്റും ഓഫീസും 'കർഷകന്റെ വിളയിൽ നിന്ന് സ്വന്തം ബ്രാൻഡിലേക്ക്' എന്ന ആശയത്തിന് പുതിയ മാതൃകയാവുകയാണ്.

സ്വപ്നങ്ങൾ കണ്ടു മുന്നേറിയ ഇവർ
പ്രതിസന്ധികളെ തരണം ചെയ്ത
സംരംഭങ്ങൾ വളർത്തിയ താമ
**പുതുസംരംഭകരെ**

## ഇനി പരീക്ഷണ

**തെങ്ങ് കൃഷി ലാഭകരമാണെന്ന് ഈ വ**
**സംസ്ഥാന അവാർഡ് ജേതാവ് ചെ**

16-ാം വയസ്സിലാണ് ഞാൻ കൃഷിയിലേക്ക് ഇറങ്ങുന്നത്. വ
ത്ത് തെങ്ങ് കൃഷി ആരംഭിക്കുകയായിരുന്നു. ജലലഭ്യത
യിൽ നിന്ന് വെള്ളമെത്തിച്ച് ഭാര്യ ആലീസിനൊപ്പം തെങ്ങുക
വർഷത്തോളം പഴക്കമുള്ള 100 തെങ്ങുകളാണ് തോട്ടത്തിലു
ഷംതോറും ഏകദേശം 160 തേങ്ങയോളം ലഭിക്കുന്നുണ്ട്. അത
നിന്ന് മികച്ച വരുമാനം നേടാനാകുമെന്നാണ് എന്റെ അനുഭവ

തെങ്ങിനൊപ്പം ഒന്നര ഏക്കറിൽ വാഴ, കമുക്, കുരുമുളക്
ചെയ്യുന്നുണ്ട്. ജൈവവളമാണ് പ്രധാനമായും ഉപയോഗിക്കുന്ന
ടങ്ങിയ പ്രതിസന്ധികൾ നേരിടേണ്ടിവരുന്നുണ്ട്. കൃഷിയിടത
ിച്ചതും കയ്യാലകളും തടങ്ങളും ഒരുക്കിയതും കൃഷി സംരക
കൃഷിവിജ്ഞാന കേന്ദ്രം എന്നിവിടങ്ങളിൽ നിന്നുള്ള നിർദേ
മികച്ച കർഷകനുള്ള കേര കേസരി പുരസ്കാരം ലഭിച്ചതും
ഗീകാരമാണ്.

ജാതി കൃഷിയിൽ ഒരുകൈ നോക്കണമെന്നുണ്ട്. ഈ വ
ടത്തിലെ ജൈവപരിപാലനം തുടരുന്നതിനൊപ്പം ലഭ്യമായ
പ്പെടുത്തി കൃഷിയെ കൂടുതൽ ലാഭകരമാക്കുകയാണ് ലക്ഷ്യ
കാര്യങ്ങൾ പുതിയ തലമുറയിലെ കർഷകരിലേക്കും എത്തിക

ഫോൺ: **9605062042**

## നാട്ടിലെ വിഭവങ്ങൾ



ഷൈല ജോസ്
അറയ്ക്കൽ,
കൂരാച്ചുണ്ട്

**ചക്ക വരട്ടിയത്, ചക്ക**
**ചക്ക പപ്പടം തുട**

2018ലാണ് ഞാൻ ഈ സംര
ചക്കയും കപ്പയും മാങ്ങ
ല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റാമെ
ചക്ക ബർഫി, ചക്ക ഹൽവ, ചക്ക
ച്ചാണ് തുടക്കം. ആവശ്യക്കാർ കൂടിയ
ഉൽപാദനത്തിനും പാക്കിങ്ങിനുമുള്ള



ആദ്യഘട്ടത്തിൽ ചെറിയ തോതില
ടെ ഉൽപന്നങ്ങളുടെ എണ്ണം കൂട്ടി വി
വിവിധ പ്രദർശനങ്ങൾ എന്നിവയിലൂ
വരുമാനം ലഭിക്കുന്നുണ്ടെങ്കിലും അ
ണിയിലെ മത്സരം, ഉൽപന്നങ്ങൾ കേട
വെല്ലുവിളികളാണ്. ഗുണമേന്മയിൽ വ
റ്റിക്കുരുമുളകും കൈതച്ചക്കയും കൃഷ

ഇനി കൂടുതൽ കാർഷിക ഉൽപ
ക്കുകയാണ് ലക്ഷ്യം. ഇപ്പോഴുള്ള വ
എത്തിക്കാനും, ഉൽപാദനം വർധിപ്പിച്ച
നാട്ടിലെ കാർഷിക വിഭവങ്ങൾക്ക് പു
ഒരുപോലെ പ്രയോജനപ്പെടുന്ന രീതി

ഫോൺ: **9567523118**

# വലിയ സ്വപ്നങ്ങൾ

ൾ ഇന്ന് പലർക്കും പ്രചോദനമാണ്.
ന്, മികച്ച ഗുണമേന്മ ഉറപ്പാക്കി
മരശ്ശേരി രൂപതാംഗങ്ങളായ
ം പരിചയപ്പെടാം.



## ം ജാതിയിൽ

### ർഷത്തെ കേരകേസരി
### ക. കെ. സേവ്യർ



കെ. കെ. സേവ്യർ
കാര്യാവിൽ,
ചെമ്പനോട

ംബർ മുറിച്ചുമാറ്റി രണ്ടേക്കർ സ്ഥല
കുറവായിരുന്നെങ്കിലും കടന്തറപ്പുഴ
ൾ പരിപാലിച്ചു വളർത്തി. ഇന്ന് 31
ള്ളത്. ഓരോ തെങ്ങിൽനിന്നും വർ
ുകൊണ്ടുതന്നെ തെങ്ങുകൃഷിയിൽ
ം.

്, വിവിധ ഫലവൃക്ഷങ്ങളും കൃഷി
ന്നത്. വന്യമൃഗശല്യം, ജലലഭ്യത തു
തിന് ചുറ്റും ജിഐ വേലി സ്ഥാപ
ഷിക്കാൻ സഹായിച്ചു. കൃഷിഭവൻ,
ദശങ്ങളും ഏറെ പ്രയോജനപ്പെട്ടു.
ഈ കൃഷിയാത്രയിലെ വലിയ അം

ർഷം തന്നെ ജാതി നടും. കൃഷിയി
വിഭവങ്ങൾ പരമാവധി പ്രയോജന
. വർഷങ്ങളായി അനുഭവിച്ചറിഞ്ഞ
ക്കണമെന്നാണ് ആഗ്രഹം.

## ക്ക് പുതിയ വിപണി

### ബർഫി, ചക്ക ഹൽവ, ചക്ക ഫ്രൈ,
### ങ്ങിയവ തയ്യാറാക്കി വിൽക്കുന്നു

ംഭത്തിലേക്ക് എത്തുന്നത്. നാട്ടിൽ സുലഭമായി ലഭിക്കുന്ന
യും പോലുള്ള കാർഷിക ഉൽപന്നങ്ങൾ പാഴാകാതെ മൂ
ന്ന ആശയമാണ് തുടക്കത്തിന് കാരണം. ചക്ക വരട്ടിയത്,
ഫ, ചക്ക പപ്പടം തുടങ്ങിയ ഉൽപന്നങ്ങൾ വീട്ടിൽ പരീക്ഷി
തതോടെ കൂടുതൽ പഠിക്കുകയും പരിശീലനം നേടുകയും
സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു.

ായിരുന്നു ഉൽപാദനം. പിന്നീട് ആവശ്യക്കാർ വർധിച്ചതോ
പണി കണ്ടെത്തി. കുടുംബശ്രീ, പ്രാദേശിക വിപണികൾ,
ടെ ഉൽപന്നങ്ങൾക്ക് കൂടുതൽ ഉപഭോക്താക്കളെ ലഭിച്ചു.
സംസ്കൃത വസ്തുക്കളുടെ വില, ഉൽപാദനച്ചെലവ്, വിപ
ാകാതെ സൂക്ഷിക്കാനുള്ള ബുദ്ധിമുട്ടുകൾ എന്നിവ വലിയ
ിട്ടുവീഴ്ച ചെയ്യാതെയാണ് ഇതെല്ലാം മറികടക്കുന്നത്. കു
ി ചെയ്യുന്നുണ്ട്.

ന്നങ്ങളിൽ നിന്ന് മൂല്യവർധിത ഉൽപന്നങ്ങൾ വികസിപ്പി
ിപണി വിപുലീകരിച്ച് കൂടുതൽ ഉപഭോക്താക്കളിലേക്ക്
് കൂടുതൽ പേർക്ക് തൊഴിൽ നൽകാനും ആഗ്രഹിക്കുന്നു.
തിയ വിപണി കണ്ടെത്തി, കർഷകർക്കും സംരംഭകർക്കും
യിൽ ഈ സംരംഭത്തെ വളർത്തുകയാണ് എന്റെ സ്വപ്നം.

## പാലിന് ഏറ്റവും മികച്ച വില ലഭിക്കണം

### ഫ്രഷ് പാൽ, തൈര്, നെയ്യ്, പനീർ തുടങ്ങിയ ഉൽപന്നങ്ങൾ 'മൂഫ്രെഷ്' എന്ന ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നു



ലിനോ വർഗീസ്
വാകാനിയിൽ,
മരഞ്ചാട്ടി

നമ്മൾ ഉൽപാദിപ്പിക്കുന്ന പാലിന് ഏറ്റവും മികച്ച വില ലഭിക്കണം എന്ന ചിന്തയിൽ നിന്നാണ് മൂഫ്രെഷ് എന്ന സംരംഭത്തിലേക്ക് എത്തുന്നത്. അതോടൊപ്പം, സമീപത്തെ ക്ഷീരകർഷകരിൽനിന്ന് അവർക്ക് മികച്ച പ്രോത്സാഹനം നൽകി പാൽ സംഭരിച്ച് അവരെയും ഈ സംരംഭത്തിന്റെ ഭാഗമാക്കണമെന്ന ആഗ്രഹമുണ്ടായിരുന്നു. വയനാട്ടിലെ ലില്ലീസ് ഡയറി ഫാമാണ് പ്രധാന പ്രചോദനമായത്. അങ്ങനെയാണ് കർഷകരിൽനിന്ന് പാൽ ശേഖരിച്ച് ഗുണമേന്മയോടെ നേരിട്ട് വിപണിയിലെത്തിക്കുന്ന 'മൂഫ്രെഷ്' എന്ന ബ്രാൻഡിന് തുടക്കമിട്ടത്.

ഫ്രഷ് പാൽ, തൈര്, നെയ്യ്, പനീർ തുടങ്ങിയ ഉൽപന്നങ്ങളാണ് ഇപ്പോൾ വിപണിയിലെത്തിക്കുന്നത്. തുടക്കത്തിൽ ഏറ്റവും വലിയ വെല്ലുവിളി വിപണി കണ്ടെത്തുന്നതും ഉൽപന്നങ്ങളുടെ ഗുണമേന്മ ഉപഭോക്താക്കളെ ബോധ്യപ്പെടുത്തുന്നതുമായിരുന്നു. ആളുകൾ ഉൽപന്നങ്ങൾ വാങ്ങി ഉപയോഗിക്കുകയും ഗുണമേന്മ നേരിട്ട് മനസ്സിലാക്കുകയും ചെയ്തതോടെ വിശ്വാസം നേടാൻ കഴിഞ്ഞു. അതാണ് സംരംഭത്തിന്റെ വളർച്ചയ്ക്ക് പ്രധാന കാരണം.




കൂടുതൽ പാൽ ഉൽപന്നങ്ങൾ വിപണിയിലെത്തിച്ച് സംരംഭം വിപുലീകരിക്കുകയാണ് ഇനി ലക്ഷ്യം. ക്ഷീരകർഷകർക്ക് മികച്ച വിലയും പ്രോത്സാഹനവും ഉറപ്പാക്കിക്കൊണ്ട് അവരെയും ഈ വളർച്ചയുടെ ഭാഗമാക്കണം. പുതിയതായി സംരംഭത്തിലേക്ക് എത്തുന്നവരോട് പറയാനുള്ളത്, ചെയ്യുന്ന ഉൽപന്നം 100 ശതമാനം ഗുണമേന്മയോടെ വിപണിയിലെത്തിക്കാൻ ശ്രമിക്കണം എന്നതാണ്. ഗുണമേന്മയിൽ വിട്ടുവീഴ്ച ചെയ്യാതെ മുന്നോട്ടുപോയാൽ ഉപഭോക്താക്കളുടെ വിശ്വാസം നേടാനാകും.

ഫോൺ: **9656637066**

## 365 ദിവസവും കുമ്പിളപ്പം



### ചക്കയിൽ നിന്ന് തുടങ്ങിയ സംരംഭം; പ്രതിസന്ധികൾക്ക് ഇടയിലുംഅണയാതെ കാത്തൊരു സ്വപ്നം.



നിഷ ജോജോ
കാഞ്ഞിരക്കാട്ടുകുന്നേൽ,
പുല്ലൂരാംപാറ

വീടിനോട് ചേർന്ന് ഒരു സംരംഭം തുടങ്ങുക എന്ന ആഗ്രഹം മനസ്സിൽ വന്നപ്പോൾ ആദ്യം വന്ന ബിസിനസ് ആശയം, ചക്കിലാട്ടിയ ശുദ്ധമായ വെളിച്ചെണ്ണ, ഉല്പാദിപ്പിക്കുകയും കൊടുക്കുകയും ചെയ്യുന്ന ഒരു ചെറിയ മില്ലും കടയും. പക്ഷേ, പിന്നീട് ഇതേക്കുറിച്ച് പഠിച്ചപ്പോൾ മനസ്സിലായി രണ്ട് കിലോമീറ്ററിൽ ഒരു കട വീതം ഇത്തരത്തിൽ ചെയ്യുന്നുണ്ട്.

ലക്ഷദ്വീപിൽ ട്രെയിനിങ്ങിന് പോയ എന്റെ ഭർത്താവ് അവിടെ നിന്നു ട്യൂണ മത്സ്യം ഉണങ്ങിയത് കൊണ്ടുവന്നു. അത് ഇടിയിറച്ചി പരുവത്തിൽ ഇടിച്ച് പൊടിച്ച്, അതുകൊണ്ട് കട്‌ലറ്റ് ഉണ്ടാക്കി കൊടുത്താലോ എന്നായി ആലോചന. അതിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്തു. പക്ഷേ, എന്തുകൊണ്ടോ ആളുകൾക്ക് പൊതുവിൽ താല്പര്യം കുറവായിരുന്നു. എണ്ണക്കടി അല്ലാതെ, ചക്കപ്പഴത്തിൽ നിന്നുള്ള ഒരു വിഭവം ഉണ്ടാക്കാം എന്നായി ചിന്ത. ഇടന ഇലയിൽ പൊതിഞ്ഞ ആവിയിൽ വേവിക്കുന്ന കുമ്പിളപ്പം (പൂച്ചയപ്പം) ഉണ്ടാക്കാം എന്ന് തീരുമാനിക്കുന്നു. ട്രയൽ ചെയ്ത് നോക്കി. ആളുകൾക്ക് ഇഷ്ടപ്പെട്ടു. വർഷം മുഴുവൻ ഉണ്ടാക്കണമെങ്കിൽ ചക്കപ്പഴം സീസണിൽ തന്നെ ശേഖരിച്ച് പ്രോസസ് ചെയ്ത് സൂക്ഷിക്കണം. കഴിഞ്ഞ വർഷം ജൂലൈയിൽ, ചക്കയുടെ സീസൺ അവസാനിക്കുന്നതിന് മുമ്പ് കിട്ടാവുന്ന പറമ്പുകളിൽ നിന്നെല്ലാം ചക്ക ശേഖരിച്ചു. വീട്ടുകാരുടെയും അയൽപക്കത്തുള്ളവരുടെയും സഹകരണത്തോടെ അത് പ്രോസസ് ചെയ്തു. ചക്ക ശേഖരിക്കുന്നതിലും വേണ്ടരീതിയിൽ സംഭരിക്കുന്നതിനും ഭർത്താവിന്റെ പിതാവ് കെ. സി. ചാക്കോ സജീവമായി സഹായിച്ചു. എഴുപത്തിയെട്ടുകാരനായ അദ്ദേഹത്തിന്റെ പിന്തുണ വലിയൊരു കരുത്തായിരുന്നു.

365 ദിവസവും കുമ്പിളപ്പം കിട്ടുന്ന കട എന്നു പരസ്യം ചെയ്ത്, ഫെയ്സ്ബുക്കിലും വാട്സ്ആപ്പിലും പോസ്റ്ററുകൾ ഇട്ടു. ആളുകൾ പതിയെ പതിയെ, വന്നു തുടങ്ങി. ആനക്കാംപൊയിൽ ഒരു ടൂറിസം മേഖലയായതുകൊണ്ട് അവിടേക്ക് പോകുന്ന ആളുകൾ വാഹനം നിർത്തി, കഴിക്കാനും വീട്ടുകാർക്കുള്ള പാർസലായും സാധനങ്ങൾ വാങ്ങി തുടങ്ങി. അങ്ങനെ കുമ്പിളപ്പത്തിന്റെ കട പതിയെ പതിയെ പ്രസിദ്ധമായി തുടങ്ങി.

അപ്പോഴാണ് പ്രതീക്ഷിക്കാതെ ഒരു അതിഥി എന്നെ തേടിയെത്തിയത്. ബ്രസ്റ്റ് ക്യാൻസർ സ്റ്റേജ് 2. അങ്ങനെ ആറു മാസം ചികിത്സയുടെ ദിനങ്ങൾ. കീമോയും സർജറിയും റേഡിയേഷനും കഴിഞ്ഞ്, ഇപ്പോൾ വീണ്ടും പൂർവാധികം ശക്തിയോടെ, ഈ ചെറിയ സംരംഭവുമായി മുന്നോട്ടുപോകുന്നു.

365 ദിവസവും കുമ്പിളപ്പം കിട്ടുന്ന കട എന്ന പേര് നിലനിർത്താൻ, അയൽപക്കത്തുള്ള മോളിയും ജെസ്സിയും കട്ടക്ക് കൂടെ നിന്നു. ആശുപത്രിയും വിശ്രമവുമായി ഞാൻ മാറി നിന്നപ്പോൾ, അവരാണ് സംരംഭം മുന്നോട്ട് കൊണ്ടുപോയത്. ഒറ്റയ്ക്ക് ജയിക്കാൻ സാധിക്കാത്തപ്പോൾ സംഘബലം കൊണ്ട് അത് സാധിക്കും എന്ന വലിയ പാഠം ഈ അനുഭവം എന്നെ പഠിപ്പിച്ചു.

വരുംവർഷങ്ങളിൽ, ദിവസവും ആയിരവും രണ്ടായിരവും കുമ്പിളപ്പം ഉണ്ടാക്കി വിൽക്കുന്ന ഒരു പ്രസ്ഥാനമായി ഇതിനെ മാറ്റണമെന്നാണ് ആഗ്രഹം.

ഫോൺ: **9349319311**

കൃഷി

# തുറക്കുന്ന തൊഴിൽ ലോകം



**അനുദിനം വളർന്നുകൊണ്ടിരിക്കുന്നതും ഏറെ തൊഴിൽ സാധ്യതകൾ ഭാവിയിൽ ആവശ്യമായി വരുന്ന കൃഷിശാസ്ത്ര പഠന കോഴ്സുകളെയും, സ്ഥാപനങ്ങളെയും, തൊഴിൽ സാധ്യതകളെയും പരിചയപ്പെടാം.**

## വിദ്യാധനം



പ്രഫ. ചാർലി കട്ടക്കയം

ഒരു കാലത്ത് കൃഷി എന്നത് പരമ്പരാഗത കൃഷിരീതികളിൽ മാത്രം ഒതുങ്ങിയിരുന്ന ഒരു മേഖലയായി കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് കൃഷിശാസ്ത്രം (Agriculture) ഇന്ത്യയിലെ ഏറ്റവും വേഗത്തിൽ വളരുന്ന വിജ്ഞാനമേഖലകളിൽ ഒന്നായി മാറികഴിഞ്ഞിരിക്കുന്നു.

ജീവശാസ്ത്രം, ജനിതകശാസ്ത്രം, ബയോടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡ്രോൺ സാങ്കേതിക വിദ്യ, കാലാവസ്ഥാ പഠനം, സാമ്പത്തികശാസ്ത്രം, എൻജിനീയറിങ്, സംരംഭകത്വം എന്നിവയെ സമന്വയിപ്പിക്കുന്ന ബഹുമുഖ പഠനശാഖയായി കൃഷിശാസ്ത്രം മാറി.

### കൃഷി പഠനം – എന്തുകൊണ്ട്

ലോകജനസംഖ്യ വർധിക്കുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നത് എല്ലാ രാജ്യങ്ങളുടെയും പ്രധാന വെല്ലുവിളിയാണ്. ഈ വെല്ലുവിളിയെ നേരിടാൻ പ്രഗത്ഭരായ കാർഷികവിദഗ്ധരുടെ ആവശ്യകത ദിനംപ്രതി വർധിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ കൃഷിശാസ്ത്രം പഠിക്കുന്നവർക്ക് സർക്കാർ, സ്വകാര്യ, അന്തർദേശീയ മേഖലകളിൽ മികച്ച തൊഴിൽസാധ്യതകളാണ് ഇന്ന് ലഭ്യമാകുന്നത്.

വിവിധ കാർഷിക വകുപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, ബാങ്കുകൾ, ബഹുരാഷ്ട്ര കമ്പനികൾ, അന്തർദേശീയ സംഘടനകൾ എന്നിവിടങ്ങളിലും തൊഴിൽ നേടാനാകും. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ICAR), വിവിധ കാർഷിക സർവകലാശാലകൾ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഗവേഷണരംഗത്ത് മികച്ച അവസരങ്ങളുണ്ട്. അതോടൊപ്പം അഗ്രി–സ്റ്റാർട്ടപ്പുകൾ, ഓർഗാനിക് ഫാമിങ്, അഗ്രി–ബിസിനസ് എന്നീ മേഖലകളിൽ സംരംഭകരാകാനും ധാരാളം അവസരങ്ങളുണ്ട്.

### കൃഷി വിദ്യാഭ്യാസം

പ്ലസ്ടുവിൽ ബയോളജി അല്ലെങ്കിൽ മാത്തമാറ്റിക്സ് പഠിച്ച് വിജയിച്ച വിദ്യാർത്ഥികൾക്ക് നാലുവർഷത്തെ ബിഎസ്സി (ഓണേഴ്സ്) അഗ്രികൾച്ചർ കോഴ്സിൽ പ്രവേശിക്കാം. തുടർന്ന് രണ്ട് വർഷത്തെ എംഎസ്സി അഗ്രികൾച്ചറും, തുടർന്ന് മൂന്ന് മുതൽ അഞ്ച് വർഷം വരെ ദൈർഘ്യമുള്ള പിഎച്ച്ഡി പഠനവും പൂർത്തിയാക്കി ശാസ്ത്രജ്ഞൻ, പ്രൊഫസർ, കാർഷിക ഓഫീസർ, ഗവേഷകൻ, കൺസൾട്ടന്റ്, സംരംഭകൻ എന്നീ നിലകളിലേക്ക് ഉയരാൻ കഴിയും.

### ബിരുദതല കോഴ്സുകൾ

ബിഎസ്സി അഗ്രികൾച്ചറിന് പുറമെ ബിഎസ്സി ബോട്ടണി, ഹോർട്ടികൾച്ചർ, ഫോറസ്ട്രി, അഗ്രികൾച്ചറൽ ബയോടെക്നോളജി, അഗ്രികൾച്ചറൽ എൻജിനീയറിങ്, ഫുഡ് ടെക്നോളജി, ക്ലൈമറ്റ് ചേഞ്ച് ആൻഡ് എൻവയോൺമെന്റൽ സയൻസ്, ഫിഷറീസ്, വെറ്ററിനറി സയൻസ് തുടങ്ങിയ നിരവധി കോഴ്സുകൾ ഇന്ന് വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കാനാവും.

### കേരളത്തിലെ പ്രധാന പഠനകേന്ദ്രങ്ങൾ

കേരള കാർഷിക സർവകലാശാല (KAU) രാജ്യത്തെ മികച്ച കാർഷിക സർവകലാശാലകളിലൊന്നാണ്. തൃശൂർ വെള്ളാണിക്കരയിലെ കോളജ് ഓഫ് അഗ്രികൾച്ചർ, തിരുവനന്തപുരം വെള്ളായണിയിലെ കോളജ് ഓഫ് അഗ്രികൾച്ചർ, വയനാട്ടിലെ അമ്പലവയൽ കോളജ് ഓഫ് അഗ്രികൾച്ചർ, കാസർഗോഡ് പടന്നക്കാടുള്ള കോളജ് ഓഫ് അഗ്രിക്കൾച്ചർ എന്നിവിടങ്ങളിൽ ബിഎസ്സി (ഓണേഴ്സ്), എംഎസ്സി, പിഎച്ച്ഡി. കോഴ്സുകൾ ലഭ്യമാണ്.



അഗ്രോണമി, ജനിതകശാസ്ത്രവും സസ്യപ്രജനനവും, സസ്യരോഗശാസ്ത്രം, മണ്ണുശാസ്ത്രം, കീടശാസ്ത്രം, ഹോർട്ടികൾച്ചർ, കാർഷിക സാമ്പത്തികശാസ്ത്രം, കാർഷിക വിപുലീകരണം, സീഡ് സയൻസ് തുടങ്ങിയ വിഷയങ്ങളിൽ ഉന്നതപഠനവും ഗവേഷണവും നടത്താൻ ഇവിടെ അവസരമുണ്ട്. ഇതിനുപുറമെ ഫോറസ്ട്രി, അഗ്രികൾച്ചറൽ എൻജിനീയറിങ്, ഫുഡ് ടെക്നോളജി, ക്ലൈമറ്റ് ചേഞ്ച് ആൻഡ് എൻവയോൺമെന്റൽ സയൻസ്, കോ–ഓപ്പറേഷൻ, ബാങ്കിങ് ആൻഡ് മാനേജ്മെന്റ് എന്നീ വിഷയങ്ങൾക്കായി കേരള കാർഷിക സർവകലാശാലയിലും സർവകലാശാലയുടെ കീഴിലുള്ള കോളജുകളിലും കോഴ്സുകൾ ഉണ്ട്.

### ദേശീയ സ്ഥാപനങ്ങൾ

രാജ്യത്തെ മറ്റ് പ്രമുഖ കാർഷിക സർവകലാശാലകളായ ഐ.സി.എ.ആർ– ഇന്ത്യൻ അഗ്രികൾച്ചറൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ന്യൂഡൽഹി), തമിഴ്നാട് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, പഞ്ചാബ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, ഗോവിന്ദ് വല്ലഭ് പന്ത് യൂണിവേഴ്സിറ്റി ഓഫ് അഗ്രികൾച്ചർ (ഉത്തരാഖണ്ഡ്), യൂണിവേഴ്സിറ്റി ഓഫ് അഗ്രികൾച്ചറൽ സയൻസസ് (ബെംഗളൂരു), ആസാം അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, ആചാര്യ എൻ. ജി. രംഗ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, ചൗധരി ചരൺ സിങ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി (ഹരിയാന) എന്നിവ ശ്രദ്ധേയമാണ്.

### ഗവേഷണരംഗം

കൃഷി അനുബന്ധ വിഷയങ്ങളിൽ എംഎസ്സിയും പിഎച്ച്ഡിയും പൂർത്തിയാക്കുന്നവർക്ക് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ (ICAR) കീഴിലുള്ള നിരവധി ഗവേഷണ സ്ഥാപനങ്ങളിൽ ജോലി ചെയ്യാം. കോഴിക്കോട് ചെലവൂരിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (IISR), തിരുവനന്തപുര ത്തെ സെൻട്രൽ ട്യൂബർ ക്രോപ്സ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CT-CRI) കാസർകോഡുള്ള സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CPCRI), കോട്ടയം റബർ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (Rubber Research Institute of India ) എന്നിവ കേരളത്തിലെ പ്രധാന ഗവേഷണ കേന്ദ്രങ്ങളാണ്. കൂടാതെ നെല്ല്, ഹോർട്ടികൾച്ചർ, സസ്യജനിതക വിഭവങ്ങൾ, സസ്യബയോടെക്നോളജി, കാർഷിക സ്ഥിതിവിവരക്കണക്ക് തുടങ്ങിയ മേഖലകളിൽ രാജ്യത്തുടനീളം വിവിധ ദേശീയ ഗവേഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കേരളത്തിലെ മിക്കവാറും എല്ലാ പ്രമുഖ എയ്ഡഡ് കോളജുകളിലും ബിഎസ്സി ബോട്ടണി, എംഎസ്സി ബോട്ടണി കോഴ്സുകളുണ്ട്. ദേവഗിരി, പ്രോവിഡൻസ്, ഇരിങ്ങാലക്കുട ക്രൈസ്റ്റ് തുടങ്ങിയ കോളജുകളിൽ റിസർച്ച് സൗകര്യവുമുണ്ട്.

### നൂതന മേഖലകൾ

ഇന്നത്തെ കാർഷികരംഗം അതിവേഗ സാങ്കേതിക മുന്നേറ്റത്തിന്റെ കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. പ്രിസിഷൻ അഗ്രികൾച്ചർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡ്രോൺ ടെക്നോളജി, റിമോട്ട് സെൻസിങ്, ജീനോമിക്സ്, CRISPR സാങ്കേതികവിദ്യ, കാലാവസ്ഥാ സൗഹൃദ കൃഷി, ഓർഗാനിക് ഫാമിങ്, അഗ്രി–ബിസിനസ്, സീഡ് ടെക്നോളജി തുടങ്ങിയ മേഖലകൾ ഭാവിയിലെ തൊഴിൽ സാധ്യതകൾ നിർണയിക്കുന്ന പ്രധാന മേഖലകളാണ്.

### പ്രവേശനപരീക്ഷകൾ

KEAM പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രധാനമായും കേരള കാർഷിക സർവകലാശാലയിലെ ബിരുദ പ്രവേശനം. ദേശീയതലത്തിൽ CUET-UG വഴിയും വിവിധ കാർഷിക സർവകലാശാലകളിൽ പ്രവേശനം ലഭിക്കും. ബിരുദാനന്തര പഠനത്തിനായി ICAR AIEEA (PG), CUET-PG, സർവകലാശാലാ പ്രവേശന പരീക്ഷകൾ എന്നിവയും പിഎച്ച്ഡി. പ്രവേശനത്തിനായി ICAR AICE-JRF/SRF, UGC-NET, ASRB-NET, Agricultural Research Service (ARS) പരീക്ഷകളും പ്രധാനമാണ്.

### സ്കോളർഷിപ്പുകൾ

ഐ.സി.എ.ആർ. പിജി സ്കോളർഷിപ്പ്, JRF, SRF, സംസ്ഥാന സർക്കാർ സ്കോളർഷിപ്പുകൾ, സർവകലാശാല ഫെലോഷിപ്പുകൾ എന്നിവ വിദ്യാർഥികൾക്ക് സാമ്പത്തിക പിന്തുണ നൽകുന്നു.

### തൊഴിൽസാധ്യതകൾ

കൃഷിശാസ്ത്ര ബിരുദധാരികൾക്ക് കാർഷിക ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ശാസ്ത്രജ്ഞൻ, കാർഷിക വിപുലീകരണ ഓഫീസർ, സീഡ് സർട്ടിഫിക്കേഷൻ ഓഫീസർ, മണ്ണ് സംരക്ഷണ ഓഫീസർ, പ്ലാന്റേഷൻ ഓഫീസർ, കൃഷി വിജ്ഞാനകേന്ദ്രങ്ങളിലെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ്, അസിസ്റ്റന്റ് പ്രൊഫസർ, പ്രൊഫസർ, കാർഷിക ഗവേഷണ സേവനത്തിലെ ഉദ്യോഗസ്ഥൻ എന്നീ നിലകളിൽ പ്രവർത്തിക്കാം.

NABARD, Food Corporation of India, Spices Board, Coffee Board, Tea Board, Rubber Board, Coconut Development Board, വിവിധ സംസ്ഥാന കാർഷിക വകുപ്പുകൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും മികച്ച തൊഴിൽസാധ്യതകളുണ്ട്.

സ്വകാര്യ മേഖലയിൽ Bayer, Syngenta, BASF, Corteva, UPL, IFFCO, KRIBHCO, Coromandel International, Jain Irrigation, DeHaat, Ninjacart തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളിൽ അഗ്രോണമിസ്റ്റ്, പ്ലാന്റ് ബ്രീഡർ, റിസർച്ച് അസോസിയേറ്റ്, ടെക്നിക്കൽ ഓഫീസർ, ക്വാളിറ്റി കൺട്രോൾ ഓഫീസർ, സീഡ് പ്രൊഡക്ഷൻ ഓഫീസർ, പ്രൊഡക്ട് ഡെവലപ്മെന്റ് സയന്റിസ്റ്റ്, അഗ്രി–ബിസിനസ് മാനേജർ തുടങ്ങിയ നിലകളിലും പ്രവർത്തിക്കാം.

ഭക്ഷ്യസുരക്ഷയും പരിസ്ഥിതി സംരക്ഷണവും സുസ്ഥിര വികസനവും ഒരുപോലെ പ്രധാന്യമർഹിക്കുന്ന ഈ കാലഘട്ടത്തിൽ കൃഷിശാസ്ത്രം ഒരു സാധാരണ പഠനശാഖയല്ല, മറിച്ച് സമൂഹത്തിന്റെ ഭാവി രൂപപ്പെടുത്തുന്ന ശാസ്ത്രമാണ്. ശാസ്ത്രീയ അറിവും സാങ്കേതികവിദ്യയും സാമൂഹികപ്രതിബദ്ധതയും സംയോജിപ്പിച്ച് ലോകത്തെ പോഷിപ്പിക്കുന്ന തലമുറയെ സൃഷ്ടിക്കുന്ന മേഖലയാണ് ഇത്. അതിനാൽ ശാസ്ത്രവിഷയങ്ങളിൽ താൽപര്യമുള്ള വിദ്യാർഥികൾക്ക് മികച്ച തൊഴിൽ, ഗവേഷണം, സംരംഭകത്വം എന്നിവ ഒരുമിച്ച് നൽകുന്ന ഏറ്റവും പ്രതീക്ഷയുള്ള കരിയർ തിരഞ്ഞെടുപ്പുകളിൽ ഒന്നാണ് കൃഷിപഠനം.

# മറിയത്തിന്റെ കണ്ണുകളിലൂടെ ക്രിസ്തുവിനെ കാണുമ്പോൾ

മലബാർ വിഷൻ

ജപമാലയുടെ യഥാർത്ഥ അളവ് എത്ര മണികൾ പൂർത്തിയാക്കി എന്നതിലല്ല; ക്രിസ്തുവിന്റെ രഹസ്യങ്ങൾ നമ്മുടെ ജീവിതത്തെ എത്രമാത്രം സ്പർശിച്ചു എന്നതിലാണ്.



ഫാ. ജ്യോതിസ് ചെറുശ്ശേരിൽ
(കെസിവൈഎം താമരശ്ശേരി രൂപതാ ഡയറക്ടർ)

ജപമാലപ്രാർത്ഥനയ്ക്ക് നമ്മുടെ നാട്ടിൽ ഒരു പ്രത്യേക ജീവനുണ്ട്. അത് പുസ്തകങ്ങളിൽ മാത്രം ജീവിക്കുന്നില്ല. വീടുകളിലും ആശുപത്രിമുറികളിലും യാത്രകളിലും ശവസംസ്കാരശുശ്രൂഷകളിലും തിരുനാൾ രാത്രികളിലും, സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും ഇടങ്ങളിലുമെല്ലാം ജപമാല സഞ്ചരിക്കുന്നു. എന്നാൽ നൂറ്റാണ്ടുകളായി ഇത്രയും മനുഷ്യരുടെ അധരങ്ങളിൽ നിലനിന്ന ഈ പ്രാർത്ഥനയെ നാം എത്രമാത്രം മനസ്സിലാക്കിയിട്ടുണ്ട്?

ജപമാലയിൽ 'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ആവർത്തിക്കുന്നു. അതുകൊണ്ടുതന്നെ ജപമാലയെ ഒരു മരിയൻ ഭക്തിപ്രാർത്ഥനയായി വിശേഷിപ്പിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ ജപമാലയുടെ ആന്തരിക ഘടന ശ്രദ്ധിച്ചാൽ മറ്റൊരു ചിത്രം തെളിയും. 'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥനയുടെ മധ്യത്തിൽ നാം പറയുന്നത്: 'അങ്ങയുടെ ഉദരഫലമായ യേശു അനുഗ്രഹീതനാകുന്നു.' മറിയത്തിന്റെ പേര് ഉച്ചരിക്കുന്ന ഓരോ പ്രാവശ്യവും പ്രാർത്ഥനയുടെ ശ്രദ്ധ വീണ്ടും യേശുവിലേയ്ക്ക് എത്തുന്നു. ഇത് യാദൃശ്ചികമല്ല. മറിയത്തിന്റെ ജീവിതം തന്നെ അങ്ങനെയാണ്.

കാനായിലെ വിവാഹവിരുന്നിൽ മറിയത്തിന്റെ വാക്കുകൾ ജപമാലയുടെ ആന്തരിക സ്വഭാവം മനസ്സിലാക്കാൻ പ്രധാനമാണ്: 'അവൻ നിങ്ങളോടു പറയുന്നത് ചെയ്യുവിൻ' (യോഹ 2:5). അതിനാൽ ജപമാലയിൽ മറിയത്തെ സ്നേഹത്തോടെ സൂചിക്കുമ്പോഴും, അവളുടെ ജീവിതത്തിലെ സംഭവങ്ങളിലൂടെ നാം സഞ്ചരിക്കുന്നത് യേശുവിനെ കാണാനാണ്. അവൻ മറിയത്തിന്റെ ഉദരത്തിൽ ഉരുവായതു മുതൽ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തതുവരെയുള്ള ഓരോ സംഭവങ്ങളിലും ജപമാലയുടെ ധ്യാനവിഷയം ക്രിസ്തുവിന്റെ മുഖമാണ്.

## ജപമാലയുടെ ചരിത്രം

ഇന്ന് നാം ഉപയോഗിക്കുന്ന ജപമാലയുടെ രൂപം സഭയുടെ പ്രാർത്ഥനാജീവിതത്തിൽ നൂറ്റാണ്ടുകളിലൂടെ വളർന്നുവന്നതാണ്. ആദ്യകാല സന്യാസജീവിതത്തിൽ സങ്കീർത്തനങ്ങൾക്ക് വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ടായിരുന്നു. 150 സങ്കീർത്തനങ്ങൾ ചൊല്ലുക എന്നത് സന്യാസികളുടെ പ്രാർത്ഥനാക്രമത്തിന്റെ ഭാഗമായിരുന്നു. എന്നാൽ എല്ലാവർക്കും സങ്കീർത്തനപുസ്തകങ്ങൾ ലഭ്യമാകാത്തതും ഓരോരുത്തരുടെയും അറിവ് വ്യത്യസ്തമായിരുന്നതുമായ സാഹചര്യത്തിൽ, അതിന് പകരമായി സ്വർഗ്ഗസ്ഥനായ പിതാവേ പോലുള്ള പ്രാർത്ഥനകൾ നിശ്ചിത എണ്ണത്തിൽ ആവർത്തിക്കുന്ന പതിവുകൾ രൂപപ്പെട്ടു.

ഇതോടൊപ്പം മറിയത്തോടുള്ള സഭയുടെ ഭക്തിയും വളർന്നു. ലൂക്കായുടെ സുവിശേഷത്തിലെ മറിയത്തോടുള്ള ദൂതന്റെ അഭിവാദനവും എലിസബത്തിന്റെ ആശംസയും ക്രമേണ സഭയുടെ പ്രാർത്ഥനാജീവിതത്തിൽ ഒന്നിച്ചുചേർന്നു. പിന്നീട് 'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥനയുടെ ഇന്നത്തെ രൂപത്തിലേക്ക് അത് വികസിച്ചു. ഇന്നത്തെ ജപമാല ഒരു ദിവസം ആരെങ്കിലും ഇരുന്ന് രൂപകൽപ്പന ചെയ്ത ഒരു പ്രാർത്ഥനയല്ല. സഭയുടെ ധ്യാനജീവിതം, സന്യാസപാരമ്പര്യം, മരിയഭക്തി, തിരുവെഴുത്ത്, ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചുള്ള ധ്യാനം എന്നിവ പരസ്പരം ചേർന്നാണ് അതിന്റെ രൂപം വളർന്നത്. അതിനാൽ ജപമാലയുടെ ചരിത്രം തന്നെ ഒരു വിധത്തിൽ സഭയുടെ പ്രാർത്ഥനയുടെ ചരിത്രമാണ്.

## ക്രിസ്തുകേന്ദ്രീകൃത ജപമാല

ജപമാലയുടെ ഘടന ശ്രദ്ധാപൂർവം നോക്കിയാൽ അതിന്റെ ക്രിസ്തുകേന്ദ്രീകൃത സ്വഭാവം കൂടുതൽ വ്യക്തമായി കാണാം. ആരംഭിക്കുന്നത് കുരിശടയാളത്തോടെയാണ്. കുരിശ് ക്രൈസ്തവ വിശ്വാസത്തിന്റെ ഒരു അലങ്കാരചിഹ്നമല്ല. ക്രിസ്തുവിന്റെ മരണത്തിലും ഉയിർപ്പിലും വെളിപ്പെട്ട രക്ഷയുടെ കേന്ദ്രസംഭവമാണ്. തുടർന്ന് നാം വിശ്വാസപ്രമാണം ചൊല്ലുന്നു. അതായത് ജപമാല ആരംഭിക്കുന്നത് ഒരു മരിയൻ പ്രാർത്ഥനയിലല്ല; ത്രിത്വവിശ്വാസത്തിന്റെ പ്രഖ്യാപനത്തിലാണ്. 'സ്വർഗ്ഗസ്ഥനായ പിതാവേ' യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയാണ്. അതിനുശേഷം മൂന്ന് 'നന്മ നിറഞ്ഞ മറിയമേ.' പിന്നെ 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.' അതിനുശേഷം ഓരോ ദശകവും വീണ്ടും: സ്വർഗ്ഗസ്ഥനായ പിതാവേ, നന്മ നിറഞ്ഞ മറിയമേ, പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ഇത് ശ്രദ്ധിച്ചാൽ ജപമാലയുടെ ത്രിത്വാത്മക ഘടന വ്യക്തമാണ്. പിതാവിനോട് പ്രാർത്ഥിക്കുന്നു. പുത്രന്റെ ജീവിതത്തെ ധ്യാനിക്കുന്നു. പരിശുദ്ധാത്മാവിൽ ആ ധ്യാനം ക്രൈസ്തവജീവിതമായി മാറുന്നു. അതുകൊണ്ട് ജപമാലയുടെ ആന്തരിക ഘടനയിൽ തന്നെ ത്രിത്വദൈവവും ക്രിസ്തുവിന്റെ രക്ഷാകര രഹസ്യവും ഒന്നിച്ചു ചേരുന്നു.

## ആവർത്തിക്കുന്ന പ്രാർത്ഥന

എന്തുകൊണ്ടാണ് 'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന വീണ്ടും വീണ്ടും ആവർത്തിക്കുന്നത് എന്നത് ജപമാലയെക്കുറിച്ച് ഏറ്റവും സാധാരണമായി ഉയരുന്ന ചോദ്യങ്ങളിൽ ഒന്നാണ്. ജപമാലയുടെ ആവർത്തനം വിവരങ്ങൾ കൈമാറാനല്ല. മനസ്സിനെ ഒരു രഹസ്യത്തിൽ സ്ഥിരപ്പെടുത്താനാണ്. ഒരു സംഗീതശ്രുതി വീണ്ടും വീണ്ടും കേൾക്കുമ്പോൾ മനസ്സ് അതിന്റെ താളത്തിലേക്ക് പ്രവേശിക്കുന്നതുപോലെ, ജപമാലയിലെ ആവർത്തനവാക്കുകൾ മനസ്സിനെ പതുക്കെ ശാന്തമാക്കുന്നു. അപ്പോൾ ധ്യാനത്തിന് ഇടം ലഭിക്കുന്നു.

## സുവിശേഷത്തിന്റെ നാലു ഭാഗങ്ങൾ

ജപമാലയിലെ നാല് വിഭാഗങ്ങളിലായി ഇരുപത് രഹസ്യങ്ങൾ ധ്യാനിക്കുന്നു.



സന്തോഷത്തിന്റെ രഹസ്യങ്ങൾ, പ്രകാശത്തിന്റെ രഹസ്യങ്ങൾ, ദുഃഖത്തിന്റെ രഹസ്യങ്ങൾ, മഹിമയുടെ രഹസ്യങ്ങൾ. സന്തോഷത്തിന്റെ രഹസ്യങ്ങൾ മറിയത്തിന് ലഭിച്ച അറിയിപ്പിൽ നിന്ന് യേശുവിന്റെ ബാല്യത്തിലേക്കുള്ള യാത്രയാണ്. ദൈവത്തിന്റെ മനുഷ്യചരിത്രത്തിലേക്കുള്ള പ്രവേശനം.

പ്രകാശത്തിന്റെ രഹസ്യങ്ങൾ യേശുവിന്റെ പരസ്യജീവിതത്തിലേക്കുള്ള പ്രവേശനമാണ്. ഇവിടെ യേശു ആരാണെന്ന് ലോകത്തിനു വെളിപ്പെടുന്നു. ദുഃഖത്തിന്റെ രഹസ്യങ്ങൾ ഗെത്സെമിനി മുതൽ കാൽവരിയിലെ കുരിശുവരെയുള്ള വഴിയിലൂടെയുള്ള യാത്രയാണ്. ഇവിടെ രക്ഷ മനുഷ്യന്റെ വേദനയുടെ യാഥാർത്ഥ്യത്തിലൂടെ കടന്നുപോകുന്നു.

മഹിമയുടെ രഹസ്യങ്ങൾ ഉയിർപ്പിൽ നിന്ന് സ്വർഗ്ഗീയ മഹത്വത്തിലേക്കുള്ള സഞ്ചാരമാണ്. കുരിശ് ജീവിതത്തിന്റെ അവസാനവാക്കല്ലെന്ന് ഇവിടെ പ്രഖ്യാപിക്കുന്നു. ഇങ്ങനെ ജപമാല യേശു ജീവിതത്തിന്റെ ഒരു സുവിശേഷസംഗ്രഹമാണ്.

## ക്രിസ്തുവിനെ വീണ്ടും കാണുക

വിശുദ്ധ ജോൺ പോൾ രണ്ടാമന് ജപമാലയോടുണ്ടായിരുന്ന വ്യക്തിപരമായ സ്നേഹം പ്രസിദ്ധമാണ്. എന്നാൽ അദ്ദേഹം ജപമാലയെ പ്രോത്സാഹിപ്പിച്ചതിന്റെ പ്രത്യേകത വികാരപരമായ ഭക്തിയിൽ മാത്രമായിരുന്നില്ല. 2002–ൽ അദ്ദേഹം പ്രസിദ്ധീകരിച്ച Rosarium Virginis Mariae എന്ന അപ്പസ്തോലിക കത്ത് ജപമാലയുടെ ദൈവശാസ്ത്രപരമായ ആഴം വീണ്ടും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. അദ്ദേഹം ഒരു പ്രധാന ആശയം മുന്നോട്ടുവച്ചു: ജപമാലയിൽ മറിയത്തോടൊപ്പം ക്രിസ്തുവിന്റെ മുഖം ധ്യാനിക്കുക. മറിയം യേശുവിന്റെ മുഖം നോക്കിയവളാണ്.

സഭയുടെ വിശ്വാസത്തിൽ, മറിയത്തിന്റെ ജീവിതം മുഴുവൻ ക്രിസ്തുവിന്റെ രഹസ്യവുമായി ചേർന്നുനിന്ന ഒരു ധ്യാനജീവിതമാണ്. ജപമാലയിൽ നാം ആ ധ്യാനത്തിന്റെ പാത പിന്തുടരുന്നു.

## നഷ്ടപ്പെട്ട അധ്യായം

ജോൺ പോൾ രണ്ടാമൻ 2002–ൽ പ്രകാശത്തിന്റെ രഹസ്യങ്ങൾ ചേർത്തത് ജപമാലയുടെ ക്രിസ്തുകേന്ദ്രീകരണം കൂടുതൽ പൂർണ്ണമാക്കി. സന്തോഷത്തിന്റെ രഹസ്യങ്ങളിൽ നിന്ന് നേരെ ദുഃഖത്തിന്റെ രഹസ്യങ്ങളിലേയ്ക്കു പോയാൽ യേശുവിന്റെ പരസ്യശുശ്രൂഷയുടെ വലിയൊരു ഭാഗം ഒഴിവാകുന്നു. അതുകൊണ്ട് പ്രകാശത്തിന്റെ രഹസ്യങ്ങൾ ജപമാലയിൽ ഒരു പുതിയ കൂട്ടിച്ചേർക്കൽ മാത്രമല്ല. ക്രിസ്തുവിന്റെ ജീവിതത്തെ പൂർണ്ണമായി കാണാനുള്ള ഒരു പുതിയ ജാലകമാകുന്നു.

## പഴയ ആചാരത്തിന്റെ പുനർവായന

കുടുംബജപമാലയെക്കുറിച്ച് പറയുമ്പോൾ 'പഴയകാലത്ത് ഞങ്ങൾ എല്ലാവരും കൂടി ജപമാല ചൊല്ലുമായിരുന്നു' എന്ന ഓർമ്മ പല വീടുകളിലും ഉണ്ടാകും. പക്ഷേ ഇന്ന് ആ ഓർമ്മ മാത്രം മതിയാകില്ല. കുടുംബാംഗങ്ങളുടെ സമയക്രമങ്ങൾ വ്യത്യസ്തമാണ്. ജോലി, പഠനം, യാത്ര, ഡിജിറ്റൽ ഉപകരണങ്ങൾ, സാമൂഹികബന്ധങ്ങൾ ഓരോന്നും കുടുംബത്തിന്റെ ശ്രദ്ധയെ പല ദിശകളിലേയ്ക്ക് വലിക്കുന്നു. അതിനാൽ കുടുംബജപമാലയെ പഴയൊരു ആചാരം പുനരാവർത്തിക്കുന്നതിനു പകരം കുടുംബത്തിന്റെ ഇന്നത്തെ ജീവിതത്തിൽ കൂട്ടായ്മ വർധിക്കുന്നതിന് ഉപകരണമാക്കണം.

## ജപമാല കഴിഞ്ഞാൽ എന്ത്?

ഒരുപക്ഷേ ജപമാലയെക്കുറിച്ചുള്ള ഏറ്റവും പ്രധാനപ്പെട്ട ചോദ്യം ഇതായിരിക്കണം: ജപമാല കഴിഞ്ഞ ശേഷം എന്റെ ജീവിതത്തിൽ എന്ത് സംഭവിക്കുന്നു? കുരിശിന്റെ രഹസ്യം ധ്യാനിച്ച ശേഷം എനിക്ക് ക്ഷമിക്കാൻ കഴിയുന്നുണ്ടോ? കാനായിലെ മറിയത്തിന്റെ വാക്കുകൾ ധ്യാനിച്ച ശേഷം മറ്റൊരാളുടെ ആവശ്യം കാണുന്നുണ്ടോ? യേശുവിന്റെ ദൈവരാജ്യപ്രഘോഷണം ധ്യാനിച്ച ശേഷം എന്റെ ജീവിതത്തിൽ സത്യത്തിനും നീതിക്കും സ്ഥാനം നൽകുന്നുണ്ടോ? ഗെത്സെമിനി ധ്യാനിച്ച ശേഷം എന്റെ സ്വന്തം ദുഃഖത്തിൽ ദൈവത്തെ തേടുന്നുണ്ടോ? ഉയിർപ്പ് ധ്യാനിച്ച ശേഷം പരാജയത്തിൽ പ്രത്യാശ നഷ്ടപ്പെടുന്നുണ്ടോ? ഇവിടെയാണ് ജപമാലയുടെ ഫലം പരിശോധിക്കേണ്ടത്.

ജപമാലയുടെ യഥാർത്ഥ അളവ് എത്ര മണികൾ പൂർത്തിയാക്കി എന്നതിലല്ല; ക്രിസ്തുവിന്റെ രഹസ്യങ്ങൾ നമ്മുടെ ജീവിതത്തെ എത്രമാത്രം സ്പർശിച്ചു എന്നതിലാണ്.

## ഒരു ഒക്ടോബർ തീരുമാനം

ഈ ഒക്ടോബറിൽ നമുക്ക് ജപമാലയെ വീണ്ടും കൈയിലെടുക്കാം. പക്ഷേ ഒരു മാറ്റത്തോടെ. വേഗത്തിൽ തീർക്കാനല്ല; പതുക്കെ ധ്യാനിക്കാൻ. എണ്ണം പൂർത്തിയാക്കാനല്ല; ഒരു രഹസ്യത്തിൽ പ്രവേശിക്കാൻ. മറിയത്തോട് മാത്രം സംസാരിക്കാനല്ല; മറിയത്തോടൊപ്പം യേശുവിനെ നോക്കാൻ. കുടുംബത്തിൽ ഒരു ചടങ്ങ് പൂർത്തിയാക്കാനല്ല; കുറച്ചുസമയം കുടുംബമായി ദൈവസന്നിധിയിൽ ഇരിക്കാൻ.

യേശുവിന്റെ ജീവിതത്തിൽ നിന്ന് ഒരു നിമിഷം പോലും അകന്നുപോകാതിരിക്കാനുള്ള ഒരു ചെറിയ ശീലം വളർത്താം. കാരണം ജപമാലയുടെ മഹത്വം അതിന്റെ വലുപ്പത്തിലല്ല; ഒരു സാധാരണ മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ ക്രിസ്തുവിന്റെ രഹസ്യങ്ങൾക്ക് ഇടം സൃഷ്ടിക്കാൻ അതിന് കഴിയുന്നതിലാണ്.

# ദൈവജനത്തിനായി അർപ്പിച്ച വൈദികൻ

**ജൂലൈ ആറിന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ഫാ. കുര്യൻ തലച്ചിറക്കുഴിയെ അനുസ്മരിക്കുന്നു**



സേവനം ചെയ്ത ഇടങ്ങളിൽ ശക്തമായ നേതൃത്വവും കഠിനാദ്ധ്വാനവും നിശ്ചയദാർഢ്യവും ആത്മീയതയും കൊണ്ട് ദൈവജനത്തെ മുന്നോട്ട് നയിച്ച ഫാ. കുര്യൻ തലച്ചിറക്കുഴിക്ക് നാട് യാത്രാമൊഴിയേകി.

1943 ഫെബ്രുവരി 25ന് പാലാ രൂപതയിലെ കുറവിലങ്ങാട് ഇടവകയിൽ തലച്ചിറക്കുഴിയിൽ പരേതരായ ചെറിയാൻ -റോസ ദമ്പതികളുടെ അഞ്ചു മക്കളിൽ രണ്ടാമനായി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം കുറവിലങ്ങാട് സെന്റ് മേരീസ് ഹൈസ്ക്കൂളിൽ പൂർത്തിയാക്കിയശേഷം സെന്റ് ജോസഫ്സ് പെറ്റി സെമിനാരിയിൽ പഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ മേജർ സെമിനാരിയിൽ നിന്നു തത്വശാസ്ത്ര ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കി. 1969 ഡിസംബർ 19ന്, അവിഭക്ത തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്ന് ആലുവ സെമിനാരിയിൽ വെച്ച് വൈദികപട്ടം സ്വീകരിക്കുകയും മാതൃ ഇടവകയായ കുറവിലങ്ങാട് പള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. കുറവിലങ്ങാട്ടുനിന്നും മലബാറിലേക്ക് കുടിയേറിയ തലച്ചിറക്കുഴി കുടുംബം താമരശ്ശേരിയിൽ താമസമാരംഭിച്ചു.

അവിഭക്ത തലശ്ശേരി രൂപതയിലെ മാനന്തവാടി കത്തീഡ്രൽ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി ശുശ്രൂഷയാരംഭിച്ചു. കൊട്ടോടി, തലഞ്ഞി, തെനേരി, എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. തെനേരി മിൽക് സൊസൈറ്റിയുടെ പ്രസിഡന്റായും സേവനം ചെയ്തു. ഫിലിപ്പൈൻസിലെ സെന്റ് തോമസ് യൂണിവേഴ്സിറ്റിയിൽ ഓറിയന്റൽ റിലിജിയൻ ആന്റ് കൾച്ചറിൽ ഡോക്ടറേറ്റ് നേടിയ കുര്യനച്ചൻ അവിടെ സാമ്പകിറ്റ, ഡാമർ വില്ലേജ് എന്നീ ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. ഫിലിപ്പൈൻസിലെ ഡിലിമാൻ യൂണിവേഴ്സിറ്റിയിൽ സീനിയർ ലക്ചററായി സേവനം ചെയ്ത കുര്യനച്ചൻ ജർമൻ കൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനവും തുടർന്നു. തുടർന്ന് 1992ൽ ജർമ്മനിയിലെ അജപാലന പ്രവർത്തനങ്ങൾക്കായി പോയ കുര്യനച്ചൻ 2004 വരെ ഔസ്ബുർഗ് രൂപതയിലും 2005 മുതൽ 2012 വരെ ജർമ്മനിയിലെ റേഗൻസ്ബർഗ് രൂപതയിലും സേവനം ചെയ്തു.

പുതുപ്പാടി, മരഞ്ചാട്ടി, വള്ളിയാട് എന്നിവിടങ്ങളിൽ വികാരിയായും വേനപ്പാറ ബാലഭവന്റെ ഡയറക്ടറായും സേവനം ചെയ്ത കുര്യനച്ചൻ 2013ൽ താമരശ്ശേരി രൂപതയുടെ ഡയോസീഷൻ എഡ്യുക്കേഷൻ എക്സലൻസ് പ്രോഗ്രാം (ഡീപ്) എന്ന പ്രോജക്റ്റ് ആരംഭിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസസഹായവും തൊഴിൽമേഖലയിലേക്കുള്ള പഠനസഹായവും നൽകി. ഇത് അനേകം കുടുംബങ്ങൾക്ക് കൈത്താങ്ങായി. 2019ൽ താമരശ്ശേരി രൂപതയുടെ ഒയാസിസ് സീനിയർ കെയർ ഹോം എന്ന നവീന ആശയം പ്രാവർത്തികമാക്കി, താമരശ്ശേരിക്കടുത്ത് പുല്ലാഞ്ഞിമേട്ടിൽ പണികഴിപ്പിച്ച ഒയാസിസിന്റെ സ്ഥാപക ഡയറക്ടറായി സേവനം ചെയ്തുവരവെയാണ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്.

# സ്നേഹത്തിന്റെ പുഞ്ചിരി വെട്ടം

**ജൂലൈ 23 – ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ഫാ. ജെയിംസ് വാമറ്റത്തിലിനെ അനുസ്മരിക്കുന്നു**



ഫാ. ജെയിംസ് വാമറ്റത്തിൽ അനേകം ഹൃദയങ്ങളിൽ ആത്മീയതയുടെ ഉണർവേകിയ പുരോഹിതനാണ്. 1965 ഒക്ടോബർ 20ന് പുല്ലൂരാംപാറ ഇടവകയിൽ പരേതനായ വാമറ്റത്തിൽ വർക്കി–തയ്യിൽമേരി ദമ്പതികളുടെ മകനായി ജനിച്ച ഫാ. ജെയിംസ് വാമറ്റത്തിൽ പുല്ലൂരാംപാറ സെന്റ് ജോസഫ് സ്കൂളിൽ പഠനത്തിന് ശേഷം തലശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരിയിലും കോട്ടയം വടവാതൂർ അപ്പസ്തോലിക്ക് സെമിനാരിയിലും തന്റെ പരിശീലനം പൂർത്തിയാക്കി വൈദികപട്ടം സ്വീകരിച്ചു. മരിയാപുരം, പനംപ്ലാവ്, തിരൂർ, വെറ്റിലപ്പാറ, കൂടരഞ്ഞി, മഞ്ഞുവയൽ, പെരിന്തൽമണ്ണ, കുരാച്ചുണ്ട് ഇടവകകളിൽ വികാരിയായി സേവനം ചെയ്തു.

വാക്കുകളെ വചനമാക്കിയ വാമറ്റത്തിലച്ചൻ തന്റെ ക്രിസ്തുസ്നേഹം താൻ കണ്ടുമുട്ടിയവർക്ക് മുറിച്ചു നൽകി. സഹനങ്ങളിൽ ഇടറാതെ സ്നേഹത്തിന്റെ പുഞ്ചിരി വെട്ടം പകർന്ന ഈ മനുഷ്യൻ ദൈവത്തിനും മനുഷ്യർക്കുമിടയിൽ പ്രാർത്ഥനയുടെ പാലവും പണിതു. ദിവ്യകാരുണ്യ ആരാധനയോടെയാണ് അച്ചൻ തന്റെ ദിവസങ്ങൾ തുടങ്ങിയിരുന്നത്. വിശുദ്ധ കുർബാനയെ അച്ചൻ ആഴമായി വിശ്വസിച്ചു, സ്നേഹിച്ചു, അനുഭവിച്ചു. കുമ്പസാരക്കൂടുകളിലും ബലിവേദിയിലും ക്രിസ്തുവിന്റേതുപോലുള്ള ശാന്തത അച്ചനെ വ്യത്യസ്തനാക്കി. കുടുംബ പ്രശ്നങ്ങളെ അച്ചൻ കേൾക്കാനും പരിഹരിക്കാനും മനസുകാട്ടി. യുവജനങ്ങളെയും, കുഞ്ഞുങ്ങളെയും അച്ചൻ ഒരുപാട് സ്നേഹിച്ചു; ഒപ്പം ഈശോയ്ക്കിഷ്ടപ്പെട്ട ദൈവ വിളികൾക്കായി പ്രാർത്ഥിച്ചു. ദൈവവിളിക്കളെ എല്ലാക്കാലത്തും പരിപോഷിപ്പിച്ച അച്ചൻ താമരശ്ശേരി രൂപത

മൈനർ സെമിനാരിയിലെ ആത്മീയ പിതാവുമായിരുന്നു. പാവപ്പെട്ടവർക്കും രോഗികൾക്കും ക്രിസ്തുവിന്റെ കരുണ ഒരു സോഷ്യൽ മീഡിയയുടെയും പിൻബലങ്ങളില്ലാതെ വിളമ്പിയ അച്ചൻ ദിവ്യകാരുണ്യ സ്നേഹമാണ് വാഴ്ത്തി വിഭജിച്ചത്.

കണ്ടുമുട്ടുന്ന സകലരെയും പേരു ചൊല്ലി വിളിക്കാനും സൗഹൃദത്തോടെ പെരുമാറാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും പരിശ്രമിച്ചിരുന്നു. വൈകുന്നേരങ്ങളിൽ ഇടവകയിലെ കുടുംബങ്ങളെ പ്രേത്യേകം സമർപ്പിച്ചു ദേവാലയത്തിലിരുന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചിരുന്നു. യഥാർത്ഥ പൗരോഹിത്യത്തിന്റെ ആനന്ദം തന്റെ ജീവിതത്തിൽ അനുഭവിച്ച ജെയിംസ് അച്ചൻ ഏതൊരാൾക്കും ഏതുസമയത്തും ആശ്രയിക്കാൻ ഉതകുന്ന പുരോഹിതനായിരുന്നു.

തികഞ്ഞ സംഘാടകനും അജപാലകനുമായിരുന്ന അച്ചൻ ഇടവക നവീകരണത്തിനൊപ്പം രൂപതയിലെ സുപ്രധാന ചുമതലകളും വഹിച്ചിരുന്നു. ലളിതമായ ജീവിത ശൈലിയും എളിമയും സ്നേഹവും ആഴമായ വിശ്വാസവും സഹനങ്ങളെ പ്രാർത്ഥനയാക്കാനുള്ള കഴിവും അച്ചന്റെ പ്രത്യേകതയായിരുന്നു. ജീവിതം കൊണ്ട് മാതൃക നൽകി ക്രിസ്തുവിന്റെ പരിമളം പരത്തിയ വാമറ്റത്തിലച്ചൻ എന്നും നമുക്ക് മാതൃകയാകട്ടെ.

**തയ്യാറാക്കിയത്: ഫിലിപ്സ് തൂനാട്ട്**

## ഉപകാരസ്മരണ



വി.യൂദാശ്ലീഹായുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
ഒരു വിശ്വാസി - കാളികാവ്

# സമുദായ ശാക്തീകരണ പദ്ധതി ആരംഭിച്ചു

**നരിനട** ● സീറോ മലബാർ സഭയിൽ സമുദായ ശക്തീകരണ വർഷമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി താമരശ്ശേരി രൂപതയിൽ 'സമുദായ സമുന്നതി' സമുദായ ശക്തീകരണ പദ്ധതി ആരംഭിച്ചു. നരിനട സെന്റ് അൽഫോൻസ പള്ളിയിൽ നടന്ന ഔദ്യോഗിക ചടങ്ങിൽ രൂപത വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്തു.

വികാരി ഫാ. സിബി കുഴിവേലിൽ, എയ്ഡർ എഡ്യൂകെയർ ഡയറക്ടർ ഫാ. മെൽവിൻ വെള്ളയ്ക്കാകുടിയിൽ, എയ്ഡർ ഫൗണ്ടേഷൻ–കത്തോലിക്ക കോൺഗ്രസ് ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ എന്നിവർ പ്രസംഗിച്ചു.



'സമുദായ സമുന്നതി' സമുദായ ശക്തീകരണ പദ്ധതി മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്യുന്നു

ഫാ. സിബി കുഴിവേലിക്ക് പദ്ധതിയുടെ ഔദ്യോഗിക ലോഗോ കൈമാറി. ഇടവകയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഏഴു പേർ അടങ്ങുന്ന ഹെൽപ്പ് ഡെസ്ക് ടീമിന് ഔദ്യോഗിക ടാഗ് കൈമാറുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. എയ്ഡർ എഡ്യൂകെയർ ടീം അംഗങ്ങളായ സിസ്റ്റർ റീന എഫ് സിസി, സിസ്റ്റർ ക്രിസ്റ്റീന എംഎസ്എംഐ, സിസ്റ്റർ ജിസ്‌ലറ്റ് എംഎസ്ജെ, ഓഫീസ് അസിസ്റ്റന്റ് അലൻ സിബി, സിസ്റ്റർ ഡോണ ബേബി എഫ്സിസി എന്നിവർ വിവിധ സെഷനുകൾ നയിച്ചു.

ഇടവകയിൽ ഹെൽപ്പ് ഡെസ്കുകളും ക്രമീകരിച്ചിരുന്നു.

## ഉപകാരസ്മരണ



അൽഫോൻസ തിരുവമ്പാടി

## ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കു വേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫല സിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**(ഈ പ്രാർത്ഥന ഒൻപത് ദിവസം ഒൻപത് പ്രാവശ്യം അടുപ്പിച്ച് ചൊല്ലുക. ഫലം കാണാതിരിക്കില്ല.)**

സനുജ വെറ്റിലപ്പാറ (വൈകിയതിൽ ക്ഷമാപണം)

# ഭവന നിർമാണ സഹായ കൂപ്പൺ: 14 ലക്ഷം രൂപ സമാഹരിച്ചു

**തോട്ടുമുക്കം** ● രണ്ട് കുടുംബങ്ങൾക്ക് ഭവനം നിർമിക്കുന്നതിനായി തോട്ടുമുക്കം സെന്റ് തോമസ് ഫൊറോനാ ദേവാലയം സംഘടിപ്പിച്ച ഭവന നിർമാണ സഹായ കൂപ്പൺ പദ്ധതിയിലൂടെ 14 ലക്ഷം രൂപ സമാഹരിച്ചു. പദ്ധതിയുടെ കൂപ്പൺ നറുക്കെടുപ്പ് ജൂലൈ 28ന് ദേവാലയാങ്കണത്തിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ സമാപനത്തോടനുബന്ധിച്ച് നടന്നു. സ്റ്റാർട്ട് ഡയറക്ടർ ഫാ. സുബിൻ കിഴക്കേവീട്ടിൽ നറുക്കെടുപ്പ് നടത്തി.

ഒന്നാം സമ്മാനമായ സ്കൂട്ടർ അഷിൻ സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കൽ നേടി. ഒലിവർ ഷോൺ പള്ളിക്കമ്യാലിൽ രണ്ടാം സമ്മാനമായ ടെലിവിഷനും അഗസ്റ്റിൻ ജോർജ് കൂടത്തായി മൂന്നാം സമ്മാനമായ റഫ്രിജറേറ്ററും കരസ്ഥമാക്കി. സിസ്റ്റർ ആലീസ് അഗസ്റ്റിൻ തോട്ടുമുക്കത്തിനാണ് നാലാം സമ്മാനമായ മിക്സർ ഗ്രൈൻഡർ ലഭിച്ചത്. അഞ്ചാം സമ്മാനമായ എയർ ഫ്രയർ മിഷ മനോജ് തോട്ടുമുക്കം നേടി.

സമാഹരിച്ച തുക ഭവന നിർമാണ സഹായ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കും. വികാരി ഫാ. ബെന്നി കാരയ്ക്കാട്ട്, ഡി. സൂരജ് എസ്ജെ, കൈക്കാരന്മാരായ ജെറാൾഡ് കേവുള്ളിൽ, സജി പുല്ലൻന്താനിക്കൽ, സണ്ണി അന്ത്രശ്ശേരിയിൽ, ടോമി മങ്കുത്തേൽ, ബെന്നി തട്ടുംപുറം എന്നിവർ നേതൃത്വം നൽകി.

## നേട്ടം



● 72–ാം ദേശീയ ചലച്ചിത്ര പുരസ്കാരത്തിൽ നോൺ- ഫീച്ചർ വിഭാഗത്തിൽ മികച്ച ആനിമേഷൻ ചിത്രത്തിനുള്ള അവാർഡ് നേടിയ 'ടച്ച്ഡ് ആസ് വാട്ടർ' എന്ന ഹ്രസ്വചിത്രത്തിന്റെ ആനിമേഷനും സംവിധാനവും നിർവഹിച്ച ജോഷി ബെനഡിക്ട് ആക്കാട്ടുമുണ്ടയ്ക്കൽ. പുല്ലൂരാംപാറ ഇടവകാംഗമാണ്.



● ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും നിയമ പഠനത്തിൽ പിഎച്ച്ഡി നേടിയ മനുമരിയൻ അബ്രഹാം. പെരിന്തൽമണ്ണ ഫൊറോന ഇടവക പൈനാപ്പള്ളിൽ അബ്രഹാം–ട്രീസ ദമ്പതികളുടെ മകൻ. ക്രൈസ്റ്റ് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലോയിൽ അസി. പ്രഫസറാണ്.

## പുസ്തക പരിചയം



**ചാറ്റ് ജിപിടിയെ പ്രണയിച്ച പെൺകുട്ടി**

അധ്യാപകനും എഴുത്തുകാരനുമായ റോബിൻ ജോർജ് എഴുതിയ ഗ്രന്ഥം. ടെക്നോളജിയിൽ സ്വയം നഷ്ടപ്പെടാതെ അതിനെ ആത്മോൽക്കർഷത്തിനായി ഉപയോഗിക്കുകയാണ് ഉത്തമം എന്ന് പറഞ്ഞുവയ്ക്കുന്ന കഥാസമാഹാരം.

## മാധ്യമരംഗത്ത് പുതിയ ചുവടുകളുമായി മീഡിയ കമ്മീഷൻ

# മാധ്യമദൗത്യത്തിന് നവീന മുഖം

**താമരശ്ശേരി** ● ഡിജിറ്റൽ കാലഘട്ടത്തിലെ സാധ്യതകൾ പ്രയോജനപ്പെടുത്തി സുവിശേഷ സന്ദേശവും ഇടവക പ്രവർത്തനങ്ങളും കൂടുതൽ വേഗത്തിലും ഫലപ്രദമായും വിശ്വാസികളിലേക്കെത്തിക്കുന്നതിനായി താമരശ്ശേരി രൂപത മീഡിയ കമ്മീഷൻ വിവിധ മാധ്യമ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. സന്യാസിനികൾക്കും പാരിഷ് മീഡിയ പ്രതിനിധികൾക്കുമായി നടത്തിയ പരിശീലനങ്ങളിലൂടെ രൂപതയിലെ മാധ്യമ പ്രവർത്തനങ്ങൾക്ക് പുതിയ ദിശ നൽകുകയാണ് ലക്ഷ്യം.

### സന്യാസിനികൾക്ക് പരിശീലനം

മീഡിയ അക്കാദമിയുടെ നേതൃത്വത്തിൽ രൂപതയിലെ സന്യാസിനികൾക്കായി മേരിക്കുന്ന് പിഎംഒസിയിൽ ഏകദിന മാധ്യമ പരിശീലന ശിൽപശാല നടത്തി. പിഎംഒസി ഡയറക്ടർ ഫാ. റോയി തേക്കുംകാട്ടിൽ ഉദ്ഘാടനം ചെയ്തു. മീഡിയ കമ്മീഷൻ ഡയറക്ടർ ഫാ. ലിൻസ് മുണ്ടയ്ക്കൽ നേതൃത്വം നൽകി. സോഷ്യൽ മീഡിയ ഇൻഫ്ളൂവൻസർ അബിൻ പാലാവയൽ ഡിജിറ്റൽ കണ്ടന്റ് ക്രിയേഷൻ, സോഷ്യൽ മീഡിയയുടെ ക്രിയാത്മക ഉപയോഗം, നവമാധ്യമ സുരക്ഷ എന്നിവയിൽ പ്രായോഗിക പരിശീലനം നൽകി. പത്രവാർത്ത തയ്യാറാക്കുന്ന രീതിയും പ്രിന്റ് മീഡിയയുടെ പ്രവർത്തനവും മലബാർ വിഷൻ അസിസ്റ്റന്റ് എഡിറ്റർ ജിൽസൺ ജോസ് വിശദീകരിച്ചു.

### ഹൃദയം കവർന്ന് തച്ചൻ

മീഡിയ കമ്മീഷന്റെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി അമല മീഡിയ അവതരിപ്പിച്ച 'തച്ചൻ' നാടകം താമരശ്ശേരി അൽഫോൻസാ സീനിയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ അരങ്ങേറി. രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

### പുരസ്ക്കാരങ്ങൾ വിതരം ചെയ്തു

2025–ലെ മികച്ച പാരിഷ് ബുള്ളറ്റിനുകൾക്കുള്ള മീഡിയ കമ്മീഷൻ പുരസ്കാരങ്ങളും വിതരണം ചെയ്തു. കോടഞ്ചേരി ഫൊറോനയുടെ 'സദ്വാർത്ത' മികച്ച പാരിഷ് ബുള്ളറ്റിനായി തിരഞ്ഞെടുക്കപ്പെട്ടു. തോട്ടുമുക്കം ഇടവകയുടെ 'ഇടയൻ' രണ്ടാം സ്ഥാനവും ദേവഗിരി ഇടവകയുടെ 'ദേവഗിരി ഡൈജസ്റ്റ്' മൂന്നാം സ്ഥാനവും നേടി.

അമല കമ്മ്യൂണിക്കേഷൻസ് ഡയറക്ടർ ഫാ. ജോസഫ് കൊച്ചുവീട്ടിലിനെ ബിഷപ്പ് പൊന്നാട അണിയിച്ച് ആദരിച്ചു. രൂപതയുടെ യൂട്യൂബ് ചാനലായ 'ഹാലോ ടിവി'യ്ക്ക് പേര് നിർദേശിച്ച ഡോ. അബിന ബാബുവിന് ക്യാഷ് പ്രൈസും ഫലകവും സമ്മാനിച്ചു.



ഡോ. അബിന ബാബു

ആധുനിക ഡിജിറ്റൽ, പ്രിന്റ് മാധ്യമങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി രൂപതയിലെയും ഇടവകകളിലെയും വാർത്തകളും പ്രവർത്തനങ്ങളും വിശ്വാസികളിലേക്ക് കൂടുതൽ കാര്യക്ഷമമായി എത്തിക്കുന്നതിനുള്ള വിപുലമായ മാധ്യമ ശൃംഖലയ്ക്കാണ് ഈ പ്രവർത്തനങ്ങളിലൂടെ രൂപത മീഡിയ കമ്മീഷൻ തുടക്കം കുറിക്കുന്നത്.

## ഇടവക മീഡിയ നെറ്റ്‌വർക്കിന് തുടക്കം

'ഇടവക മീഡിയ നെറ്റ്‌വർക്ക്' രൂപീകരിക്കുന്നതിന്റെ ഭാഗമായി വിവിധ ഇടവകകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട പാരിഷ് മീഡിയ പ്രതിനിധികൾക്കായി പ്രത്യേക പരിശീലനവും നടത്തി. പിഎംഒസി ഡയറക്ടറും മലബാർ വിഷൻ ചീഫ് എഡിറ്ററുമായ ഫാ. റോയി തേക്കുംകാട്ടിൽ ഉദ്ഘാടനം ചെയ്തു.

മീഡിയ കമ്മീഷൻ ഡയറക്ടർ ഫാ. ലിൻസ് മുണ്ടയ്ക്കൽ ഭാവി പ്രവർത്തന പദ്ധതികൾ വിശദീകരിച്ചു. ഇടവകതല മാധ്യമ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ആദ്യ ചുവടുവയ്പാണ് പ്രതിനിധി തിരഞ്ഞെടുപ്പും പരിശീലനവുമെന്ന് അദ്ദേഹം പറഞ്ഞു. ബർണാഡ് ജോസ് ഐസ് ബ്രേക്കിങ് സെഷന് നേതൃത്വം നൽകി. ജിൽസൺ ജോസ്, രജിൻ ജോസ് എന്നിവർ പ്രസംഗിച്ചു.

---



# ക്വിസ് കോർണർ 2026

## 2026 സെപ്റ്റംബർ – ഒക്ടോബർ ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. മാന്ത്രിക കഥകളിലൂടെ പ്രശസ്തയായ എഴുത്തുകാരി ആരാണ്?
2. കാർഷിക മേഖലയിലെ പ്രധാന പ്രശ്നങ്ങൾക്ക് പരിഹാരം എന്താണ്?
3. ഭക്ഷ്യ സംസ്കരണ മേഖലയിലെ ചെറുകിട സംരംഭകർക്ക് സാമ്പത്തിക സഹായം നൽകാൻ നടപ്പാക്കുന്ന പദ്ധതി ഏത്?
4. സുഗന്ധ വിളകളിൽ ഗവേഷണം നടത്തുകയും, പുതിയ ഇനങ്ങളും സംഭരണ സംസ്കരണ രീതികളും ആവിഷ്കരിച്ച് കർഷകർക്കും സംരംഭകർക്കും ലഭ്യമാക്കുന്ന സ്ഥാപനം ഏത്? എവിടെ?
5. കൊക്കോ മൂല്യവർദ്ധിതമാക്കി വിപണിയിൽ എത്തിക്കുന്ന ബ്രാൻഡ് ഏത്?
6. 2026 ആഗസ്റ്റിൽ മികച്ച ഫാർമർ പ്രൊഡ്യൂസർ കമ്പനികളിൽ ഒന്നായി തിരഞ്ഞെടുക്കപ്പെട്ട കമ്പനി ഏത്?
7. കേരള കാർഷിക സർവകലാശാല സ്ഥിതി ചെയ്യുന്ന ജില്ല ഏത്?
8. കാർഷിക രംഗത്തെ ഗവേഷണത്തിനായി പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനം ഏത്?
9. വിശുദ്ധ ജോൺ പോൾ രണ്ടാമൻ ജപമാലയെ കുറിച്ച് പുറത്തിറക്കിയ അപ്പസ്തോലിക ലേഖനം ഏത്?
10. പ്രകാശത്തിന്റെ രഹസ്യങ്ങൾ ജപമാലയോട് കൂട്ടിചേർത്ത വർഷം ഏത്?

**ഉത്തരങ്ങൾ 2026 ഒക്ടോബർ 15–ന് മുമ്പ് ലഭിക്കണം**

**2026 സെപ്റ്റംബർ – ഒക്ടോബർ ലക്കം ക്വിസ് കോർണറിൽ ശരിയുത്തരം അയച്ച 310 പേരിൽ നിന്നും നറുക്കെടുപ്പിലൂടെ വിജയികളായവർ:**



● ഒന്നാം സമ്മാനം, 1000 രൂപ
**ഷൈനി ഡൊമിനിക്**
പുരയിടത്തിൽ, തിരുവമ്പാടി



● രണ്ടാം സമ്മാനം, 500 രൂപ
**സോജൻ അലക്സ്**
നെല്ലിയാനിയിൽ, വെറ്റിലപ്പാറ



● മൂന്നാം സമ്മാനം, 250 രൂപ
**അലൻ ദീപു**
കാട്ടുമറ്റത്തിൽ, ചിപ്പിലിത്തോട്

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ് നമ്പർ
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## 2026 സെപ്റ്റംബർ – ഒക്ടോബർ ലക്കം ഉത്തരങ്ങൾ

1. ജിഡി കോൺസ്റ്റബിൾ എക്സാം 2. മില്ലേനിയൽസ് 3. ഗട്ട് ബ്രെയിൻ ആക്സിസ് 4. വിശ്വാസത്തിന്റെ കരുത്ത് 5. നിർമിത ബുദ്ധി 6. മൈൻഡ് ഫുൾ ഈറ്റിങ്ങ് 7. സിറ്റുവേഷൻഷിപ്പ് 8. കത്തോലിക്കാ സഭ 9. ഫ്രാൻസിസ് മാർപാപ്പ 10. എല്ലാം വ്യക്തി കേന്ദ്രീകൃതമാകുമ്പോൾ

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ......................................................

വീട്ടുപേര്: ......................................................

ഇടവക: ......................................................

ഫോൺ: ......................................................

# അഖണ്ഡജപമാല സമർപ്പണത്തിന് പ്രൗഢഗംഭീര തുടക്കം

യുദ്ധക്കെടുതിയിൽ വലയുന്ന ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ബിഷപ് ആഹ്വാനം ചെയ്തു; അഖണ്ഡജപമാല സമർപ്പണം ഒക്ടോബർ 24-ന് സമാപിക്കും

**പുല്ലൂരാംപാറ** ● 101 ദിവസം രാപകലുകൾ ഇടമുറിയാതെ നടക്കുന്ന ദിവ്യകാരുണ്യ ആരാധനയ്ക്കും അഖണ്ഡജപമാല സമർപ്പണത്തിനും ബഥാനിയായിൽ തുടക്കമായി. അഖണ്ഡ ജപമാല സമർപ്പണത്തിന്റെ 26–ാം വർഷം ലോക സമാധാനവും കുടുംബ വിശുദ്ധീകരണവുമാണ് മുഖ്യനിയോഗങ്ങൾ. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ തിരി തെളിച്ചു ജപമാല സമർപ്പണ ശുശ്രൂഷകൾക്ക് തുടക്കം കുറിച്ചു.

തുടർന്നു നടന്ന ദിവ്യബലിയിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിച്ചു. കോടഞ്ചേരി ഫൊറോന വികാരി ഫാ. ജോൺ ഒറവുങ്കര, ഫാ. കുര്യാക്കോസ് മുഖാലയിൽ, ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി, ഫാ. ദീപു വള്ളിക്കുന്നേൽ എന്നിവർ സഹകാർമികരായിരുന്നു.

യുദ്ധക്കെടുതിയിൽ വലയുന്ന ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ബിഷപ് ആഹ്വാനം ചെയ്തു.

അഖണ്ഡ ജപമാല സമർപ്പണത്തോട് അനുബന്ധിച്ച് ബഥാനിയായിൽ എല്ലാ ദിവസവും കുമ്പസാരത്തിനും സ്പിരിച്വൽ ഷെയറിങ്ങിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 24 മണിക്കൂറും ആരാധനയുണ്ടാകും. ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ ആറിനും ഉച്ചയ്ക്ക് 12നും വൈകിട്ട് ഏഴിനും ദിവ്യബലിയർപ്പണം നടക്കും. എല്ലാ ദിവസവും പകൽ മൂന്നിനും പുലർച്ചെ മൂന്നിനും കുരിശിന്റെ വഴിയും കരുണക്കൊന്തയും നടത്തും. എല്ലാ ദിവസവും ഉച്ചയ്ക്കും രാത്രിയും നേർച്ച ഭക്ഷണമുണ്ട്. ഒക്ടോബർ 24–ന് സമാപിക്കും.

ശുശ്രൂഷകൾക്ക് ബഥാനിയ ഡയറക്ടർ ഫാ. റോണി പോൾ കാവിൽ, അസി. ഡയറക്ടർ ഫാ. അജിത്ത് വെളിയത്ത്, ഫാ. ആൽബിൻ വിലങ്ങുപാറ, ഫാ. അബ്രാഹം തറത്തട്ടേൽ OSH എന്നിവർ നേതൃത്വം നൽകും.



**ജപമാല ഭക്തിയുടെ ദിനരാത്രങ്ങൾ: ബഥാനിയാ റിന്യൂവൽ സെന്ററിൽ അഖണ്ഡ ജപമാല ആരംഭത്തിന് തുടക്കം കുറിച്ച് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ തിരിതെളിക്കുന്നു. ഫാ. ജോൺ ഒറവുങ്കര, ഫാ. കുര്യാക്കോസ് മുഖാല, ഫാ. റോണി പോൾ കാവിൽ, ഫാ. ദിപു വള്ളിക്കുന്നേൽ, ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി, ഫാ. ആൽബിൻ വിലങ്ങുപാറ, ഫാ. അജിത്ത് വെളിയത്ത് എന്നിവർ സമീപം**

## ഇടവക വാർത്തകൾ

### കാർഷിക പദ്ധതിക്ക് തുടക്കം

**കാറ്റുള്ളമല** ● പുതിയ തലമുറയിൽ കാർഷിക സംസ്കാരം വളർത്താനും വിവിധ കൃഷിരീതികൾ പ്രായോഗികമായി പഠിപ്പിക്കാനുമായി ഇൻഫാം കുട്ടികൾക്കായി പുതിയ പദ്ധതികൾക്ക് രൂപം നൽകി. ജില്ലാതല ഉദ്ഘാടനം കാറ്റുള്ളമല നിർമ്മല യുപി സ്കൂളിൽ നടന്നു.

'കൃഷിയിലൂടെ ആരോഗ്യം വിദ്യാഭ്യാസത്തിലൂടെ ബൗദ്ധിക വളർച്ച' എന്നതാണ് പദ്ധതിയുടെ ആപ്തവാക്യം. ഇൻഫാം മലബാർ റീജനൽ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ സ്കൂൾ അങ്കണത്തിൽ 'റെഡ് ലേഡി' പപ്പായ തൈ നട്ട് പരിപാടി ഉദ്ഘാടനം ചെയ്തു. പദ്ധതിക്കായി തിരഞ്ഞെടുത്ത നാൽപതോളം കുട്ടികൾക്ക് പപ്പായത്തൈകൾ വിതരണം ചെയ്തു.

### സ്നേഹസമ്മാനമായി സൈക്കിൾ

**മരിയാപുരം** ● ഒരുവർഷം മുഴുവൻ മുടങ്ങാതെ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത മരിയാപുരം ഇടവകയിലെ 14 കുട്ടികൾക്ക് വികാരി ഫാ. ജോർജ് കളപ്പുരക്കൽ സൈക്കിളുകൾ സമ്മാനിച്ചു.

ജോസഫ് ചെരുപറമ്പിൽ, ആൽബിന ചെരുപറമ്പിൽ, ആൻ മരിയറ്റ് ചെരുപറമ്പിൽ, സാൻജോ പുത്തൻപുരയ്ക്കൽ, സാവിയോ പുത്തൻപുരയ്ക്കൽ, റെയ്നൽ മുണ്ടുചിറയിൽ, ഐനൽ മുണ്ടുചിറയിൽ, ഷഹൻ ഷാജു കുന്നത്തുമറ്റത്തിൽ, മെവിൻ തകിടിയേൽ, എയ്ബൽ കവലക്കൽ, അന്ന കവലക്കൽ, സാവിയോ വട്ടക്കുടിയിൽ, ആൻ മരിയ ചെറുകടവിൽ, ബ്ലെസി ഇയ്യാലിൽ എന്നിവരാണ് സമ്മാനങ്ങൾ ഏറ്റുവാങ്ങിയത്.

### വയോജനദിനം ആഘോഷിച്ചു

**കുണ്ടായിത്തോട്** ● സെന്റ് ആന്റണീസ് ദേവാലയത്തിൽ വയോജന ദിനം ആഘോഷിച്ചു. വികാരി ഫാ. ജോൺസൺ അറശ്ശേരി പരിപാടി ഉദ്ഘാടനം ചെയ്തു. ഫാ. അജു ആൻഡ്രൂസ് ചിറയത്ത് അധ്യക്ഷത വഹിച്ചു. എകെസിസിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സ്നേഹസംഗമത്തിന് കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് പ്രസിഡന്റ് സജി ചെന്നാട്ട്, സെക്രട്ടറി സ്മിജു ഇടവഴിക്കൽ, യൂത്ത് പ്രസിഡന്റ് ജോഫിൻ പൊട്ടോളിൽ, ജോയിന്റ് സെക്രട്ടറി ആശ ജോഷി, വൈസ് പ്രസിഡന്റുമാരായ ജിജു മുട്ടുമണ്ണിൽ, ഷീല ടീച്ചർ ഒയാസിസ്, ട്രഷറർ സജി പുളിമൂട്ടിൽ എന്നിവർ നേതൃത്വം നൽകി.

**കാറ്റുള്ളമല** ● ഇടവകയിൽ ഗ്രാൻഡ് വയോജന ദിനം ആഘോഷിച്ചു. വികാരി ഫാ. ജോസ് പെണ്ണാപറമ്പിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. സിസ്റ്റർ ആൻസിലിൻ എസ് എച്ച്. ബാബു എടാട്ട്, റോയി മറ്റത്തിൽ, വിൽസൺ കളപ്പുര, ഷാജു കൊച്ചുവീട്ടിൽ, സുബിൻ കാച്ചപ്പള്ളി, അലൻ കൊച്ചുവീട്ടിൽ, ആകാശ് പൊട്ടൻപ്ലാക്കൽ, ഡെൽവിൽ കൊച്ചു വീട്ടിൽ എന്നിവർ നേതൃത്വം നൽകി.



**ഭക്തിസാന്ദ്രം: ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിലിന്റെ ആത്മീയ നേതൃത്വത്തിൽ ജൂലൈ 21–ന് നടത്തിയ ഭരണങ്ങാനം തീർത്ഥാടനം. രൂപതയിലെ 40 വൈദികരും 100 സിസ്റ്റർമാരും ആയിരത്തോളം അൽമായരും തീർത്ഥാടനത്തിൽ പങ്കുചേർന്നു.**

### ഇഗ്നൈറ്റ് 2026 സംഘടിപ്പിച്ചു

**തിരുവമ്പാടി** ● അൽഫോൻസ കോളജിൽ നാലുവർഷ ബിരുദ പഠനത്തിന്റെ പ്രാരംഭമായി 'ഇഗ്നൈറ്റ് 2026' സംഘടിപ്പിച്ചു. രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമായി സംഘടിപ്പിച്ച പരിപാടി താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. അബ്രാഹം വയലിൽ ഉദ്ഘാടനം ചെയ്തു. അധ്യാപകനും ഇൻഫ്ളുവൻസറുമായ അബിൻ മൈക്കിൾ സന്ദേശം പങ്കുവച്ചു. കോളജ് ഡയറക്ടർ ഫാ. ജോസഫ് പാലക്കാട്ട് അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അംബിക മംഗലത്ത്, കോളജ് മാനേജർ ഫാ. ആന്റണി കാരിക്കുന്നേൽ, പ്രിൻസിപ്പാൾ ഡോ ഷൈജു ഏലിയാസ്, എം. സി. സെബാസ്റ്റ്യൻ, എബിൻ സണ്ണി, മിൻഹ മുജീബ് എന്നിവർ സംസാരിച്ചു.

### വായനാമുറ്റം ഒരുക്കി അൽഫോൻസ കോളജ്

**തിരുവമ്പാടി** ● അൽഫോൻസാ കോളജ് ലിറ്ററി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വായനാവാരാചരണത്തിന്റെ ഭാഗമായി ചവലപ്പാറ അങ്കണവാടിയിൽ 'ചിത്രാക്ഷരം, ചിത്രച്ചിറകിൽ വായനയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കായി വായനാമുറ്റം ഒരുക്കി.

അൽഫോൻസ കോളജ് പ്രിൻസിപ്പൽ ഷൈജു എലിയാസ് കുഞ്ഞുങ്ങൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്ത് ഉദ്ഘാടനം നിർവഹിച്ചു.

ലിറ്ററി ക്ലബ് കോ-ഓർഡിനേറ്റർ അലീന മാത്യുവിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളായ എബിൻ സണ്ണി, സൂരജ്, അമൻ, പ്രാർത്ഥന, അനശ്വര, ജിഷ്ണു, സിനാൻ, റിഷാന, മാർട്ടീന എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## വാർത്താ ജാലകം

### 'സ്റ്റാർട്ട് ടീൻ കണക്ട്' പദ്ധതിക്ക് തുടക്കം

**കോഴിക്കോട്** ● സെന്റ് തോമസ് അക്കാദമി ഫോർ റിസർച്ച് ആൻഡ് ട്രെയിനിങ്ങിന്റെ (സ്റ്റാർട്ട്) 2026–27 അധ്യയനവർഷത്തിന്റെ ഉദ്ഘാടനം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു.

സ്റ്റാർട്ട് ഡയറക്ടർ ഡോ. സുബിൻ കിഴക്കേവീട്ടിൽ സ്വാഗതം ആശംസിച്ചു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും വ്യക്തിത്വ രൂപീകരണവും സാമൂഹിക പ്രതിബദ്ധതയും യുവതലമുറയുടെ വളർച്ചയിൽ അനിവാര്യമാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ബിഷപ് മാർ റെമിജിയോസ് ഓർമിപ്പിച്ചു.

ഫൊറോന വികാരി ഫാ. സൈമൺ കിഴക്കേക്കുന്നേൽ, കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർ വിനീത സജീവ് എന്നിവർ ആശംസകൾ നേർന്നു. ചടങ്ങിൽ സ്റ്റാർട്ടിന്റെ ചരിത്രനേട്ടങ്ങൾ അനുസ്മരിച്ചു. ആദ്യ പ്ലസ്ടു ബാച്ചിന്റെ 100 ശതമാനം വിജയത്തെ അനുമോദിക്കുകയും വിജയികളെയും, മികച്ച ഫുട്ബോൾ താരങ്ങളെയും ബിഷപ് ആദരിക്കുകയും ചെയ്തു.

സ്കൂൾ, കോളജ് വിദ്യാർഥികൾക്കും മാതാപിതാക്കൾക്കുമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന 'സ്റ്റാർട്ട് ടീൻ കണക്ട്' പദ്ധതിക്കും ചടങ്ങിൽ തുടക്കമായി. സ്റ്റാർട്ട് സെക്രട്ടറി ഫാ. ജ്യോതിസ് ചെറുശ്ശേരിൽ പദ്ധതി പ്രഖ്യാപിച്ചു.


മലബാറിലെ ആദ്യ ബസലിക്കയും ദക്ഷിണ ഭാരതത്തിലെ പ്രഥമവും ചരിത്ര
പ്രസിദ്ധവുമായ മാഹി സെന്റ് തെരേസ ബസിലിക്ക തീർത്ഥാടന കേന്ദ്രത്തിൽ
അത്ഭുതപ്രവർത്തകയായ
ആവിലായിലെ
വിശുദ്ധ അമ്മത്രേസ്യായുടെ
തിരുനാൾ
മഹോത്സവം
2026 ഒക്ടോബർ 5 മുതൽ 22 വരെ
പ്രധാന ദിനങ്ങൾ ഒക്ടോബർ 14 & 15
തിരുനാൾ ദിനത്തിലെ പ്രമുഖ സാന്നിധ്യങ്ങൾ
മോസ്റ്റ്. റവ. ഡോ. വർഗീസ് ചക്കാലക്കൽ (കോഴിക്കോട് അതിരൂപതാ മെത്രാപ്പോലിത്ത)
മാർ ജോസഫ് പാംപ്ലാനി (ആർച്ച് ബിഷപ്പ് തലശ്ശേരി അതിരൂപത)
മോസ്റ്റ്. റവ. ഡോ. അലക്സ് വടക്കുംതല (കണ്ണൂർ രൂപതാ മെത്രാൻ)
മോസ്റ്റ്. റവ. ഡോ. ഡെന്നീസ് കുറുപ്പശ്ശേരി (കണ്ണൂർ രൂപതാ സഹായ മെത്രാൻ)
മോസ്റ്റ്. റവ. ഡോ. ജസ്റ്റിൻ മഠത്തിപറമ്പിൽ (വിജയപുരം രൂപതാ സഹായ മെത്രാൻ)
മാർ അലക്സ് താരാമംഗലം (മാനന്തവാടി രൂപതാ സഹായ മെത്രാൻ)
കൂടുതൽ വിവരങ്ങൾക്ക്-
8547306332,
0490 2332332,
mahebasilica@gmail.com


'മലബാറിന്റെ രണ്ടാം ആവില'
എന്നറിയപ്പെടുന്ന
പശുക്കടവ് ഇടവകയിൽ
വി. അമ്മത്രേസ്യായോടുള്ള
നവനാൾ വണക്കവും
തിരുനാൾ മഹോത്സവവും.
ഒക്ടോബർ
8 മുതൽ 18 വരെ.
പ്രധാന തിരുനാൾ ദിവസങ്ങൾ -
ഒക്ടോബർ 17 & 18
സെന്റ് തെരേസ ചർച്ച്
പശുക്കടവ്
ഏവർക്കും ഹൃദയംഗമമായ സ്വാഗതം


St. Alphonsa Institute For International Studies
Diploma In
Hotel Management
AIMA
Certification
നിങ്ങളുടെ വിദേശ
സ്വപ്നങ്ങൾക്ക് ചിറകു
നൽകാൻ ഒരു ഡിപ്ലോമ
കോഴ്സ്.
100% Placement Assistance
Part-time job
Apply Now
+91 9400696969
www.alphonsacollege.com
Kozhikode

TAFCOS
FARMERS' FINANCIAL PARTNER FOR LIFE

താമരശ്ശേരി അഗ്രികൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫയർ കോ – ഓപ്പറേറ്റീവ് സൊസൈറ്റി (TAFCOS)
ക്ലിപ്തം നമ്പർ ഡി. 3378, കോരങ്ങാട്,താമരശ്ശേരി പി.ഒ, പിൻ: 673573
Web: www.tafcos.com, Email.tafcos@hotmail.com, Ph: 6282914112



സ്വർണ്ണ പണയ വായ്പ


ഓരോ മാസവും ആരംഭിക്കുന്ന ചിട്ടിക്ക് സമാനമായ പ്രതിമാസ സമ്പാദ്യ പദ്ധതി (MSS)

| മാസ അടവ് | തവണ | സല |
|---|---|---|
| 5000 | 20 മാസം | 1,00,000 |
| 5000 | 40 മാസം | 2,00,000 |
| 10000 | 20 മാസം | 2,00,000 |

ലളിത വ്യവസ്ഥയിൽ
ഗോൾഡ് ലോൺ വിവിധ കാലയളവിൽ കുറഞ്ഞ പലിശക്ക് പരമാവധി തുക വായ്പ നൽകുന്നു.
മാർക്കറ്റ് വിലയുടെ 80% വരെ വായ്പ

NB : 1) പ്രോക്സി വാട്സാപ്പ് വഴിയും നേരിട്ടും അറിയിക്കുന്നതാണ്
2) വിളി ഉറപ്പിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ തുക നൽകുന്നതാണ്

ഡെപ്പോസിറ്റ് ലോക്കർ സൗകര്യം | MOBILE BANKING, RTGS, NEFT, IMPS സേവനങ്ങൾ



വിശുദ്ധനാട് തീർത്ഥയാത്ര
യേശു ജനിച്ച് ജീവിച്ച നാടുകളിലൂടെ ഒരു പുണ്യ യാത്ര
നവംബർ 4 ന് പുറപ്പെടുന്നു
ജോർദ്ദാൻ, ഇസ്രായേൽ, പാലസ്തീൻ, ഈജിപ്ത്



ഗോവ തീർത്ഥയാത്ര
വി. ഫ്രാൻസിസ് സേവ്യറിന്റെ അഴുകാത്ത തിരുശരീരം ദർശിക്കുവാനുള്ള സുവർണ്ണ അവസരം
വിവിധ ബീച്ചുകളിൽ സന്ദർശനം, കോഴിക്കോട് നിന്ന് ഗോവയിലേക്കും ട്രെയിൻ യാത്ര
ഈ യാത്രയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പേര്, വീട്ടുപേര്, സ്ഥലം, വാട്സ്ആപ്പ് നമ്പർ എന്നിവ താഴെ കാണുന്ന വാട്സ്ആപ്പ് നമ്പറിൽ അയച്ചുതരുക.
സെന്റ് അൽഫോൻസാ ടൂർസ് & പിൽഗ്രിമേജസ്, താമരശ്ശേരി
ഡയറക്ടർ : ഫാ. ബെന്നി മുണ്ടനാട്ട് 9447 008 376 (Office)

Stitching Quality, Designing Confidence
SAFE GARMENTS
& TAILORING UNIT
· WHERE QUALITY MEETS PERFECTION ·
SAFE GARMENTS & TAILORING UNIT THAMARASSERY
PREMIUM QUALITY FABRICS | EXPERT TAILORING | PERFECT FIT GUARANTEED | ON TIME DELIVERY
OUR TAILORING COLLECTION




CUSTOM STITCHING MADE TO MEASURE
9446 955 922
9400 750 618
WE STITCH YOUR NEEDS WITH CARE
QUALITY ASSURED | PERFECT STITCHING | CUSTOMER SATISFACTION | ON TIME DELIVERY

Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Rashtra Deepika Ltd, Kottayam and published at PMOC, Marikkunnu, Calicut-12. Editor: Fr. Roy Thekkumkattil